# സീതാലക്ഷ്മി



# സീതാലക്ഷ്മി.

"മാൎത്താണ്ഡവൎമ്മ"യിലെ കഥയുടെ അനുബന്ധവും
എട്ടുവീട്ടിൽപ്പിള്ളമാരുടെ വംശതേജസ്സ്
പ്രതിഫലിപ്പിക്കുന്നതുമായ
ഒരു നാടകം.

ഈ. വീ. കൃഷ്ണപിള്ള.

പ്രകാശകൻ,
കെ. ജി. പരമേശ്വരൻപിള്ള.

"ശ്രീരാമവിലാസം" പ്രസ്സ്,
കൊല്ലം.

മൂന്നാംപതിപ്പ് കോപ്പി—1000.

[വില ഒരു രൂപാ എട്ടണ.

1122.

NATIONAL BOOK STALL
KOTTAYAM
KALARIKKAL BAZAAR

UNIVERSITY LIBRARY
20 SEP 1950

[illegible] S. K
Nair

[illegible]

Librarian
MS

61927
032:2N02:26
G70

UNIVERSITY LIBRARY
20 SEP 1950
MADRAS

# മുഖവുര.

൧൧൧൮-ൽ തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ വായനശാലാംഗങ്ങൾക്ക് തിരുനാൾ സംബന്ധിച്ച് ജൂബിലിടൌൺഹാളിൽ അഭിനയിക്കുന്നതിനായി എഴുതിക്കൊടുത്ത ഈ ചരിത്രനാടകം അസാമാന്യമായ ഉത്സാഹഭരത്തോടുകൂടി ബഹുജനങ്ങൾ സ്വീകരിക്കുകയും, ആ വർഷത്തിലും അതിനുശേഷവും ഇതു് അഭിനയിച്ചതായ തിരുവിതാംകൂറിലെ പലസ്ഥലങ്ങളിലും തുല്യമായ അഭിനന്ദനം ഉണ്ടാവുകയും ചെയ്തപ്പോൾ ആണ് നമ്മുടെ സംസ്ഥാനത്തിന്റെ പൂർവ്വചരിത്രത്തെ നവമായ ഒരു ദർശനകോണത്തിൽക്കൂടെ പ്രകാശിപ്പിക്കണമെന്നു് എനിക്കു തോന്നിയ ആഗ്രഹം അസ്ഥാനത്തിലല്ലെന്നു മനസ്സിലായതു്. അക്കാലംമുതൽ ഇതുവരെ ഈ കൃതി അച്ചിടാത്തതിനെക്കുറിച്ചു് പരിഭവിച്ചു പല സ്നേഹിതന്മാരും തുടരെത്തുടരെ എനിക്കെഴുതി അയയ്ക്കുകയും കയ്യെഴുത്തുപ്രതികൾ വേണമെന്നു പലരും ആവശ്യപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ ഇതു് ആദ്യം അഭിനയിച്ചു കണ്ടപ്പോൾതന്നെ വരുത്തണമെന്നു തോന്നിയ ചില ഭേദഗതികൾ ചേർക്കുന്നതിനു ബഹുകാര്യപാരതന്ത്ര്യം അനുവദിക്കാതിരുന്നതുനിമിത്തം ഇതിന്റെ മുദ്രണത്തിനു് ഇത്രയും കാലതാമസം നേരിടുവാനിടയായി.

പലവിധത്തിലും നശിപ്പിക്കപ്പെട്ട എട്ടുവീടരുടെ ശക്തി തിരോധാനംചെയ്തുകഴിഞ്ഞതിൻശേഷം, ആ സംഭവങ്ങളുടെ രൂക്ഷത ഓർത്തു്, ആ മഹനീയ വംശാവലിയിൽ ഏകയായി ശേഷിക്കുന്ന കുടമൺ കുടുംബാംഗം സീതാലക്ഷ്മിക്കുഞ്ഞമ്മയുടേയും തമ്പിമാരുടെ അമ്മാവൻ

കൃഷ്ണൻതമ്പിയുടെ പുത്രൻ അനന്തകൃഷ്ണൻതമ്പിയുടേയും ചരിത്രങ്ങളാണു് ഇതിൽ വിവരിച്ചിരിക്കുന്നതു്. അക്കാലത്തു തിരുവിതാംകൂറിന്നധീനമായിരുന്ന വള്ളിയൂർ എന്ന സ്ഥലത്തേക്കു് താമസം മാററിയ കുടമൺപിള്ളയുടെ അനന്തരവൾ ഉമയമ്മപ്പിള്ളയുടെ പുത്രിയായ സീതാലക്ഷ്മി ശൈശവംമുതൽതന്നെ, അനന്തപത്മനാഭൻപടത്തലവൻ രാജകക്ഷിയുടെ തലവനായി നിന്നുകൊണ്ടു് സ്വപൂർവ്വികന്മാരോടു കാണിച്ച രാക്ഷസത്വത്തേപ്പററിയുള്ള കഥകൾകേട്ടു് മനസ്സിളകി, ഏതുവിധത്തിൽ എങ്കിലും ആ കുലദ്രോഹിയെ വധിക്കണമെന്നു കരുതുന്നു. അനന്തകൃഷ്ണൻതമ്പി ബന്ധുക്കളുടെ മരണത്തിനുശേഷം ആർക്കാട്ടേക്കു കടന്നു് നവാബിൻെറ സേനയിൽ ഒരു ഉയന്ന സ്ഥാനത്തിൽ പ്രവേശിക്കുന്നു. ഈ യുവാവും സീതാലക്ഷ്മിയുടെ പ്രതികാരബുദ്ധിക്കു വശംവദനാകുകയും അവർ തമ്മിൽ ദൃഢമായ പ്രണയം ഉറയ്ക്കുകയും ചെയ്യുന്നു.

തമ്പിയുടെ അമ്മാവനായ ചെംകോടി മാത്തുക്കുറുപ്പു് സ്വപുത്രി കല്യാണിക്കുട്ടിയെ വിവാഹം കഴിപ്പിക്കുന്നതിനുവേണ്ടി ഭാഗിനേയനെ തേടി വിദേശത്തിലേക്കു വന്നപ്പോൾ ഈ ബന്ധത്തെപ്പററി അറിയുകയും, അതിനു വിഘാതംവരുത്തി തൻെറ അഭിലാഷം സാധിക്കുന്നതിനായി സന്യാസിവേഷത്തിൽ സീതാലക്ഷ്മിയുടെ ആചാര്യസ്ഥാനം അംഗീകരിച്ചു് ആ യുവതിയെ ഘോരമായ പ്രതികാരത്തിനു പ്രേരിപ്പിക്കുകയും, ഗിരിതടങ്ങളിലെ സന്യാസിഗുഹകളിൽ പ്രവേശിപ്പിച്ചു് ചില അത്ഭുതങ്ങൾ കാണിക്കുകയും ചെയ്യുന്നു. ഇതിനും പുറമേ ചില വ്യാജലേഖനങ്ങൾ അവൾക്കയച്ചു് അനന്തകൃഷ്ണൻതമ്പി വേറൊരു സ്ത്രീയോടു പ്രണയവാനായിരുന്നു എന്നും മററും തെററിദ്ധരിപ്പിക്കുന്നു.

അങ്ങിനെയിരിക്കെ വള്ളിയൂർനാടു തൻെറ രാജ്യങ്ങളോടു ചേർക്കണമെന്നു മോഹിച്ചു് നവാബു് മുസഫ്ഖാനേ

അങ്ങോട്ടയയ്ക്കുന്നു. "മാത്താണ്ഡവമ്മ" എന്ന ആഖ്യായികയിലെ സുലേഖ സംബന്ധുവായ മുസഫ്ഖാൻെറ കൂടെ വള്ളിയൂരിലേക്കു വരുന്നു. ഇത്രയുമാണു് അടിസ്ഥാനം. ഇതിൽ ഷംസുദ്ധീ (അനന്തപത്മനാഭ)നും സുലേഖയുമായുള്ള സമാഗമം, യുദ്ധം, മാതുക്കുട്ടപ്പിൻെറമകൾ കല്യാണിക്കുട്ടിയുടെ അനുരാഗപാരവശ്യം, അനന്തപത്മനാഭനിഗ്രഹത്തിനുള്ള ശ്രമങ്ങൾ എന്നിങ്ങനെ പല സംഭവങ്ങളും ചേർത്തിട്ടുണ്ടു്. ആശിക്കാവുന്ന വിധത്തിൽ, ശോകരസത്തിൽ കഥ അവസാനിക്കുകയും ചെയ്യുന്നു.

ഈ സംഭവങ്ങൾ പുരസ്കരിച്ചു് ഒരു ആഖ്യായികയാണു ചമയ്ക്കേണ്ടതെന്നു് ഇപ്പോഴും പല സാഹിത്യകേസരികളും എന്നെ നിർബ്ബന്ധിക്കുന്നുണ്ടു്. "മാത്താണ്ഡവമ്മ" മുതലായ മഹാകാവ്യങ്ങൾ വായിച്ചു രസം അനുഭവിച്ചിട്ടുള്ളവൎക്കു മുഷിവു തോന്നാതെ വായിക്കുവാൻ തക്ക ഒരു ചരിത്രകാവ്യം എഴുതുന്നതിനു് എനിക്കുള്ള ശേഷിക്കുറവും, ഏതദ്വിധത്തിലുള്ള നാടകങ്ങൾ ഭാഷയിൽ ഉണ്ടാകേണ്ടതാണെന്നുള്ള വിശ്വാസവുംകൊണ്ടു് ആ നിർദ്ദേശം അംഗീകരിക്കുന്നില്ലെന്നേയുള്ളു.

ഇതിനെത്തുടൎന്നു് ഞാൻ ഈയിടെ എഴുതിയ "രാജാകേശവദാസൻ", എഴുതുവാൻ ഉദ്ദേശിക്കുന്ന "വേലുത്തമ്പി" എന്ന നാടകങ്ങൾ കൂടി പ്രസിദ്ധപ്പെടുത്തണമെന്നു വിചാരിക്കുന്നു.

സീതാലക്ഷ്മിയുടെ വേഷം അഭിനയിച്ചു് തിരുവനന്തപുരം, കൊല്ലം എന്നീ നഗരവാസികൾക്കു ഗ്രന്ഥകാരൻെറ യഥാൎത്ഥചിന്ത വെളിപ്പെടുത്തിക്കൊടുത്ത വൈദ്യകലാനിധി കാലടി പരമേശ്വരൻപിള്ള അവർകളോടും ഇതിൻെറ മുദ്രണം വൃത്തിയായി നടത്തുന്നതിൽ ശ്രദ്ധിച്ചും

ജീവസ്സുള്ള കാവ്യങ്ങൾ എഴുതുന്നതിൽ പരന്മാരെ പ്രേരിപ്പിച്ചും ഉജ്ജ്വലമായ രാജ്യസേവനം അനുഷ്ഠിക്കുന്ന ശ്രീരാമവിലാസമുദ്രാലയാധികൃതൻ കെ. ജി. ശംകർ അവർകളോടും, ഇതിൻെറ പ്രൂഫ് തിരുത്തിയ "പ്രബോധകൻ" ഉപപത്രാധിപർ ആലുവാ കൊച്ചുകൃഷ്ണപിള്ള അവർകളോടും എനിക്കുള്ള കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ചെറുതെങ്ങിലഴികത്തു്, അടൂർ } ഈ. വീ. കൃഷ്ണപിള്ള

# സമപ്പണം.

എന്റെ അഭിവന്ദ്യശ്വശുരൻ സി. വീ. രാമൻ പിള്ള അവർകളുടെ കാവ്യനിമ്മാണത്തിൽ അദ്ദേഹത്തെ സാരമായി സഹായിച്ചിട്ടുള്ളതു് അദ്ദേഹത്തിന്റെ പ്രിയപത്നിയായിരുന്നു. ആ കാവ്യങ്ങളിൽ ധാരാളമായിക്കാണുന്ന പുരാണകഥാസൂചനകൾ, പദ്യശകലങ്ങൾ, ഉചിതസംഭാഷണപാദങ്ങൾ മുതലായവയിൽ പലതും ആ വിദുഷീരത്നത്തിന്റെ സാഹിത്യപാടവത്തിനു് ഉത്തമലക്ഷ്യങ്ങളാണു്. അദ്ദേഹം മലയാളഭാഷയിൽ എഴുതിയിട്ടുള്ള ഏതു പ്രബന്ധവും ആ മഹതിയുടെ വിമശനത്തിനും അനുമതിക്കും സമപ്പിക്കുക പതിവായിരുന്നു.

ഈ നാടകത്തിൽ സീതാലക്ഷ്മി പ്രദശിപ്പിക്കുന്നതായി ഞാൻ വിചാരിക്കുന്ന ശൌയ്യവും, വീയ്യവും, വംശമാഹാത്മ്യബോധവും, രാജസദ്ധൃതിയും തെളിഞ്ഞു പ്രകാശിക്കുന്ന മനസ്വിനിയും, മറഞ്ഞുപോയ വിഗ്രഹത്തിന്റെ പ്രാതിനിധ്യത്താൽ ഞങ്ങളെ അനുഗ്രഹിക്കുന്ന പുണ്യവതിയും ആയ

ശ്രീമതി

**കാർത്ത്യായനിപ്പിള്ള ജാനകിപ്പിള്ള**

യുടെ വന്ദ്യപാദങ്ങളിൽ ഈ ആണ്ടിൽ കഴിഞ്ഞ അവിട്ടത്തെ ഷഷ്ടിപൂത്തിയുടെ സ്മാരകമായി, ഈ ചെറു ഗ്രന്ഥം ഭക്ത്യാദരപുരസ്സരം സമപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകത്താ.

# സീതാലക്ഷ്മി.

## ഒന്നാം രംഗം.

(വള്ളിയൂർ വനാന്തഭാഗത്തിലുള്ള ഒരു
കാളീക്ഷേത്രത്തിൻ മുൻവശം.

രാത്രി.

ദേവാലയത്തിലേക്കു പോകുന്ന വേഷത്തിൽ
സീതാലക്ഷ്മി പ്രവേശിക്കുന്നു.)

സീതാലക്ഷ്മി:—(മുമ്പോട്ടു നോക്കിയിട്ട്) ഇതു് അതിഭയങ്കരമായ ഒരു വനത്തിൻെറ അവസാനഭാഗമാണെന്നു തോന്നുന്നുവല്ലോ. ഗുരുദേവൻ ഏതുവഴി നടക്കുവാനാണു പറഞ്ഞുതന്നതെന്നു ഞാൻ ഇപ്പോൾ ഓൎമ്മിക്കുന്നുമില്ല. ഇവിടെക്കയറിയപ്പോൾ മുതൽ അമ്മ പറഞ്ഞുതന്നിട്ടുള്ള വേളീമലയുടേയും കള്ളിയംകാടിൻേറയും മററും ഓൎമ്മ എൻെറ ഗ്രഹണശക്തിയെ മറച്ചുകളഞ്ഞു. കള്ളിയംകാടും വേളിമലയും! ഹാ! വേലായുധാ! രാജപ്രഭാവന്മാരായിരുന്ന എൻെറ അമ്മാവന്മാരുടെ പടക്കളങ്ങൾ അവരുടെ വീൎയ്യലക്ഷ്മിയുടെ നടനരംഗങ്ങൾ. അവരുടെ വംശമാഹാ

UNIVERSITY LIBRARY
20 SEP 1950

ത്ത്യത്തിൻെറ ഉജ്ജ്വലക്ഷേത്രങ്ങൾ. അവിടെവച്ചെല്ലാം ഭീരുക്കളായി ഓടിഒളിച്ച ശത്രുക്കൾ ചതിയിലും വഞ്ച നയിലും അവരെ വീഴ്ത്തി. ആ അരങ്ങേററം കാണ്മാൻ ഭാഗ്യദോഷി ഞാൻ ഇതാ ശേഷിക്കുകയും ചെയ്യുന്നു. എന്നാൽ എൻെറ ഗുരുദേവൻെറ അനുഗ്രഹമുള്ളപക്ഷം ഞാൻ അതിനു പ്രതികാരം ചെയ്യും. എൻെറ ആ ജീവിതവ്രതത്തേക്കുറിച്ച് അവിടുത്തെ ഭക്തിപുരസ്സരം അറിയിച്ചതിൽ അവിടുന്നു സാഫല്യം ദീർഘദർശനം ചെയ്തിട്ടുണ്ട്. അറുമുഖാ! മഹാകാളി! ആ അഭീഷ്ടസിദ്ധിക്കു് അടിയനെ അനുഗ്രഹിക്കേണമേ!

(യോഗാസനസ്ഥനായ യോഗീശ്വരനെ കാണുന്നു)

ഇതാ, സകലാഭീഷ്ടങ്ങളും നൽകി അനുഗ്രഹിക്കുമെന്നു ഗുരുദേവൻ അരുളിയിട്ടുള്ളതായ യോഗീശ്വരൻ ഇരിക്കുന്നു. പരേംഗിതജ്ഞാനിയും ദീർഘദർശിയുമായ അവിടുത്തേ കാരുണ്യം എൻെറ ആഗ്രഹപൂർത്തിക്കു വേണ്ടി പ്രാർത്ഥിക്കാം. (താണുതൊഴുന്നു). ഭഗവൻ! അവിടുത്തേ വിനീതദാസിയെ അനുഗ്രഹിക്കേണമേ.

യോഗീശ്വരൻ:—(കണ്ണുതുറന്നു മുമ്പോട്ടു നോക്കിയിട്ടു്)

ചാമുണ്ഡേജ്ജ്വലമാനാസ്യേ!
തീക്ഷ്ണദംഷ്ട്രേ!മഹാബലേ!
സർവ്വമാനസ്ഥിതേ! ദേവി!
പ്രേതാസനഗതേ! ശിവേ!
ഭീമാക്ഷി! ഭീഷണേ! ദേവി!
സർവ്വഭൂതഭയംകരി!
കരാളീ! വികരാളേ ച
മഹാകാളീ! കരാളിനീ!
കാളീ! കരാളവക്ത്രാന്തേ!
കാളരാത്രി! നമോസ്തുതേ

സർവ്വശാസ്ത്രഭൃതേ! ദേവി!
സർവ്വദേവ നമോസ്തുതേ!

രാജരാജേശ്വരി! മഹാമായേ! മഹിഷാസുരമർദ്ദിനി! പ്രസീദ, പ്രസീദ. വത്സേ! അഖിലശക്തിയുക്തനായ മധുസൂദനനേപ്പോലും പലായനംചെയ്യിച്ച ജരാസന്ധ ഭ്രഷ്ടൻ ഹതനാകേണ്ട ശുഭമുഹൂർത്തം ആസന്നമായിരിക്കുന്നു. ആശ്വസിക്കുക.

സീതാലക്ഷ്മി:—ഭഗവൻ! തിരുമനസ്സിലെ അരുളപ്പാട് അജ്ഞയായ അടിയനു മനസ്സിലാകുന്നില്ല.

യോഗീശ്വരൻ:—ദുരഹംകാരിയായ ശിശുപാലൻ നെടുനാടും വെൺകൊററക്കുട പൊന്തിച്ചിരുന്നുവോ?

സീതാലക്ഷ്മി:—ഇല്ലാ. അടിയൻ ഭഗവത്സന്നിധിയിൽ വിടകൊണ്ടതു് —

യോഗീശ്വരൻ:—വീരോചിതമായ പ്രതികാരാർത്ഥം നീ ക്ഷത്രിയകന്യകയാണു്.

സീതാലക്ഷ്മി:—ഭഗവൻ! അടിയന്റെ പൂർവ്വികന്മാർ വേണാട്ടിന്റെ രാജാക്കന്മാരായിരുന്നു. ലോകത്തിന്റെ മണിസ്തംഭങ്ങളായിരുന്നു. എട്ടുവീടർ എന്നുള്ളപേർ അഷ്ടദിക്പാലകന്മാരുടെ നാമധേയങ്ങളേക്കാൾ ഉച്ചത്തിൽ കേട്ടിരുന്നു. അവരുടെ ഹിതം രാജ്യത്തിന്റെ ജാതകം ആയിരുന്നു. അവരെ അനുസരിക്കാത്തവർ ഭ്രാന്തന്മാരാണെന്നു ലോകം എണ്ണിയിരുന്നു. അവരുടെ വിധികൾ സിംഹാസനങ്ങൾക്കു സ്ഥാനഭ്രംശം വരുത്തിയിരുന്നു. അവരുടെ കുലചക്രവർത്തിയായിരുന്നു അടിയന്റെ വംശഭാസ്കരൻ ലോകോത്തരഗംഭീരൻ കുടമൺപിള്ള.

യോഗീശ്വരൻ:—വത്സേ! നാം കഥകൾ അറിയുന്നു. ലക്ഷ്യചിത്തയായി വീരചരിതം തുടർന്നുകൊള്ളു.

സീതാലക്ഷ്മി:—ആ കൊലകൊമ്പന്മാരെ ചതി, വഞ്ചന, കാപട്യം, ഭീരുത്വം എന്നിവയാൽ പരലോകം പ്രാപിപ്പിച്ച ഒരു മഹാപാപി, രാക്ഷസൻ, ബുദ്ധിശൂന്യൻ, കുലദ്രോഹി, കൊടുംദുഷ്ടൻ—

യോഗീശ്വരൻ:—അനന്തപത്മനാഭനാമാ,

സീതാലക്ഷ്മി:—ഭഗവൻ! ദിവ്യശക്തിയുള്ള അവിട്ടന്നു സകലത്തും അറിയുന്നു. അവിട്ടത്തേ വിനീതഭക്തയുടെ ജന്മസാഫല്യം വരുത്തിത്തരുവാറാകണം. (കൈകൂപ്പുന്നു)

യോഗീശ്വരൻ:—കഥനിവൃത്തണ്ടാ. രാവണവിജയം മുഴുവൻ കേൾക്കട്ടെ.

സീതാലക്ഷ്മി:—ആ മഹാദുഷ്ടനോടു പകരം ചോദിക്കണമെന്നു മാത്രമാണു് അവിട്ടത്തേ വിനീതദാസിയുടെ പരമമായ ആഗ്രഹം. ആ ഒരു സൽക്കർമ്മം അനുഷ്ഠിക്കുന്നതിനുവേണ്ടിയാണു് ഈ നിസ്സാരജീവൻ ദേഹിക്കുഴയുന്നതും. ഭഗവൻ! അതിനു് അടിയനെ അനുഗ്രഹിക്കേണമേ.

യോഗീശ്വരൻ:—വത്സേ! നീ കേവലം ഒരു ശിശുവല്ലേ? ഒരു അബലയല്ലേ? മൃദുലപല്ലവംപോലെ ലോലമോഹനമായ ഈ ഹൃദയത്തിൽ ഈ അതിതീവ്രമായ അഗ്നിഗോളം എങ്ങിനെ നിവസിക്കുന്നു!

സീതാലക്ഷ്മി:—അടിയൻെറ ജനനവും വളർച്ചയും ഈ അത്യാഗ്രഹത്തിലാണു്. അടിയൻെറ ഊണും ഉറക്കവും ഈ വ്രതാനുഷ്ഠാനത്തിലാണു്. അടിയൻെറ ഓരോ ശ്വാസവും ഇതിനാൽ തപ്തമാണു്. അടിയൻെറ ജന്മദാതാക്കൾ കണ്ണുങ്ങളിൽ ഓതിത്തന്ന മന്ത്രവും മറെറാന്നുമല്ല. നിത്യനാമജപവും ഇതു തന്നേയാണു്. അബലയായ അമ്മയ്ക്കു് ഒരു തീരാപ്പാപമായാണു് അടിയൻ പിറന്നിട്ടുള്ളതു്. ഹാ!

കഷ്ടം! ഒരു പുരുഷനേയാണു് അമ്മ പ്രസവിച്ചിരുന്നതെങ്കിൽ ആ കുലീനയുടെ ജന്മസാഫല്യം ഇതിനു മുമ്പു് ആ പുത്രൻ നിവൎത്തിക്കുമായിരുന്നു. എന്നാൽ ഭഗവാനേ! ജന്മനാ ശാപഗ്രസ്തയായ ഒരു സ്ത്രീ വിചാരിച്ചാൽ എന്താണു സാധിക്കാവുന്നതു്!

യോഗീശ്വരൻ:—ദാരുകന്റെ കണ്ഠരക്തംകൊണ്ടു യഥേഷ്ടം ദാഹശാന്തിവരുത്തിയ ആ സൎവ്വേശ്വരിയുടെ അപദാനങ്ങൾ നിന്റെ കൎണ്ണങ്ങൾക്കു വിഷയമായിട്ടില്ലേ?

സീതാലക്ഷ്മി:—സൽഗുരോ! മഹാത്മൻ! അതുകൊണ്ടു തന്നെയാണു് ഈ ഭക്ത, ഭഗവത്സന്നിധിയിൽ എത്തിയിരിക്കുന്നതും.

യോഗീശ്വരൻ:—(സീതാലക്ഷ്മിയുടെ തലയിൽ കൈവച്ചു് അനുഗ്രഹിക്കുന്നു. രക്തചന്ദനപ്രസാദം കൊടുക്കുന്നു. കുങ്കുമപ്പൊടി വിതറുന്നു. പുറകിൽ കൈനീട്ടി ഒരു പന്തം വാങ്ങി അവൾക്കു കൊടുക്കുന്നു. ക്ഷേത്രത്തിനകത്തു വാദ്യധ്വനി മുഴങ്ങുന്നു.) വത്സേ! രക്തകാളി സൎവ്വാഭീഷ്ടപ്രദായിനിയെ ധ്യാനിച്ചുകൊള്ളുക.

സീതാലക്ഷ്മി:-(പന്തം രണ്ടുകൈകൊണ്ടും പിടിച്ചു തൊഴുന്നു) (വെടി. പുറകുവശത്തു കാളീക്ഷേത്രം കാണപ്പെടുന്നു. വാദ്യഘോഷം, ശംഖനാദം, ദീപാവലി. കാളിയുടെ ഭീഷണപ്രതിഷ്ഠ ദൃശ്യമാകുന്നു.)

ലോകാംബികേ! അഖിലാണ്ഡകോടി പരബ്രഹ്മസ്വരൂപിണി! അടിയന്റെ അഭീഷ്ടസിദ്ധിക്കു് അനുഗ്രഹിക്കേണമേ. ദ്വിസപ്തകോടിഭുജേ! വിമതസംഹാരിണി! അടിയന്റെ പൂൎവ്വികന്മാരേ നിരങ്കുശം കൊലചെയ്ത ആ മഹാഘാതകന്റെ ദാരുണമായ അവസാനം കണിച്ചു തരേണമേ. രക്തേശ്വരി! അവന്റെ

രക്തംകൊണ്ടു ദാഹശാന്തിലഭിക്കുവാൻ ഉഴലുന്ന പിതൃക്കളെ തൃപ്തിപ്പെടുത്തുന്നതിനു കരുണയുണ്ടാകണമേ. വേണാടിന്റെ പൌരുഷത്തോടുചെയ്ത ഈ മഹാപരാധത്തിനു പ്രതിക്രിയയ്ക്കായി അടിയന്റെ ജീവൻ ഇതാ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു. മഹാമായേ! ജഗദംബികേ! (സാഷ്ടാംഗം നമസ്കരിക്കുന്നു.)

(അകത്തുനിന്നു ശബ്ദം)

വത്സേ! വീരവംശജേ! ഈ അഗ്നി ആ കുലദ്രോഹിയുടെ നരകമഹാജ്വാലയായിത്തീരുമാറാകട്ടെ! നീ അണിഞ്ഞിരിക്കുന്ന രക്തപ്രസാദം ആ വംശാന്തകന്റെ കുടൽമാലയിൽനിന്നു പ്രവഹിക്കുന്ന കട്ടിച്ചോരയായി നിന്നെ സന്തോഷിപ്പിക്കട്ടെ! സർവ്വാഭീഷ്ടം സാദ്ധ്യം. ശുഭം.

## രണ്ടാംരംഗം.

(വള്ളിയൂർ അനന്തകൃഷ്ണൻതമ്പിയുടെ വസതി. മാതുക്കുറുപ്പ് ഇരിക്കുന്നു. തമ്പി നിൽക്കുന്നു.)

അനന്തകൃഷ്ണൻതമ്പി:—അമ്മാവാ! ഈ കൌശലങ്ങൾ ഒന്നും എന്നോടു ഫലിക്കയില്ല. ഞാൻ ഏകനാണു്. എനിക്കു വരേണ്ടതായ സമ്പാദ്യമാണതു്. അച്ഛൻ മരണസമയത്തു് എന്നേയും അമ്മയേയും സാക്ഷികളാക്കി അമ്മാവൻെറ കയ്യിൽ എനിക്കുവേണ്ടി സൂക്ഷിക്കുവാൻ തന്നതായ ധനമാണതു്.

മാതുക്കുറുപ്പ്:—അന്നു കാക്കയും കരിഞ്ഞൊട്ടയും തിരിച്ചറിയുവാൻ വഹിയാതിരുന്ന നിനക്കാണു് എന്നേക്കാൾ ബോധം! നിൻെറ തന്തിയാൻ വന്നുകയറി ചെങ്കോടിക്കുറുപ്പ് ചിരട്ട എടുത്തു. വല്ലടത്തും കിടന്നവനേ അന്നത്തേ മേന്മകണ്ടു വീട്ടിൽക്കയററിയതിനു ചെങ്കോടിക്കുറുപ്പിൻെറ ഇരട്ടത്തിരുമുഖവും പടയിൽ മൂപ്പും പൊലിഞ്ഞു. ചെംകോടിക്കുറ പെരുംചിലമ്പു കാട്ടിൽ എടുത്തെറിയാതിരിക്കുന്നതും, മററുള്ളവരെ കഴകിലും തൊറയിലും കേററാതിരിക്കുന്നതും എൻെറ മിടുക്കുകൊണ്ടു്. നിൻെറ അച്ഛൻെറ സമ്പാദ്യമോടാ? ആ ഗോസായിത്തമ്പിക്കു് എവിടുന്നാണു് ഈ സമ്പാദ്യങ്ങൾ?

അനന്തകൃഷ്ണൻതമ്പി:—എൻെറ അച്ഛനേപ്പററി ഇനിയാതൊന്നും പറയരുതു്. എൻെറ അച്ഛനു സമ്പാദ്യമെവിടുന്നെന്നാണോ അമ്മാവൻ ചോദിക്കുന്നതു്? ക്ഷത്രിയസന്താനങ്ങളായ ശ്രീപത്മനാഭൻതമ്പി,

ശ്രീരാമൻതമ്പി എന്നീ മഹാരഥന്മാരുടെ നാമധേയ ങ്ങൾ ഇന്നും വിന്ധ്യൻ മുതൽ സേതുവരെ വിശ്രുതി യോടെ നിലനില്ക്കുന്നുണ്ടു്. എന്റെ അച്ഛൻ അവ രുടെ അമ്മാവനും ആചാൎയ്യനുമായ ശ്രീകൃഷ്ണൻതമ്പി യാണെന്നുള്ള കഥ അമ്മാവനേ ഓൎമ്മിപ്പിക്കണമെന്നു ണ്ടായിരിക്കാം. ആ മഹാപുരുഷന്റെ ഏകസന്താന മാണു ഞാൻ. അവിടുത്തെ ബന്ധംകൊണ്ടു് അഭി മാനിക്കാവുന്ന ഗൃഹങ്ങളെമാത്രമേ ഞാൻ കണ്ടിട്ടുള്ളു.

മാതൃക്കരുപ്പു്:—എന്നിട്ടു് ഇപ്പോൾ പിണ്ഡം വയ്ക്കുന്നതിനു പോലും ആളില്ലാതെ എല്ലാത്തിന്റേയും കണക്കു തീൎന്നല്ലോ.

അനന്തകൃഷ്ണൻതമ്പി:—മുഴുവൻ ആയില്ല. ക്ഷമിച്ചിരി ക്കണം. കണക്കു തീൎത്തവർ കണക്കു കേൾപ്പിക്കേ ണ്ടിവരും.

മാതൃക്കരുപ്പു്:—അവരേക്കൊണ്ടു കണക്കു പറയിക്കുവാൻ ശ്രമിച്ചവരാണു കുഞ്ഞേ! എട്ടുവീടർ.

അനന്തകൃഷ്ണൻതമ്പി:—അവർ തന്നാട്ടിൽ പയററുകാർ മാത്രമായിരുന്നു. അന്യശക്തിയെ അവർ തേടിയില്ല.

മാതൃക്കരുപ്പു്:—(പരിഹാസസ്വരത്തിൽ) അതായിരിക്കും കുട്ടപ്പന്റെ ബലം. നബാവിന്റെ അമ്പിളിക്കൊടിക്കു കുമ്പിനിയാരന്മാരുടെ തീയുണ്ട ഒന്നു തട്ടുകുവാൻ ശക്തിയുണ്ടെന്നു വിശ്വസിക്കുന്നതു് കുലംമറന്നു ജന്മം വെറുത്ത തമ്പിയങ്ങുന്നന്മാർതന്നെ വേണം.

അനന്തകൃഷ്ണൻതമ്പി:—കുമ്പിനിയാരന്മാരുടെ ചാണക്യ സൂത്രങ്ങൾ എടനാട്ടുകാരുടെ ഏട്ടിൽ എഴുതിയിട്ടില്ല.

മാതൃക്കരുപ്പു്:—ഇത്രയൊക്കെ സേവയും നബാവിന്റെ പട യിൽ മേന്മയുള്ള അധികാരവും കിട്ടിയ കൊച്ചുതമ്പിയ ങ്ങത്തേക്കു് ചെംകോടിക്കരുപ്പിന്റെ അരക്കാശു മുത

ലിൽ ഈ വലിയ പിടിവലിയെന്തിനെന്നു് ഒന്നു കേട്ടോട്ടെ.

അനന്തകൃഷ്ണൻതമ്പി:—അമ്മാവന്മാരുടെ കെട്ടിയിരുപ്പല്ല ഞാൻ ചോദിക്കുന്നതു്. എന്റെ വക, എന്റെ അച്ഛൻ ശ്രീകൃഷ്ണൻതമ്പി അങ്ങത്തേക്കു നാടുനീങ്ങിയ തിരുമനസ്സുകൊണ്ടു സമ്മാനിച്ച സ്വത്തു്, എനിക്കു വേണ്ടി അദ്ദേഹം അമ്മാവനേ ഏല്പിച്ചിരുന്നതു്, അതാണു ഞാൻ അവകാശപ്പെടുന്നതു്.

മാതുക്കുറുപ്പു്:—അതു് ഇനി ആസ്ഥാനഭാവിൻവേണ്ടി രാജ്യം വെട്ടിപ്പിടിക്കുമ്പോൾ ചെംകോടിക്രൂരയുടെ തറതോണ്ടി കുട്ടപ്പനു് എടുത്തുകൊള്ളാമല്ലോ.

അനന്തകൃഷ്ണൻതമ്പി:—രാജ്യം പിടിക്കുന്നതും തറതോണ്ടുന്നതുമെല്ലാം വലിയ ആളുകൾ, നാടുവാഴികൾ, ദിഗ്‌വിജയികൾ. ഞാൻ എന്റെ അച്ഛന്റെ സമ്പാദ്യമാണു ചോദിക്കുന്നതു്.

മാതുക്കുറുപ്പു്:—(സാമവാദിയായി) കുട്ടപ്പാ! തലയ്ക്കു തെളിച്ചകേട്ടുകൂടാതെ പറയുന്നതു കേൾക്കു്. നിന്റെ അമ്മാവിയുടെ തത്സ്വരൂപം. കനകംതോല്ക്കുന്ന പൊന്നുംപെൺകൊടി. എന്റെ അരുമമകൾ കരിച്ചൽത്തറവാട്ടിലെ ഒറ്റപ്പെണ്ണു്. മുതലും മേന്മയും ചേൎന്ന തങ്കക്കുടം. തന്തിയാനും തള്ളയും നിന്നെക്കാത്തിരിക്കുന്നു. തന്തിയാനിതാ നാണംകളഞ്ഞു പട്ടാണിപ്പടപണ്ടാരം മുറിച്ചു വന്നിരിക്കുന്നു. നല്ലചൊല്ലുകേട്ടു് കാരണവന്മാരേ അനുസരിക്കു്.

അനന്തകൃഷ്ണൻതമ്പി:—എനിക്കു് ഇനി അങ്ങോട്ടൊരു കെട്ടുപാടും വേണ്ടെന്നാണു വച്ചിരിക്കുന്നതു്.

മാതുക്കുറുപ്പു്:—വല്ല തുലുക്കത്തിയേയും കെട്ടി മാൎഗ്ഗംകൂടിക്കളയാമെന്നായിരിക്കും ഭാവം. തൻനാടുമറന്നു് അന്യ

വ

അരശരേ സേവിക്കുവാൻ പോയാൽ ഇതും ഇതിലപ്പുറവും തോന്നും.

അനന്തകൃഷ്ണൻതമ്പി:— ഞാൻ എന്തുചെയ്താലും അരുതെന്നു പറയുവാൻ ആൎക്കും അധികാരമില്ല.

മാതുക്കുറുപ്പ്:— ഇതാണു ഗോസായിത്തനം എന്നു ഞാൻ പറഞ്ഞതു. കുട്ടപ്പാ! ഞാൻ നിന്റെ അമ്മാവനാണ്. നീയല്ലാതെ എനിക്കുദകക്രിയചെയ്യുവാൻ വേറേ ആരുമില്ല. എന്റെ മകൾ അവൾ, കൊച്ചുകല്യാണി. നിങ്ങൾ രണ്ടുപേരും ഒന്നിച്ചിരിക്കുന്നതു കാണുവാനുള്ള ആഗ്രഹംകൊണ്ടാണു ഞാൻ ഇപ്പറയുന്നതും, ഈ പാട്ടുകൾ എല്ലാം പെട്ടതും (എഴുനേററു അടുത്തുചെന്ന്) വാ! എന്റെ കുഞ്ഞു ഇവിടെ വാ. നിനക്ക് കല്ലോ രാശിയോ കനകമോ എത്ര വേണമെങ്കിൽ അതിൽക്കൂടുതൽ ചെംകോടിക്കൂരസ്ക്കിടയിൽ ഇരുപ്പുണ്ട്. വള്ളിയൂർ കോട്ടപോലെ രണ്ടു കോട്ട ഇടിച്ചുകെട്ടുവാനുള്ള വക നിന്റെ അമ്മാവന്റെ കയ്യിൽ ഉണ്ട്.

അനന്തകൃഷ്ണൻതമ്പി:— അമ്മാവന്റെ വക ഒരു കാശും എനിക്കു വേണ്ടാ. വേണാട്ടുകാരുടെ ആരുടേയും സമ്പാദ്യം എനിക്കാവശ്യമില്ല. എന്റെ അച്ഛനു തിരുമനസ്സുകൊണ്ടു കൊടുത്ത സ്വത്ത്—രത്നം, കനകം—അതുമാത്രമാണു ഞാൻ ചോദിക്കുന്നതു്. എന്റെ അച്ഛനേയും വേണ്ടപ്പെട്ടവരേയും ചതിച്ചു കൊലചെയ്ത നാട്ടിലേക്കു ഞാൻ കാലെടുത്തു വയ്ക്കുകയില്ല. ആൎക്കാട്ടു നബാവിന്റെ പടയിൽ എനിക്കുള്ള സ്ഥാനം എന്തെന്ന് അമ്മാവനു രൂപമില്ല. അനിഴംതിരുമനസ്സിലേക്ക് അനന്തപത്മനാഭൻ പടത്തലവൻ എന്നതുപോലെയാണ് നബാവ് എന്നേ

എണ്ണിയിരിക്കുന്നതു്. കാലം കുറച്ചു കഴിഞ്ഞാൽ മര്രി; അന്നു് എന്തെല്ലാം വരുമെന്നും ആരെല്ലാം കാട്ടിലും മേട്ടിലും, തൊറയിലും, കഴുകിലും കയറു മെന്നും കാണാം.

മാത്തുക്കുറുപ്പു്:—(രുഷ്ടനായി) അപ്പോൾ ഇനി ഞാൻ നമ്മുടെ കുടുംബനേരുതന്നെ എടുത്തോട്ടോ?

അനന്തകൃഷ്ണൻതമ്പി:—എന്തും ചെയ്തുകൊള്ളണം. ഇതു് എടനാടല്ലെന്നും, ഞാൻ ഇവിടെ സകലതും ഭരിക്കുന്നവനാണെന്നും, സ്വഭാവു്, മാലിയും സുമാലിയും ഒന്നുചേർന്നവനാണെന്നുംകൂടി ഓർമ്മിച്ചുകൊള്ളണം.

മാത്തുക്കുറുപ്പു്:—(ആത്മഗതം) ഇവൻെറ ചിന്ത മുഴുവൻ ആ കുടമൺപിള്ളയുടെ അനന്തരവളിൽക്കിടക്കുകയാണു്. അവളേ ഞാൻ നിനക്കും ലോകത്തിനും കൊള്ളരുതാത്തവൾ ആക്കിത്തീർത്തിട്ടുണ്ടെടാ. മണ്ടയ്ക്കാട്ടു ദേവിയായി വെളിച്ചപ്പാടു തുള്ളി അവൾ പോയി നശിച്ചുകൊള്ളും.

അനന്തകൃഷ്ണൻതമ്പി:—അമ്മാവനു പോകാം.

മാത്തുക്കുറുപ്പു്:—എന്നിട്ടു നീ? നിനക്കീവള്ളിയൂർ കാര്യമെന്തു്? ഇതു വേണാട്ടിലെവക ദേശമാണല്ലോ അപ്പാ!

അനന്തകൃഷ്ണൻതമ്പി:—കൈക്കരുത്താണു് രാജ്യങ്ങളുടെ അരിത്തി നിശ്ചയിക്കുന്നതു്.

മാത്തുക്കുറുപ്പു്:—എന്നാൽ താമസിയാതെ അനന്തപത്മനാഭൻപടത്തലവൻെറ ആൾക്കാർ നിന്നെ പിടിച്ചുകൊണ്ടുവരുമ്പോൾ പത്മനാഭപുരം കോട്ടയിൽവച്ചു ഞാൻ നിന്നേക്കണ്ടുകൊള്ളാം.

അനന്തകൃഷ്ണൻതമ്പി:—അതിനു് മലയ്ക്കിപ്പുറത്തോക്കു വയ്ക്കുന്നകാൽ തിരികെച്ചവുട്ടില്ലെന്നു ചെന്നു പറഞ്ഞേക്കണം.

മാതുക്കുറുപ്പ്:— (അരയിൽനിന്നു കഠാരി ഊരിയിട്ടു) എടാ! അതിനിന്നു ഞാൻമതി. പക്ഷേ, നിന്റെ തന്തിയാന്റേയും തമ്പിമാരേയുംപോലെ ഇതു പ്രയോഗിക്കേണ്ടതായ അവസരം എപ്പോഴെന്നുള്ള അറിവുകേടു് ചെങ്കോടിക്കുറുപ്പിനില്ല. ഏറ്റുവന്നാൽ നീ ഇതിനു താഴെ. എന്നാലും ചെങ്കോടിക്കുടുംബത്തിലെ ഒരുത്തന്റെ ശരീരം കാരണവന്മാർ അനുവദിക്കാത്ത ഒരു തേവടിച്ചിക്കും ജീവനോടെ തൊടുവാൻ സാധിക്കുകയില്ല. വല്ലവരും അതിനു കൊതിക്കുന്നുണ്ടെങ്കിൽ ശവംമാത്രം എറിഞ്ഞുകൊടുത്തേക്കാം. ജയിച്ചോ, ജയിച്ചോ. പക്ഷേ ഒന്നു സൂക്ഷിച്ചിരുന്നുകൊള്ളണേ.

# മൂന്നാം രംഗം.

(വള്ളിയൂർ കുടമൺവീട്ട്. ഒരു എഴുത്തോലയുംകയ്യിൽ വച്ചുകൊണ്ടു സീതാലക്ഷ്മി നിൽക്കുന്നു.)

സീതാലക്ഷ്മി:—(ആത്മഗതം) ആരാണ് ഈ നീചൻ; [illegible]യൻ? ഇവനെന്തുകാര്യമാണ് എന്റെ ക്ഷേമദുഃഖങ്ങളിൽ? ഹായ്! നാണമാകുന്നു ചിന്തിക്കുവാൻ. (ഓലയിൽനോക്കീട്ട്) "അനന്തകൃഷ്ണൻതമ്പിയുടെ പൂർവ്വകഥകൾ—" (നിവൎന്നു) അയോദ്ധ്യയിൽനിന്നു വന്ന ഒരു ഗോസായിയാണുപോൽ അദ്ദേഹത്തിന്റെ അച്ഛൻ. ഗോസായിയോ കാശിവാസിയോ ആരെങ്കിലും ആകട്ടെ. കുടുംബത്തോടെ നാട്ടു വെറുത്തവളാം ക്കുണ്ടോ അതൊക്കെ ആലോചന? 'ധീരത' 'ഭീരുത്വം' എന്നിങ്ങനെ രണ്ടല്ലാതെ മറ്റേതാണ് ലോകത്തിൽ ജാതികൾ? എന്റെ മനസ്സിൽ അലിവുള്ള ഒരു ചിന്തയേ ഉള്ളു. അതു് അദ്ദേഹത്തോടാണ്. എടോ, ഊരും പേരും വയ്ക്കാതെ ഈ ഓല എഴുതി രാത്രിയിൽ ഇവിടെ കൊണ്ടിട്ടവാൻ തോന്നിയ വന്ധ്യബുദ്ധി! തന്നേക്കാൾ എങ്കിലും ആണത്വമുള്ളവനാണ് അദ്ദേഹം എന്നു ഞാൻ വിചാരിക്കുകയില്ലെന്നോ മറയാ! നിശ്ചയിച്ചുപോയതു്! (ഓലയിൽ നോക്കിയിട്ട്) പക്ഷേ, വേറെ ചില കാര്യങ്ങൾ ഇതിൽ പറയുന്നുണ്ടു്. ഹായ്! എന്റെ പേർ ഇങ്ങനെ—

അനന്തകൃഷ്ണൻതമ്പി:—(പ്രവേശിക്കുന്നു) അബദ്ധമായി! സീതാലക്ഷ്മിക്കുഞ്ഞമ്മ എന്തോ വലിയ ആലോചനയിൽ എത്തിയിരിക്കുകയാണ്. ഞാൻ സമയം

നോക്കിയല്ല വന്നു ചാടിയതു്. ആരുടേയോ ഒരു സങ്കട ഓലയും എത്തിയിട്ടുണ്ടല്ലോ.

സീതാലക്ഷ്മി:—പടയും പട്ടാളവും നാട്ടും അങ്ങാടിയും ഭരിക്കുന്നവരുടെ അടുത്തല്ലേ ആവലാതിക്കാർ സങ്കടങ്ങളുമായി ചെല്ലുകയുള്ളു?

അനന്തകൃഷ്ണൻതമ്പി:—കണ്ടാൽ മധുരിക്കുന്ന കൊച്ചു പെണ്ണുങ്ങളുടെ കയ്യിൽ വാൻമുറിച്ചു മഷിയിട്ടു തിരുകി പെൺകെട്ടു കെട്ടിയ ഓല കണ്ടാൽ അതു് ഒരു സങ്കടസമർപ്പണമാണെന്നല്ലേ തോന്നുകയുള്ളു?

സീതാലക്ഷ്മി:—അതു് ആശാൻ എഴുതിക്കൊടുത്ത ഒരു ദേവീസ്തോത്രമായും വരാം. അതിരിക്കട്ടെ, എന്താണിങ്ങോട്ടുപോന്നതു്?

അനന്തകൃഷ്ണൻതമ്പി:—(സംശയനിവർത്തനായി) കുഞ്ഞമ്മയേയും അമ്മച്ചിയേയും മൂത്തപിള്ളഅമ്മാവനേയും ഒന്നു കാണുന്നതിനാണു്; യാത്രചോദിക്കേണ്ടിയുമിരിക്കുന്നു. ഒരുപക്ഷേ വളരെ വേഗംതന്നെ എനിക്കു് ആശ്ഗ്ലാട്ടിലേക്കു് പോകേണ്ടിവരും. എന്റെ ഇവിടത്തെ ദീർഘതാമസം അവരുടെ സന്നാഹങ്ങളെ തടസ്സപ്പെടുത്തുന്നു എന്നു പരാതിയുണ്ടായിരിക്കുന്നു. (ഓലയെപ്പററി ഓർമ്മിച്ചു്) അതിന്നിടയിൽ വല്ലവരുടേയും ഓല വായിച്ചു കണ്ണുകളയരുതേ.

സീതാലക്ഷ്മി:—(ഈർഷ്യയോടുകൂടി) അവിടുന്നു് ഇന്നു് അർത്ഥമില്ലാത്ത പദങ്ങൾ ഉരുവിട്ടു പഠിച്ചുകൊണ്ടാണു പുറപ്പെട്ടിരിക്കുന്നതെന്നു തോന്നുന്നു. ഞാൻ എന്തുചെയ്യുന്നു എന്നറിഞ്ഞിട്ടു് ആർക്കാണാവശ്യം? ഇത്രയും പറഞ്ഞതുകൊണ്ടു് ഞാൻ ഒന്നു ചോദിക്കുന്നു. എന്റെ പേർ—എന്റെ കുടുംബപ്പേരോടുകൂടിയ

എന്റെ പേർ—ആരും സ്വാതന്ത്ര്യമായി ഉപയോഗിക്കുന്നതെനിക്കിഷ്ടമില്ല. ഞാൻ അതു വെറുക്കുന്നു. ഞാൻ ഞാൻതന്നെയാണു്. എന്റെ അമ്മയും അച്ഛനും ഞാനും മാത്രം. വല്ലവരുടേയും പൂർവ്വചരിത്രത്തിലോ വംശകഥയിലോ എന്റെ പേർകൊണ്ടു ചേർക്കുന്നതു സാഹസവും അപൌരുഷവുമാണു്.

അനന്തകൃഷ്ണൻതമ്പി:—(കാര്യം മനസ്സിലാകാതെ) എനിക്കൊന്നും മനസ്സിലാകുന്നില്ല. ആരുടെ പേർ, ആരു്, എവിടെ, ഏതു കഥയിൽ കൊണ്ടുചേർത്തു? ഏതോ കാര്യം മനസ്സിൽ വച്ചുകൊണ്ടു മററുള്ളവരോടു കയർക്കുന്നതെന്തിനു്?

സീതാലക്ഷ്മി:—ആരേ ഭയപ്പെട്ടിട്ടാണു് ഞാൻ വല്ലതും ഒളിച്ചു വയ്ക്കേണ്ടതു്?

അനന്തകൃഷ്ണൻതമ്പി: ഭയംകുടമൺകുടുംബത്തേതീണ്ടുമോ, തീണ്ടിയിട്ടുണ്ടോ? കുഞ്ഞമ്മയുടെ സംസാരം കേട്ടിട്ടു് എന്തോ മനസ്സിൽ തിങ്ങിക്കിടപ്പുണ്ടെന്നു തോന്നി.

സീതാലക്ഷ്മി: ഉണ്ടെങ്കിൽ ഉണ്ടു്. അതു പറയുവാൻ മനസ്സില്ല. അവിടുത്തേക്കാര്യത്തിൽ അവിടുത്തേക്കു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടെന്നുള്ളതോർമ്മിച്ചുകൊള്ളണം. ഞങ്ങളുമായി അവിടുത്തേക്കു യാതൊരു ബന്ധവും ഇല്ല. ഞങ്ങൾ ആരുടേയും തടസ്സക്കാരായി നിന്നിട്ടില്ല, നില്ക്കുന്നുമില്ല.

അനന്തകൃഷ്ണൻതമ്പി:—(ആത്മഗതം)ആരോ എന്തോ തകരാറു പററിച്ചിരിക്കുന്നു. ആ ദുഷ്ടൻ അമ്മാവന്റെ കൌശലമായിവരാം. അങ്ങിനെയാണെങ്കിൽ അയാൾ എന്തെല്ലാം കള്ളങ്ങൾ അറിയിച്ചുകാണുമോ!

സീതാലക്ഷ്മി:—ഒരു കാര്യം അവിടുന്നു മനസ്സിലാക്കണം. വേറെയുള്ള സ്ത്രീകളെപ്പററി ഒന്നും ഞാൻ പറയുന്നില്ല. എനിക്കവരെപ്പററി അറിഞ്ഞിട്ടാവശ്യവുമില്ല.

എന്റെ പേർ പടയണിക്കൂത്തിനും ഓണക്കളിക്കും കൊള്ളിച്ചേക്കരുതു്. ഈ ജീവിതത്തിൽ ഒരു കാൎയ്യത്തിനുമാത്രം—അതേ പ്രധാനമായ ഒരു ഒററക്കാൎയ്യത്തിനുമാത്രം ആണു് ഞാൻ ആദിത്യഭഗവാനെകാണുകയും യാത്ര പറയുകയും ചെയ്യുന്നതു്. അതായതു്, എന്റെ പിതൃക്കളുടെ ദാഹശാന്തിക്ക. വീരപ്രഭുക്കളായ അവരേ നികൃഷ്ടമായ ചതിയിൽ ചുടലയിലും കഴുകിലും തൊഠറയിലും കയററിയ ആ മഹാദുഷ്ടതയ്ക്കു പകരം ചോദിക്കുവാൻ മാത്രം ഞാൻ ജീവിക്കുന്നു. ആ മഹാശ്രമത്തിനു് ഈശ്വരാനുഗ്രഹത്താൽ അങ്ങും അൻക്രൂലിയാണു്. അങ്ങേയ്ക്കും ആ ശ്രമത്തിൽ സഹായിക്കേണ്ടതായ ആവശ്യവും ധൎമ്മവും ഉണ്ടു്. പൌരുഷത്തിനു ചേരുന്ന ആ വീരധൎമ്മം നടത്തുന്നതിൽ അങ്ങു വല്ല വികാരങ്ങളാലും പിന്തിരിയുകയില്ലെന്നു് എനിക്കുറപ്പുമുണ്ടു്. അങ്ങേ ആ മനോഭാവത്തിനു ഞാൻ അങ്ങയോടു് ആജീവനാന്തം കടപ്പെട്ടിരിക്കുന്നു. എന്നാൽ ശേഷം കാൎയ്യങ്ങളിൽ ഞാൻ ഒരു സ്ത്രീയാണെന്നുള്ളതു് ഒരിക്കലും ആരും 'മറന്നുകൂടാ'ത്തതാണു്. അപ്രകാരം മറക്കുന്നവരോടു ഞാൻ ഒരുകാലത്തും ക്ഷമിക്കുന്നതുമല്ല.

അനന്തകൃഷ്ണൻതമ്പി:—ഇതാരു മറന്നു എന്നാണു കുഞ്ഞമ്മപറയുന്നതു്.

സീതാലക്ഷ്മി:—അങ്ങുതന്നെയായിരിക്കാം; അതിനേ മാൎഗ്ഗമുള്ളുവല്ലോ. നമ്മുടെ രണ്ടുപേരുടേയും പേർ കൂട്ടിച്ചേൎക്കുന്നതിനു പിന്നെന്താണു കാരണം?

അനന്തകൃഷ്ണൻതമ്പി:—അതു ഞാൻ പറയുന്നതെങ്ങിനെ? കുഞ്ഞമ്മ വല്ല വിദുരരോ വേദവ്യാസരോ ആണെന്നു ഭാവിക്കുന്നുണ്ടായിരിക്കാം. എന്നാൽ ലോകനടപ്പിനേയും ലോകത്തേയും പററി ഒന്നും അറിയുവാൻ

വഷീയാതാനം. വല്ലവരും വല്ലതും പറയുകയോ എഴുതിത്തരികയോ ചെയ്തിരിക്കാം. അതിന് ഞാൻ ആണു കുററക്കാരൻ എന്നു കണ്ണുമടച്ചു വിധിച്ചു കൊണ്ടു് എന്നോടു കോപിക്കുന്നതു സത്യദ്രോഹമാണു്. ഞാൻ ഇതാ നാളെ ആക്കാട്ടേക്കു പോകുന്നു. ഒരുപക്ഷേ ഇങ്ങോട്ടു വരാതെതന്നെ ഞാൻ ജീവിതം തുലച്ചേക്കാം. കുഞ്ഞമ്മയുടെ കോപം ഏററിട്ടു വള്ളിയൂർകോട്ട ആക്കാട്ടേക്കു പിടിച്ചു കൊടുക്കാമെന്നു ഞാൻ ഏററിട്ടില്ല. അമ്മച്ചിയേയും മൂത്തപിള്ള അമ്മാവനേയും ഞാൻ കാണുന്നില്ല. ശ്രീവേലായുധൻ രക്ഷിക്കട്ടെ! (പോകുന്നു)

സീതാലക്ഷ്മി:—(ആത്മഗതം)ഞാൻ കൂടുതൽ വല്ലതും പറഞ്ഞുപോയെന്നുണ്ടോ? അദ്ദേഹത്തിനിത്ര കാലുഷ്യം തോന്നത്തക്കവണ്ണം ഞാൻ എന്താണു പറഞ്ഞതു്? ഒന്നും പറഞ്ഞിട്ടില്ല. ഒരുപക്ഷേ ഈ ഓലയിൽ ആരോ എന്തൊക്കെയോ എഴുതിയിരിക്കാമെന്നു സംശയം തോന്നിയേക്കാം. അതുകൊണ്ടു് അഭിമാനം വെന്തുപോയതായിരിക്കാം. ഞാൻ പറഞ്ഞിട്ടുള്ളതു മര്യാദകേടല്ലല്ലോ. എൻെറ പേർ വേറൊരു പെണ്ണിൻെറ പ്രണയമത്സരവുമായി കൂട്ടിച്ചേക്കുന്നതു് എനിക്കിഷ്ടമാവുന്നതെങ്ങിനെ? ഹാ! (നെഞ്ഞത്തു കൈവച്ചു) കഷ്ടം! പരിശുദ്ധമായ ഈ ഹൃദയത്തിൽ ഞാൻ ഈ വികാരത്തിനു സ്ഥലം കൊടുത്തു. കുടമൺപിള്ളമാരുടെ അനന്തരവരംക്കു ജീവിതത്തിൻെറ സ്വാരസ്യങ്ങൾ അനുഭവിക്കുവാനല്ലാ ഇപ്പോൾ വിധിയും അവസരവും. ആ നീതി മറന്നു ഞാൻ ക്ഷീണബുദ്ധി കാണിച്ചു. അതിൽ അദ്ദേഹത്തെ വെറുതെ കുററപ്പെടുത്തി. എന്നാലും എൻെറ വ്രതം

ഞാൻ നോററുതന്നെ തീരും. മനസ്സേ! നീ എന്നെ സ്ത്രീയാക്കാതിരിക്കൂ. ചാപല്യമേ! നീ എന്നെ ലജ്ജിപ്പിക്കുന്നു. എൻെറ പിതൃക്കളോടുള്ള കടമ വീടട്ടേ. പിന്നെയാകാം എൻെറ ജീവിതസുഖങ്ങൾ.

# നാലാംരംഗം.

---

(വള്ളിയൂർ കുടമൺവീട്ട് ഇരവിപ്പിള്ളയും ഉമയമ്മപ്പിള്ളയും ഇരിക്കുന്നു. ആതിച്ചപ്പിള്ള നിൽക്കുന്നു.)

ആതിച്ചപ്പിള്ള:—(മൂക്കിന്മേൽ വിരൽവച്ചിട്ട്) നല്ല കുശ്ശ്യമായിപ്പോയി! പൊന്നേ പൊടിയെ എന്നൊക്കെ മെടിയിച്ചിട്ടുവളർത്തിയ മുല്ലപ്പൂ കൊച്ചുങ്ങളത്തേ ഇപ്പാട് ചെയ്തപ്പോൾ ഇനി ആരേ വച്ചേക്കും! ഛേ! ഇതാക്കും അഴകല്ല.

ഇരവിപ്പിള്ള:—എടോ ആതിച്ചപ്പിള്ളേ! താൻ കാലത്തേ വന്നു കേറി വഴക്കുതുടങ്ങിയിരിക്കുകയാണ്. ആരാണു കൊച്ചുതമ്പിയെ ഉപദ്രവിച്ചതു്? ഞങ്ങൾ തമ്പിയെ കണ്ടിട്ടു് ഒരു പക്ഷത്തിലധികമായി.

ആതിച്ചപ്പിള്ള:—പക്ഷം കൊറേ അധികപ്പെട്ടു. അതുകൊണ്ടുതന്നേ ഈ മൊകവു വീക്കവും ശിണമ്പിപ്പേച്ചും. ഒരു വഹ കഴിച്ചില്ലെന്നേ, ഒരൊററപ്പറവ് ഇന്നു തൊട്ടിട്ടില്ല. അതു് ഇവിടുത്തെ എതോ കിശുമത്തുകൊണ്ടല്ലാതെ കൊച്ചാതിച്ചൻെറ നളപാഹം പെഴച്ചിട്ടെന്നു പറവാൻ ആളു് ആരുവാമൊഴി കോട്ടയ്ക്കു് അപ്രത്തു നിന്നു വരണം. വലിയ കൊലകൊമ്പന്മാർ, കതിരപ്പക്ഷികൾ ച്ഛീ! അങ്ങത്തെമ്മാരു തമ്പിത്തിരുമനസ്സുകൾ വീരശങ്ങല തന്ന കയ്യാ ആതിച്ചൻെറകയ്യിൽ ഒള്ളതു്, മനസ്സിലായോ?

ഉമയമ്മപ്പിള്ള:—ശരി, അങ്ങനെ വരട്ടെ. ഇയാളുടെ അരിവെപ്പിൽപ്പററിയ ഏതോ അബദ്ധംകൊണ്ടു കൊച്ചുതമ്പി ഇന്നുണ്ടില്ല. അതിനുള്ള കുററം വെറുതേ ഇരിക്കുന്നവരുടെമേൽച്ചാരാമെന്നാണു് കെഴവൻ

നോക്കുന്നതു്. എടോ, താൻ നാലുംകൂട്ടി ഒന്നു മുറുക്കു. അപ്പോൾ തണുക്കും, പിന്നെ ചൂലമ്പുകയുമില്ല.

ആതിച്ചപ്പിള്ള:—നന്നാപ്പറഞ്ഞു. ആതിച്ചൻെറ കയ്യാ പെഴക്കണകയ്യ്, എനിക്കു വഴക്കും വിജാരണയും ഇവിടെങ്ങുമല്ല. ഞാൻ ഒന്നു കാണട്ടെ, ആ പൂമൊകം ഒന്നു കാണട്ടെ, രണ്ടുവാക്കു പേത്രുമ്പോൾ അതു കറുത്തു കരുവാളിക്കുമൊ എന്നു ഒന്നു നോക്കട്ടെ.

ഉമയമ്മപ്പിള്ള:—തങ്കത്തിനെയാണോ? അതു കുറച്ചാലോചിച്ചു വേണമേ പിള്ളേ! ഞങ്ങളുടെ അടുത്തു് തൻെറ നാക്കും പിരട്ടും പറവും. മറേറടത്തു ചെന്നാൽ ഉണ്ടെല്ലൊ—കൊണ്ടോണ്ടു പോരുന്നതു കാണാം.

ആതിച്ചപ്പിള്ള: —പിന്നേ! കൊല്ലിനും കൊലയ്ക്കും അതികാരിയായി ഒരു മൊഖംവാഴണ ഫ്രവ്വാധിയല്യോ? പിഞ്ചെ, കുരുട്ടുപ്പിഞ്ചു്. അതിനെ എല്ലാരുംകൂടി ചെല്ലം കൊഞ്ചിച്ച് ആണും പെണ്ണും അല്ലാതാക്കി. (ഒരുവശത്തേക്കു നോക്കി) ഇതാരപ്പാ പുല്ലുചെത്തിയ ഒരു കാവിമല നിങ്ങണതു്!

ഇരവിപ്പിള്ള:—(നോക്കി എഴുന്നേററു്) സ്വാമികളുടെ എഴുന്നള്ളത്താണു്. ആവണിപ്പലക എവിടെ?

(ഉമയമ്മപ്പിള്ള ആവണിപ്പലക എടുത്തിടുന്നു.

സന്ന്യാസിവേഷത്തിൽ മാതുക്കുറുപ്പു പ്രവേശിക്കുന്നു.

സന്ന്യാസി ഇരിക്കുന്നു.

ദമ്പതിമാർ കൈകൂപ്പി നിൽക്കുന്നു.)

ആതിച്ചപ്പിള്ള:—(ഭക്തിപരവശനായി) സാമീ! പൊന്നുതൃപ്പാദങ്ങളേ! ആതിച്ചനും സാമിയെ പ്രധാസിച്ചു കൊള്ളുണേ.

സന്ന്യാസി:—(അനുഗ്രഹിക്കുന്നു)

ആതിച്ചപ്പിള്ള:—സാമി! കഴിഞ്ഞ പ്രദോഷം മൊടക്കിയതു വയററു വേദനകൊണ്ടാണേ. കൊച്ചങ്ങുന്നിൻെറ ഉദ്ധൃതികൊണ്ടെന്നു സാമി വിജാരിക്കല്ലേ.

സന്യാസി.—മനസ്സിലാകുന്നില്ല. ഭക്താ! നിൻെറ അങ്ങുന്നാരെന്നു പറയൂ. നാന്ദിമുതലല്ലേ നാടകം തുടങ്ങേണ്ടതു്?

ഇരവിപ്പിള്ള:—അനന്തകൃഷ്ണൻ തമ്പിയുടെ വാല്യക്കാരൻ ആണു് അയാൾ. ഇത്ര നല്ല ഒരു ഹൃദയശുദ്ധനെ കാണുവാൻ സാധിക്കുകയില്ല. തമ്പി കഴിഞ്ഞിട്ടാണു് അയാൾക്കു് ഈശ്വരൻതന്നെ.

സന്യാസി:—അനന്തവരാഹൻ തമ്പിയെന്നാൽ—?

ആതിച്ചപ്പിള്ള.—അതൊരു തങ്കപ്പണത്തിൻെറ പേരാണു സാമി! ഫ്റീദോഷങ്ങളും നിറഞ്ഞു കുടിമൂത്തിരിക്കണ പൊന്നുതിരുവടിക്കു കൊച്ചങ്ങത്തേ പേരു പുത്തരിയൊ?

ഇരവിപ്പിള്ള.—അനന്തകൃഷ്ണൻതമ്പിയെന്നാണു പേർ. നഭാവൃതിരുമനസ്സിലെ പടയിൽ നാഥനും അവിടുത്തെ വിശ്വസ്തസേവകനും ആണു്.

സന്യാസി:—നമുക്കു പടയും പട്ടാളവും ആയി യാതൊരു സംസർഗ്ഗവുമില്ല. ഭഗവദ്ധ്യാനം പരമശാശ്വതം. സീതാലക്ഷ്മി, നമ്മുടെ ഓമനകുമാരി, എവിടെ? സർവ്വപാപഹരമായ ഒരു ദിവ്യമന്ത്രം നാം ഇന്നു് അവൾക്കുപദേശിക്കുന്നു.

ഉമയമ്മപ്പിള്ള:—തങ്കം! തങ്കം!

ആതിച്ചപ്പിള്ള:—(ഉത്സാഹത്തോടുകൂടി)ആതിച്ചൻപോയി കൊണ്ടുവരാം. (പോകുന്നു.)

സന്യാസി:—ഇരവിപ്പിള്ളേ! നമ്മുടെ ഉപദേശങ്ങൾ രഹസ്യമാണു്. ഈ പാചകൻ ഇനി ഇവിടെ നിന്നിട്ടാവശ്യമില്ല.

(സീതാലക്ഷ്മിയും ആതിച്ചപ്പിള്ളയും പ്രവേശിക്കുന്നു:
സീത സന്യാസിയെ തൊഴുന്നു)

ആതിച്ചപ്പിള്ള:-പൊന്നുതിരുവടികളേ! ഫ്റീദോഷമൂർത്തേ! ഒപവാസോം മലമ്പനിക്കളിയും വാതോംകൊണ്ടു പ്രഥോഷം വയ്യാതായിരിക്കണ. തൃപ്പാദങ്ങൾ ഒരു കരുപദേശം തന്നു് എവനേ നിത്യമുക്ഥനാക്കണേ. (സീതാലക്ഷ്മിയോടു്) അയ്യ! ചിരിക്കണ. ഞാൻ രണ്ടു ചുട്ട വാക്ക പറയുമ്പോ ഈ തെളിച്ചം മായും. എനിക്കറിയാം. അവിടക്കെടന്നു മററുള്ളോനേ കടിച്ചുതിന്നാൻ ചീറണ. ഇവിടുന്നു പെടുത്തിക്കൂട്ടി അയച്ചപാടു്!

സീതാലക്ഷ്മി:—എടോ! കിഴവാ! വായിൽ നാക്കു സൂക്ഷിച്ചു കൊണ്ടില്ലെങ്കിൽ വരുന്ന അനുഭവം അറിയാമോ? ചൊക്കൻ, അൎത്ഥമില്ലാത്ത സംസാരം കേട്ടില്ലേ?

ആതിച്ചപ്പിള്ള:—അപ്പടിതന്നെ ഞാനും കേക്കണതു് എപ്പോഴും ചെന്നായേപ്പോലെ ചീറിക്കൊണ്ടു നിക്കണതു കുഞ്ഞമ്മമാക്കു് ഒരു മേന്മയായിരിക്കും.

സന്യാസി:—(ആത്മഗതം) നമ്മുടെ വിദ്യ ഫലിച്ചെന്നു തോന്നുന്നു. അവനും ഇവളുംകൂടി പിണക്കമായി ക്കഴിഞ്ഞു. അതിനു വാല്യക്കാരൻ വാനരൻ സങ്കടം പറയുവാൻ എത്തിയിരിക്കുകയാണു്. ഇതു കേട്ടില്ലെന്നു നടിച്ചു കളയാം. (ഒരു ഗ്രന്ഥം അഴിച്ചു നോക്കുന്നു)

സീതാലക്ഷ്മി:—എടോ തന്നോടു് ഇവിടെ വരുവാൻ ആരു പറഞ്ഞു? ഇറങ്ങുവെളിയിൽ. [കയ്യുപിടിച്ചു വെളിയിൽ ഇറക്കുന്നു]

ആതിച്ചപ്പിള്ള:—അല്ലല്ലാ. വീടോടെ ഉന്തിയരശുവെയ്ക്കണെന്നോ! നമ്പേ അങ്ങത്തെ അയച്ചു. പുറവേ

ചിഷ്യൻം എന്നോ? ഇതൊക്കെ ഇന്നു കണ്ട ക്'നാവാന്നേ. മണ്ടത്തരം പററരുതേ. എന്നോട്ടു കളിക്കണതു നല്ലതുമല്ലേ. ഞാൻ രണ്ടുന്നേരം ചോറുകൊട്ടുക്കാതിരുന്നാൽ ഒരാളു കണ്ണുംമിഴാഞ്ചി ജീവസ്സും പോവുമേ.

സീതാലക്ഷ്മി:—തന്നേക്കൊണ്ടു പൊറുതിയില്ലാതായി. ആകട്ടെ, അദ്ദേഹംവരട്ടെ. മര്യാദ പഠിച്ചവരേവേണം കൂട്ടെത്താമസിപ്പിക്കാൻ എന്നു ഞാൻ പറഞ്ഞേക്കാം.

ആതിച്ചപ്പിള്ള:—എന്നാൽ കുഞ്ഞമ്മയ്ക്കു് ഒരിക്കലും അതിനിടവരുകയില്ലേ.

സന്ന്യാസി:—(ആത്മഗതം) അല്പാഃ കാര്യ്യം കടന്നാണല്ലോനില!

സീതാലക്ഷ്മി:—(ദ്വേഷ്യത്തോടെ) ച്ഛീ: ഇറങ്ങുവെടോ വെളിയിൽ, വിഡ്ഢിത്തം എഴുന്നള്ളിക്കാതെ. (ആതിച്ചപ്പിള്ളയെ പിടിച്ചു വലിച്ചുകൊണ്ടു പോകുന്നു)

ആതിച്ചപ്പിള്ള:—(ഉച്ചത്തിൽ) സാമീ! വരം തരുന്നോനം കുഞ്ഞമ്മ തമ്മസിക്കത്തില്ലേ. (സീതാലക്ഷ്മിയോട്ടു്) ഞാൻ ഇതൊന്നും അവിടച്ചെന്നു പറയില്ല. ചിരിച്ചു കളിച്ചു രണ്ടു ശ്ലോഹോം ചൊല്ലി അയച്ചെന്നു പറഞ്ഞേക്കാം. (പോകുന്നു).

ഉമയമ്മപ്പിള്ള:—തങ്കം! ആ പാവത്തിനെ ഉപദ്രവിക്കാതെ ഇങ്ങുവാ. സ്വാമി നിന്നെ കാണണമെന്നു് അരുളിച്ചെയ്യുന്നു.

സന്ന്യാസി:—ഭക്തജനങ്ങൾ കൂട്ടുമ്പോൾ നാം ഒരു കഥ സ്മരിച്ചു പോകുന്നു. അതീവ ദുഃഖഭൂയിഷ്ഠമായ ഒരു ചെറുലതയുടെ കഥ. നാം കുലശേഖരപ്പെരുമാളുടെ ഖണ്ഡങ്ങളിൽ ഭിക്ഷാടനം ചെയ്യുമ്പോൾ നമുക്ക ഒരു ശിഷ്യയെ കിട്ടി. യഥാർത്ഥവും നിഷ്കളങ്കവുമായ ഭക്തി ആ ഒരാളിൽ മാത്രമെ നമ്മുടെ ആന്തനേത്രങ്ങൾക്ക ദർശിക്കുവാൻ കഴിവുണ്ടായുള്ളു. അവ

ളുടെ ജീവിതകഥ നാം ശ്രവിച്ചു. ആ ബാലിക ഒരു ഘാതകനായ കാമുകനാൽ വഞ്ചിതയായി. താമ്ര വർണ്ണീതീരത്തിലുള്ള ഒരു ലക്ഷ്മീസങ്കേതമാണു് അവളുടെ ആവാസസ്ഥലം. അവളുടെ പിതൃഭാഗിനേയൻ ഒരു യുവാവു് അവളുടെ കർണ്ണങ്ങളിൽ ശൃംഗാരസൂക്തികൾ ഗാനംചെയ്തു. അവൾ ആദ്യം ആ ഗാനപ്രവാഹത്തിനു ബധിരയായിരുന്നു. ഒടുവിൽ, അബലയല്ലേ? ആ ദുർമ്മദൻെറ മധുരവാക്കു്പ്രയോഗങ്ങളിൽ മയങ്ങി അവൾ സ്വഹൃദയത്തെ അവനു സമർപ്പിച്ചു. അവൻ അവളെ കന്യാവലയത്തിൽനിന്നു വിമുക്തയാക്കി കുറേനാൾ നരകസുഖാനുഭവങ്ങളിൽ വിഹരിച്ചിട്ടു്, പരദേശഗമനംചെയ്തു. അവൻ ഇപ്പോൾ ബൌദ്ധസേനയിലെങ്ങാൻ ഉൽകൃഷ്ടഹർമ്മ്യത്തിൽ സുഖിക്കുന്നുപോൽ. കല്യാണീനാമാവായ ആ ബാലിക ശോകമഹാസമുദ്രത്തിൽ നിപതിക്കുകയും ചെയ്തു. അവൾ വേപഥുഗാത്രയായി നമ്മുടെ ക്ഷീണപാദങ്ങളെ അവലംബിച്ചിരിക്കുന്നു. ഇരവിപ്പിള്ളേ! ശ്രവിക്കുന്നുണ്ടോ മനുഷ്യൻെറ മലിനകഥകൾ?

സീതാലക്ഷ്മി:—(ആത്മഗതം) ഇതു ആ ഓലയിൽ കണ്ട കാർയ്യമാണല്ലോ. (പ്രകാശം) സ്വാമീ! അന്നു പറഞ്ഞിരുന്ന മന്ത്രം അടിയനുപദേശിക്കണം.

സന്യാസി:—(ആത്മഗതം) ഇന്നിത്രയും പ്രയോഗിച്ചാൽ മതി. കൂടുതൽ ആയാൽ—ഇവൾ അസാധാരണബുദ്ധിയുള്ളവൾ ആണു്—വ്യാജം പുറത്തുവന്നേക്കും. ഇത്രയുംകൊണ്ടു് ഇവളുടെ അഭിമാനം ഉടഞ്ഞിരിക്കണം. (പ്രകാശം) വത്സേ! ആ ഉപദേശത്തിനുതന്നെ നാം ഇന്നിവിടെ ആഗതനായിരിക്കുന്നതു്. നമുക്കു പൂജാമുറിയിലേക്കു പോകാം.

# അഞ്ചാംരംഗം.

(ആൎക്കാട്ടുനവാബിൻെറ സചിവൻ മുസ്തഫ്ഖാൻെറ അരമനയിൽ ഒരു മുറി. സുലേഖ ഒരു പൎയ്യങ്കത്തിൽ വിവൎണ്ണവദനയായിരിക്കുന്നു. നൂറഡീൻ ഒരു പീഠത്തിൽ കാൽചവുട്ടി നിൽക്കുന്നു)

സുലേഖ:—നൂറദ്! നാം വളരെനാളത്തേക്കു പിരിയുവാൻ പോവുകയല്ലേ? സൎവ്വജ്ഞനായ ദീൎഘദൎശിയുടെ അനുഗ്രഹത്താൽ അങ്ങേ യാത്ര സുഖസംപൂൎണ്ണമായി തീരുമാറാകട്ടെ! എനിക്കു് ഇന്നു് അസാധാരണമായ ഹൃദയക്ഷീണം ഉണ്ടാകുന്നു. പ്രിയപ്പെട്ട നൂറദ്! എൻെറ അടുത്തുനിന്നു് എന്നെ ഒന്നാശ്വസിപ്പിച്ചിട്ടു പോകൂ.

നൂറഡീൻ:—സുലേഖേ! ഉലാമാമാരുടെ നിൎബ്ബന്ധപൂൎവ്വമായ ഉപദേശംകൊണ്ടല്ലായിരുന്നെങ്കിൽ ഞാൻ ഈ അല്പകാലത്തേക്കുപോലും എൻെറ പ്രിയസഹോദരിയെ വേർപെടുകയില്ലായിരുന്നു. നമ്മുടെ ഉററ ബന്ധുവായ മുസ്തഫാ എനിക്കു ധൈൎയ്യം തരുന്നുണ്ടു. എന്നെക്കാൾ പ്രിയതരമായി നിന്നെ ശുശ്രൂഷിക്കുന്നതിനു് നമ്മുടെ പ്രിയഭാഗിനേയൻ മുസ്തഫ് ഉള്ളപ്പോൾ എൻെറ അനുജത്തി ഇങ്ങനെ വിഷാദിക്കുന്നതെന്തിനു്? (അടുത്തുചെന്നു ഭുജങ്ങളിൽ പിടിച്ചു് മുന്നോട്ടുകൊണ്ടുവന്നിട്ടു്) എൻെറ ഓമന അനുജത്തി കണ്ണുനീർകൊണ്ടു ജ്യേഷ്ഠനെ യാത്ര അയയ്ക്കരുതേ. നിന്നെ കൂടുതൽ മനോഹരിയാക്കുന്ന ആ മന്ദസ്മിതപ്രകാശം ജ്യേഷ്ഠൻ ഒന്നു കണ്ടുകൊള്ളട്ടെ.

സുലേഖ:—(വിലാപസ്വരത്തിൽ) ഞാൻ എങ്ങിനെ കരയാതിരിക്കും! ഈ ദിവസത്തിൽ ചിരിയോടുകൂടി സഹോദരനെ യാത്ര അയയ്ക്കണമെന്നു ഞാൻ എന്നേ ഉറച്ചുവച്ചിരുന്നു! എന്നാൽ നറദ്! എന്നാൽ—(കരയുന്നു)

നറദ്ദീൻ:—ഞാൻ എന്താണു് ഓമനേ! ചെയ്യേണ്ടതു്? പരലോകംപ്രാപിച്ച അച്ഛനും ഫാത്തിമയും ഉണ്ടായിരുന്നെങ്കിൽ-എൻെറ അനുജത്തിക്കു് ഈ വേർപാടു് അത്രവളരെ സന്താപകരമായി തോന്നുകയില്ലായിരുന്നു. സുലേഖേ! അക്കൂട്ടത്തിൽ നാം രണ്ടുപേരുംമാത്രം ശേഷിച്ചു. ഞാൻ ഇന്നാൾ ഒരുദിവസം ഷംസുദ്ദീൻെറ—

സുലേഖ:—(ഞെട്ടിനോക്കിയിട്ടു്)എന്തുണ്ടായി? എന്താണു മുഴുവൻ പറയാത്തതു്? നറദ് ആരെക്കണ്ടു? ഷംസുദ്ദീൻെറ ആരെക്കണ്ടു എന്നുപറയണം. ആരുടെ വത്തമാനം ഗ്രഹിച്ചു?

നറദ്ദീൻ—വല്ലവരേയും കണ്ടു എന്നോ വല്ല വാത്തയും കേട്ടു എന്നോ ഞാൻ പറഞ്ഞോ? സുലേഖേ! എന്നെ വ്യസനിപ്പിക്കാതിരിക്കൂ. ഞാൻ പരിശുദ്ധിയേറിയ മക്കത്തുപോയി സുഖമായി തിരിച്ചുവരട്ടെ. അതിനായി ജഗന്നിയന്താവിനെ പ്രാത്ഥിക്കൂ.

സുലേഖ:—അങ്ങു് ആരെക്കണ്ടു എന്നു പറയണം.

നറദ്ദീൻ:—ഷംസുദ്ദീൻെറ കിങ്കരൻ ഒരു പടയാളിയെ. അവൻ പല വിശേഷങ്ങളും എന്നോടു പറഞ്ഞു.

സുലേഖ:—അവൻ എന്തു വിശേഷമാണു് പറഞ്ഞതു്? "ഷംസുദ്"—ഏയ് അദ്ദേഹത്തിൻെറ പേര അതല്ലല്ലൊ. ലോലമനസ്സയായ ഒരു നിർഭാഗ്യയെ വ്യാമോഹിപ്പിക്കുവാൻ ദൈവം അല്പനാളത്തേക്കു് അദ്ദേഹ

ത്തിന്ന നൽകിയിരുന്ന ഒരു മധുരനാമധേയം മാത്ര മായിരുന്നില്ലേ അതു്? നുറദ്! ആ പടയാളി എന്തു വിശേഷമാണു് ആ കനകകുംഭത്തെപ്പററി പറഞ്ഞ തെന്നു പറയൂ.

നുറഡീൻ:—സുലേഖേ! നീ അഭിമാനം മറന്നാണു് സംസാ രിക്കുന്നതെന്നറിയുന്നില്ലേ?

സുലേഖ:—നുറഡീൻഖാന്റെ അനുജത്തി അഭിമാനത്തെ ഒരിക്കലും ചവുട്ടിത്തേച്ചിട്ടില്ല. അവളുടെ ജീവൻ ക്രമേണ വററിച്ചുവരുന്ന അഭിമാനത്തെ അവൾ ദുസ്സഹമായ വാശിയോടുകൂടി പോഷിപ്പിക്കുകയായി രുന്നു. അങ്ങിനെ അവൾ ചെയ്യില്ലായിരുന്നു എങ്കിൽ തീർച്ചയായും—അതേ തീർച്ചയായും—നുറദ്ദ് എന്നെ അകാരണം വ്യസനിപ്പിക്കാതിരിക്കൂ.

നുറഡീൻ:—എനിക്കു് അവസാനമായി എന്റെ അനു ജത്തിയോടു് ഒരു പ്രാൎത്ഥനയുണ്ടു്. അതു് അൎപ്പിക്കു വാനുള്ള അവസരം ഞാൻ ഇതുവരെ നീട്ടിവച്ചു.

സുലേഖ:—എന്നോടു് എന്റെ സഹോദരനു് പ്രാൎത്ഥിക്കു വാൻ യാതൊന്നുമില്ല. ആജ്ഞാപിക്കുവാനേയുള്ളു.

നുറഡീൻ:—അടുത്തുനില്ക്കൂ. ഞാൻ അവധാനപൂൎവ്വം അറി യിക്കാം. പ്രിയപ്പെട്ട അനുജത്തി! നിന്റെ സുഖം കാണണമെന്നു മാത്രമേ എനിക്കു ജീവിതത്തിൽ ഒരു ആശ ശേഷിച്ചിട്ടുള്ളു.

സുലേഖ:—(കണ്ണുനീർതുടച്ചു്)എന്താണുപറയുവാനുള്ളതു്?

നുറഡീൻ:—(സങ്കോചത്തോടെ) എന്റെ ഉത്തമസ്നേഹി തനും എന്റെ അനുജത്തിയെ ജീവനെപ്പോലെ സ്നേഹിക്കുന്നവനും ആയ അബുബേക്കറിനെപ്പററി യാണു്.

സുലേഖ:—നറദ്ദ്! എന്നിൽ ശേഷിച്ചുനിൽക്കുന്ന ധൈര്യത്തേയും നശിപ്പിച്ചിട്ടുവേണമോ അങ്ങേയ്ക്കു മക്കത്തേയ്ക്കു പോകേണ്ടതു്?

നറഡീൻ:—അല്ല; എന്റെ സഹോദരിയെ പരമസുഖത്തിൽ കണ്ടിട്ടു്, നിങ്ങൾ ഇരുവരും പരസ്പരപ്രേമത്തോടുകൂടി ജീവിതഗതിയിൽ ഒന്നു ചേൎന്നു മുന്നോട്ടു പോകുവാൻ തുടങ്ങുന്നതു കണ്ടിട്ടു് ജീവൻ വെടിയണമെന്നുതന്നെയാണു് സാധുവായ ജ്യേഷ്ഠന്റെ ആഗ്രഹം.

സുലേഖ:—എന്റെ സുഖമാണു കാംക്ഷിക്കുന്നതെങ്കിൽ ഷംസുദ്ധീന്റെ കിങ്കരൻ എന്തുപറഞ്ഞു എന്നു പറയൂ.

നറഡീൻ:—(കോപത്തോടെ)എനിക്കു കഴിയുമായിരുന്നെങ്കിൽ ഞാൻ ആ പരമോപദ്രവിയുടെ ജീവൻ അവസാനിപ്പിക്കുമായിരുന്നു. മഹാപാപി! അത്ര ഘോരമായി അവൻ എന്റെ സഹോദരിയുടെ ഹൃദയം വ്രണപ്പെടുത്തി അവളേയും അതുമൂലം എന്നേയും രക്തധമനികൾ മുറിച്ച മൃഗകീടങ്ങൾ ആക്കിക്കളഞ്ഞു. ദ്രോഹി! ഘാതകൻ!

സുലേഖ:—ആരു്? ആരേപ്പററിയാണു് എന്റെ പ്രിയസഹോദരൻ ഈ വാക്കുകൾ പറയുന്നതു്?

നറഡീൻ:—ആ നീചൻ ഷംസുദ്ധീനേപ്പററിത്തന്നെ. അവിശ്വാസി; അശുദ്ധഹൃദയൻ; നികൃഷ്ടൻ.

സുലേഖ.—നിറുത്തു, നറദ്ദ്! സത്യസ്വരൂപനു കോപം വരുന്ന പദപ്രയോഗങ്ങൾ നിറുത്തിക്കളയൂ. മഹാശയനും കാരുണ്യവാരിധിയുമായ ഷംസുദ്ധീൻ അത്രയും കാലത്തേക്കെങ്കിലും നമുക്കു നൽകിയ പരമാനന്ദപ്രകാശത്തേപ്പററി ആദരപൂൎവ്വം സ്മരിച്ചു് ആ കോമളപുരുഷന്റെ ദീൎഘായുസ്സിനുവേണ്ടി അള്ളായോടു

പ്രാഡ്വിക്ക്:— നമുക്കു് ആ വിധത്തിൽ എങ്കിലും അങ്ങോട്ടുള്ള കടപ്പാടു തീർക്കുവാൻ ശ്രമിക്കാം. ഷംസുഡീൻ—ഷംസുഡീൻ പരമമനോഹരനും വീര്യനിധിയും സ്നേഹസർവ്വസ്വവുമായ ഷംസുഡീൻ—ഹാ! (ഓർമ്മയിൽ സുഖിക്കുന്നു)

നറഡീൻ:—ആ നാടോടിക്കാലം ഓർമ്മിച്ചു് നിൻെറ അനർഘമായ ആയുസ്സിനെ നശിപ്പിക്കുവാനാണോ ഒരുമ്പെട്ടിരിക്കുന്നതു്?

സുലേഖ:—നറട്ടിനു് ആ പരമാർത്ഥം എത്രയോ മുമ്പു ബോദ്ധ്യപ്പെട്ടിരിക്കണം. പിന്നെയെന്തിനു് വീണ്ടും ആ കഥ ഇളക്കുന്നു?

നറഡീൻ:—സുലേഖേ! ആബുബേക്കർ സുന്ദരനാണു്. യുദ്ധവീരനാണു്. നവാബിൻെറ വിശ്വസ്തമിത്രമാണു്. എൻെറ അനുജത്തിയിൽ അനുരക്തനും കുലീനനുമാണു്.

സുലേഖ:—എന്നാലും ഷംസുഡീനല്ല. നറട്ടു് ലോകത്തിൽ ഷംസുഡീൻ ഒന്നുമാത്രമേയുള്ളൂ. രണ്ടാമതൊരാൾ ഈ അപൂർണ്ണ മഹീതലത്തിൽ ഉണ്ടാവുകയില്ല. ഞാൻ ഒന്നുചോദിക്കട്ടെ? നറട്ടു് ഞാൻ ആയിരുന്നെങ്കിൽ ആ കോമളഘട്ടങ്ങൾക്കിപ്പുറം ഈ നിസ്സാര ജീവൻ വഹിച്ചുകൊണ്ടിരിക്കുമായിരുന്നുവോ?

നറഡീൻ:—അതേ. അതാണു ഞാൻ പറയുന്നതു്. ആ നീചൻ നമ്മേ വഞ്ചിക്കുകയില്ലായിരുന്നു.

സുലേഖ:—അയ്യോ! സഹോദരാ! ആ വാക്കു മറന്നേകളയൂ. പുണ്യവാനായ ഷംസുഡീൻ അതു് അർഹിക്കുന്നില്ല.

നറഡീൻ:—(കോപത്തോടെ) എന്തു്? നാം നൽകിയ ജീവനും നാം കൊടുത്ത അഭയവുംകൊണ്ടു് മഹാ

കാൎയ്യങ്ങൾ സാധിച്ചു്, തൻെറ സ്വാമിയേയും ബന്ധുക്കളേയും അജിതവിക്രമന്മാരായ ശത്രുക്കളിൽനിന്നു നമ്മുടെ സഹായംകൊണ്ടു രക്ഷപ്പെടുത്തി, ഹായ്! നമുക്കു സകലതും കടപ്പെട്ടിരിക്കുന്ന ആ നീചൻ— എന്താണു് ആ ദുഷ്ടൻ നമുക്കു ചെയ്തു പ്രത്യുപകാരം! നമ്മെ നിത്യദാസ്യത്തിൽ പതിപ്പിച്ചു. എൻെറ ഓമന—നിഷ്കളങ്ക പുണ്യവതി—എൻെറ അനുജത്തിയെ ശാശ്വതദുഃഖത്തിൽ വീഴ്ത്തി. ഇതിൽപരം നിർഘൃണത്വം മനുഷ്യനാൽ കഴിവുള്ളതാണോ സുലേഖേ?

സുലേഖ:—ഇതു വല്ലതും അദ്ദേഹത്തിൻെറ അപേക്ഷപ്രകാരം നാം ചെയ്തതാണോ. നൂറദ്ദ്! തന്നേ രക്ഷിക്കണം, തനിക്കഭയംതരണം, തന്നേ ഒന്നുരണ്ടുവൎഷത്തേക്കു സൂക്ഷിച്ചുകൊള്ളണം എന്നു വല്ലതും ആ വീരകുമാരൻ നമ്മിൽ ആരോടെങ്കിലുമോ അച്ഛനോടോ വന്നു് അൎത്ഥിച്ചുവോ? നമ്മുടെ ദുൎമ്മോഹംകൊണ്ടു നാം ചില ഗോഷ്ഠികൾ കാണിച്ചു ആ യോദ്ധാവിൻെറ സ്വാതന്ത്ര്യം, നമ്മുടെ സ്വാൎത്ഥത്തേ പോഷിപ്പിക്കുവാൻ, അനേകംനാൾ അപഹരിച്ചു. നമ്മുടെ സന്തുഷ്ടിക്കുവേണ്ടി നാം അദ്ദേഹത്തെ ആരാധിച്ചു. അതിനിപ്പോൾ കുററക്കാരൻ ആ മഹാശയൻ ആയിത്തീൎന്നു എന്നാണോ നൂറദ്ദ് പറയുന്നതു്?

നൂറഡീൻ:—അതേ, അതേ. അന്നുരാത്രി ആ ചെയിത്താൻ വേല്യക്കുറുപ്പിൻെറ വെട്ടുകൊണ്ടു് വിഗ്രഹാരാധനക്കാൎക്കു് വിധിച്ചിട്ടുള്ള അഗ്നിപ്രളയത്തിലേക്കു പോകുവാൻ സന്നദ്ധനായിക്കിടന്ന കാട്ടിൽനിന്നു നാം എടുത്തുകൊണ്ടു വന്നില്ലായിരുന്നു എങ്കിൽ—

സുലേഖ:—എങ്കിൽ ചെമ്പകശ്ശേരിയിലെ കുട്ടിക്കു് ഇത്ര വളരെ കഷ്ടതകൾ അനുഭവിക്കുവാൻ സംഗതിയാവു

കയില്ലായിരുന്നു. പാവം ഷംസുദ്ധീനും കാട്ടുമേട്ടുകളിൽ അലയാതെ നേരത്തേ ജീവിതസാരസ്യത്തിലേക്കിറങ്ങാമായിരുന്നു. (ദീർഘനിശ്വാസത്തോടുകൂടി ആത്മഗതം) മനസ്സേ! എൻെറ പ്രിയതമൻെറ അഭിമാനത്തിനുവേണ്ടിയുള്ള ഈ ശ്രമത്തിൽ എന്നേ ക്ഷീണിപ്പിക്കരുതു്. പ്രഭോ! അവിട്ടത്തേ ജീവിതസാരസ്യം ഒരു കീടത്തിൻെറ ആയുർദ്ദൈർഘ്യത്തേ ക്ഷണേന കൃശമാക്കുന്നുവെന്നു് അങ്ങു് ഒരു പക്ഷേ അറിയുന്നില്ലായിരിക്കാം.

നറഡീൻ:—അപ്പോൾ അന്നു നാം ഷംസുദ്ധീനെ എടുത്തുകൊണ്ടുവന്നില്ലായിരുന്നുവെങ്കിൽ ആ മാംസക്കഷണത്തിൽ ജീവൻ തുടന്നു പ്രവഹിക്കുമായിരുന്നു എന്നാണോ സഹോദരീ! നീ പറയുന്നതു്? വെട്ടിയിട്ടിട്ടുപോയവർ തിരികെവന്നു്, ശത്രു മരിച്ചിട്ടില്ലെന്നുകണ്ടാൽ മൂട്ടുകത്തി ശിരസ്സു നമിച്ചിട്ടുപോവുമെന്നാണോ വിചാരം? സുലേഖേ ബുദ്ധിപൂർവ്വം സംസാരിക്കൂ.

സുലേഖ:—നറദ്ദ് പോയിവരൂ. എൻെറ സഹോദരൻെറ സുഖസമ്പൂർണ്ണമായ യാത്രയ്ക്കുവേണ്ടി നിമിഷംപ്രതി പ്രാർത്ഥിച്ചു്, ഞാൻ നമ്മുടെ മുസഫിൻെറ അരമനയിൽ ഇരുന്നുകൊള്ളാം.

നറഡീൻ:—ആബുബേക്കർ—

സുലേഖ:—ആ തമ്പിസ്സാഹേബ്ബു മായി ശത്രുക്കളുടെ നേക്കു സൈന്യങ്ങളെ നയിക്കട്ടെ. (വിലാപസ്വരത്തിൽ) ജ്യേഷ്ഠാ! നമ്മേ വാത്സല്യപ്പനിനീരിൽ അനുദിനം കുളിപ്പിച്ചു്, രക്തോജ്ജ്വലമായ നിതാന്തസ്വർഗ്ഗത്തിലേക്കു് ആരോഹണംചെയ്ത അഭിവന്ദ്യനായ അച്ഛനെ ഓൎമ്മിച്ചെങ്കിലും എന്നേ ഒരുകാര്യത്തിനും നിർബ്ബന്ധിക്കരുതേ. ഞാൻ നറദ്ദിൻെറ അനുജത്തിയും മുസ

ഹിൻെറ മാതാവുമായി ജീവിതം അവസാനിപ്പിച്ചു കൊള്ളാം.

നറഡീൻ:—സുലേഖേ! ഞാൻ ഭാരമേറിയ ചിത്തത്തോടു കൂടിയാണു് എൻെറ അനുജത്തിയേ പിരിയുന്നതെന്നു നീ അറിയുന്നുണ്ടോ? (സുലേഖയെ ആലിംഗനം ചെയ്തു വിലപിക്കുന്നു.)

സുലേഖ:—(വിലാപത്തിൽ)ജ്യേഷ്ഠാ! പ്രിയപ്പെട്ട ജ്യേഷ്ഠാ! ഷംസുഡീനേയല്ലാതെ വേറെ ആരെയും സ്മരിക്കുവാൻ എനിക്കു ശക്തിയില്ലാതായിപ്പോയി. (പര്യങ്കത്തിൽ ഇരുന്നു മുഖംപൊത്തിക്കരയുന്നു.)

നറഡീൻ:—വിശുദ്ധനിബി എൻെറ നിഷ്കളങ്കയും സുസ്ഥിരചിത്തയുമായ ഓമനഅനുജത്തിയെ അനുഗ്രഹിക്കട്ടെ!

---

## ആറാം രംഗം

(വള്ളിയൂർ കാളീക്ഷേത്രത്തിനടുത്തുള്ള ഒരു സന്ന്യാസിഗൃഹം.
അനന്തകൃഷ്ണൻതമ്പി മ്ലാനവദനനായിരിക്കുന്നു.
മാതൃക്കരുപ്പിന്റെ മകൾ കല്യാണി കയ്യിൽ
കുറെ പാലുമായി നില്ക്കുന്നു.)

അനന്തകൃഷ്ണൻതമ്പി:— നിങ്ങൾ എന്തിനാണു് അവിടെ നിന്നു ബുദ്ധിമുട്ടുന്നതു്? ഞാൻ എത്രതവണ പറഞ്ഞു, നിങ്ങൾ എന്റെമുമ്പിൽ വന്നിട്ടേ ആവശ്യമില്ലെന്നു്? എന്നെ നിങ്ങളുടെ കേളീശുകം ആക്കുവാൻ ഉള്ള ധാർഷ്ട്യം കുറച്ചു കടന്നുപോയി.

കല്യാണി:— എനിക്കിതിനെപ്പറ്റി യാതൊന്നും അറിയുവാൻ വഹിയാ. ഗുരുസ്വാമി ഒരുദിവസം എന്നെ വിളിച്ചുണർത്തി, അങ്ങേ വേണ്ടവിധം ശുശ്രൂഷിക്കണമെന്നും, അതുമാത്രമാണു് എന്റെ ജോലിയെന്നും ആജ്ഞാപിച്ചിട്ടുപോയി. ഞാൻ വിളക്കുമായി വന്നു നോക്കിയപ്പോൾ അവിടുന്നു ബോധമില്ലാതെ കിടക്കുന്നു. ഇത്ര മാത്രമേ എനിക്കു് അവിടുത്തെ ചരിത്രത്തെപ്പററി അറിവുള്ളൂ. അവിടുന്നു് ഈ പാൽ കുടിക്കണം. ഇങ്ങനെ വാശിപിടിച്ചു് ഒന്നും കഴിക്കാതിരുന്നാൽ വല്ലതും രോഗംവന്നുപോവുമല്ലോ. ഗുരുസ്വാമി എന്നോടു പ്രത്യേകം പറഞ്ഞിട്ടുള്ളതാണു്.

അനന്തകൃഷ്ണൻതമ്പി:— ഗുരുസ്വാമി! വൻകള്ളന്മാർ, തീവട്ടിക്കൊള്ളകൊണ്ടുപജീവനം കഴിക്കുന്ന ദ്രോഹികൾ. അബദ്ധം എനിക്കു വന്നുപോയെന്നു സമ്മതിക്കുന്നു. കാളീക്ഷേത്രത്തിലെ കാഴ്ച കാണാം, കുഞ്ഞമ്മ ഭജനത്തിൽ കയറി അതിരുകടക്കുന്നു എന്നുള്ള ആ സന്ന്യാ-

സിദ്ധൌഷധത്തിൻെറ ഭേഷജം കേട്ട് ഞാൻ ഈ സ്ഥല ത്തുവന്നു് ബന്ധനത്തിൽ അകപ്പെട്ടെന്നു വല്ലവരും അറിഞ്ഞാൽ അതു വളരെ കുറച്ചിൽ. ഹേ! സ്ത്രീ! നിങ്ങൾ നിങ്ങളുടെ ഗുരുസ്വാമിയോടു് ഒരുകാൎയ്യം പറയേണ്ടതുക. എന്നെ എന്തുചെയ്താലും നിങ്ങൾക്കു ഒരുവകയും എന്നിൽനിന്നു് അപഹരിക്കുവാൻ സാധിക്കുന്നതല്ല.

കല്യാണി:—എന്നോടെന്തിനിതെല്ലാം പറയുന്നു? ഇവി ടത്തെ ചട്ടവട്ടങ്ങളെപ്പററി ഞാൻ അങ്ങേക്കാൾ അജ്ഞയാണു്.

അനന്തകൃഷ്ണൻതമ്പി:—നിങ്ങൾ മലയാളത്തുകാരി സ്ത്രീയാ ണല്ലോ. ഈ മറവക്കൊള്ളക്കൂട്ടത്തിനിടയിൽ നിങ്ങൾ എങ്ങിനെ വന്നു?

കല്യാണി:—(ആത്മഗതം) അക്കാൎയ്യം ആണു് അച്ഛൻ പറയരുതെന്നു് എന്നെ വിലക്കിയിട്ടുള്ളതു്. ഇദ്ദേ ഹത്തെ അച്ഛനോടുള്ളതിനേക്കാൾ കൂടുതൽ ഭക്തി യോടെ ശുശ്രൂഷിക്കണമെന്നു് എന്നോടു പലതവണ ഉപദേശിച്ചിട്ടും ഉണ്ടു്. എന്നാൽ എൻെറ വീടോ നാടോ യാതൊന്നും പറയരുതെന്നു വിലക്കുകയും ചെയ്തിരിക്കുന്നു. ഞാൻ ഇടനാട്ടു് ചെങ്കോടി മാത്തു കുറുപ്പു് എന്നയാളിൻെറ മകൾ ആണെന്നും തീൎത്ഥ യാത്രയിൽ അച്ഛനും ഭൃത്യന്മാരുമായി ഇവിടെ എത്തിയതാണെന്നും, തൽക്കാലം അച്ഛൻെറ അഭി ലാഷം അനുസരിച്ചു് അദ്ദേഹത്തിൻെറ ഗുരുപാദ രുടെ ഗൃഹാശ്രമത്തിൽ താമസിക്കുകയാണെന്നും ഒന്നും പറയുന്നതിനെനിക്കന്വേവാദമില്ല.

അനന്തകൃഷ്ണൻതമ്പി:— അതേ, നിങ്ങൾ കള്ളംപറയു വാൻ ആലോചിക്കുകയാണു്. നേരുപറയാമെങ്കിൽ മതി. എന്നെ വെറുതെ വഞ്ചിക്കുവാൻ തുടങ്ങണ്ടാ.

കല്യാണി:—ഞാൻ ഒരിക്കലും കള്ളം പറഞ്ഞിട്ടില്ല. പറയുന്നതുമല്ല. ഞാൻ ആരെന്നു പറയുവാൻ എനിക്കു് അനുവാദമില്ല.

അനന്തകൃഷ്ണൻതമ്പി:—ആരുടെ അനുവാദമില്ല? നിങ്ങളുടെ വല്ലവരും ഈ കൊള്ളക്കൂട്ടത്തിൽ ഉണ്ടോ?

കല്യാണി:—അതിനു മറുപടി പറയുവാനാണു നിവൃത്തിയില്ലാത്തതു്.

അനന്തകൃഷ്ണൻതമ്പി:—നിങ്ങൾ ഈ ഇളംപ്രായത്തിൽ ഈ കൊള്ളക്കാരുടെ കൂട്ടത്തിൽ ചേൎന്നതെങ്ങിനെ?

കല്യാണി:—ഞാൻ ആരുടേയും കൂട്ടത്തിൽ ചേൎന്നിട്ടില്ല. എന്റെ വീട്ടിൽ എന്നപോലെ സുഖമായും നിർബാധമായും ഞാൻ ഇവിടെക്കഴിയുന്നു.

അനന്തകൃഷ്ണൻതമ്പി:—(ആത്മഗതം) ഇതിന്റെ അൎത്ഥം എന്തു്? ഇവൾ നിഷ്കളങ്കയാണു്. കുലീനതയും സ്വഭാവശുദ്ധിയും മുഖത്തും വാക്കുകളിലും സ്ഫുരിക്കുന്നുണ്ടു്. ഇവിടെ അങ്ങിങ്ങു ചിലപ്പോൾ കാണുന്ന സന്യാസിവേഷക്കാർ എന്നെ നവാബിനേപ്പോലെ ബഹുമാനിക്കുന്നതാനും. ഇതൊക്കെക്കൂടെ കണ്ടിട്ടു് ഇതു് ഏതോ ഒരു താൽക്കാലിക വിദ്യയാണെന്നാണെനിക്കു തോന്നുന്നതു്. അരമനയിലെ വല്ല ബന്ധുപുരിഷയും (ഓൎമ്മിച്ചിട്ടു്) അതേ, ആ അസൂയപ്രേതം ആബുബേക്കരുടെ വിദ്യയായിരിക്കാം. ആക്കോട്ടിൽ ഇപ്പോൾ വല്ല യുദ്ധവും തുടങ്ങുവാൻ ഭാവിക്കുന്നുണ്ടായിരിക്കും. അതിൽനിന്നു് എന്നെ ഒഴിച്ചുനിൎത്തണമെന്നു് ആഗ്രഹം ഉള്ളവൻ ആബുബേക്കർതന്നെയാണു്. ഞാൻ വെളിയിൽ ആയിരുന്നെങ്കിൽ എന്നെ സേനാധിപനായി നിയമിക്കുമെന്നു കരുതി എന്നുമുതൽതന്നെ അയാൾ ആഗ്രഹിക്കുന്ന ആ സ്ഥാനം എന്റെ ഒഴിവിൽ കൈയ്യിലാക്കുവാൻ

ഉദ്ദേശിച്ചപ്രകാരം ചെയ്തതായിവന്നേക്കാം. ഇവിടെ കാണുന്ന സന്ന്യാസിമർ ഹിന്ദുക്കളാണല്ലോ. അപ്പുവും ഇവരും തമ്മിൽ ഉള്ള കൂട്ടുകെട്ടെങ്ങിനെ വന്നു. അതും പോകട്ടെ. മലയാളത്തുകാരിയായ ഈ ഉൽകൃഷ്ടയുവതി ഇതിൽ എങ്ങിനെ ചാടി? കഷ്ടം! സീത! ഞാൻ ഇപ്പോൾ എവിടെയാണെന്നായിരിക്കുമോ വിചാരിക്കുന്നതു്? ഈ ബന്ധനത്തിൽനിന്നു് എങ്ങിനെ രക്ഷനേടേണ്ടു?

കല്യാണി:—അവിടുന്നു് എന്തൊക്കെയോ മനസ്സിൽ വിചാരിച്ചുകൊണ്ടിരിക്കുന്നു. ഉപവാസംകിടന്നാൽ ദേഹം ക്ഷീണിച്ചുപോകും. ദയവുചെയ്തു് ഈ പാൽ കുടിക്കണം. വല്ല മഹാരോഗവും വരുത്തിവയ്ക്കരുതു്.

അനന്തകൃഷ്ണൻതമ്പി—എന്നാൽ മരിക്കുമെന്നല്ലേ ഉള്ളു? അതാണു് ഈ അപമാനത്തേക്കാൾ നന്നു്.

കല്യാണി:—(ആത്മഗതം)അയ്യോ! ആ വാക്കു് ഈശ്വരൻ തിരിച്ചെടുക്കട്ടെ. ഇദ്ദേഹം പോയാൽപിന്നെ ഞാൻ ആരേ കണ്ടുകൊണ്ടിരിക്കും? (പ്രകാശം) വീൺവാക്കു പറയരുതു്. അവിടുത്തേക്കു ദീർഘായുസ്സാണു്. എന്നിൽ ലേശമെങ്കിലും കാരുണ്യമുണ്ടെങ്കിൽ ഈ പാൽ കുടിക്കണം.

അനന്തകൃഷ്ണൻതമ്പി:—(ആത്മഗതം) ഇവളുടെ ഭാവഭേദങ്ങൾ എന്നെ ഏകകാലത്തിൽ ക്ഷോഭിപ്പിക്കുകയും ഇവളോടു് ആർദ്രനാക്കുകയും ചെയ്യുന്നു. ഒരുപക്ഷേ സ്ത്രീസഹജമായ അലിവു് ഇവൾക്കു് എന്നിൽ ഉണ്ടായേക്കാം. (പ്രകാശം) പാൽ ഇങ്ങുകൊണ്ടുവരൂ. ഞാൻ കുടിക്കാം. ഇനി നിങ്ങൾ എനിക്കുവേണ്ടി ഭക്ഷണം പാകംചെയ്യുകയോ കൊണ്ടുനടക്കുകയോ ചെയ്യണമെന്നില്ല. എനിക്കു വേണമെന്നു തോന്നുമ്പോൾ അക്കാര്യങ്ങൾ ഞാൻ ശരിയാക്കിക്കൊള്ളാം.

കല്യാണി:—(ആനന്ദസമേതം പാൽകൊടുത്തിട്ട്) സ്ത്രീകൾക്കാണ് അടുക്കള. അല്ലാതെ പുരുഷന്മാൎക്കല്ല.

അനന്തകൃഷ്ണൻതമ്പി:—(പാൽകുടിച്ചിട്ടു) അന്യരെന്നുവരുമ്പോൾ ആ ഭേദം ഉപയുക്തമാവുകയില്ലല്ലോ.

കല്യാണി—(പാത്രം ഭക്തിപുരസ്സരം വാങ്ങിയിട്ട്) അന്യമോ സ്വന്തമോ എന്ന് പറഞ്ഞുതരുന്നതു് മനസ്സാണ്.

അനന്തകൃഷ്ണൻതമ്പി—അങ്ങിനെ മനസ്സിന് ഒരു വൈശേഷത തോന്നുവാൻ ഇവിടെകാൎയ്യമില്ല. ആരാണെന്നു ചോദിച്ചിട്ട് അതിനു മറുപടിപറയാതെ വഞ്ചന പ്രവൎത്തിക്കുന്ന നിങ്ങളാണോ മനസ്സിന്റെ ഭാവഭേദങ്ങളെപ്പററി സംസാരിക്കുന്നതു്? നിറുത്തുക; നിറുത്തുക. ഞാൻ അല്പം സ്വൈരം അനുഭവിക്കട്ടെ.

കല്യാണി—(ആത്മഗതം) പത്മനാഭാ! ഇദ്ദേഹം തന്നത്താനറിയാതെ നിഷ്കണ്ടകത്വം കാട്ടുന്നു. ഞാൻതന്നെ അപരാധം പ്രവൎത്തിച്ചു. എങ്ങിനെയെല്ലാം വരുമെന്ന് ഈശ്വരനുതന്നെ അറിയാം (പ്രകാശം) ഞാൻ ആരാണെന്ന് അവിടുത്തെ അറിയിക്കുവാൻ വന്നുകൂടീട്ടുള്ള കഴിവില്ലായ്മയെ ക്ഷമിക്കണം. എനിക്കു തൽക്കാലം മാപ്പുതരണം. പക്ഷെ ഒരുകാൎയ്യം ഞാൻ പറഞ്ഞുകൊള്ളട്ടെ. ഞാൻ അവിടുത്തെ ദാസി – വിനീതദാസി—ആണ്; എന്നൊന്നേക്കും. അവിടുത്തെ ശുശ്രൂഷിക്കുന്നതിൽ എനിക്കു അതിരില്ലാത്ത ആനന്ദമുണ്ട്.

അനന്തകൃഷ്ണൻതമ്പി:—(ആത്മഗതം) എന്റെ സംശയം സ്ഥിരപ്പെട്ടു. പക്ഷേ ഈ പോക്ക് അനുവദിച്ചുകൂടാ. (പ്രകാശം) അതേ. നാട്ടിൽ നിന്നും വീട്ടിൽ നിന്നും വെളിയിൽ ഇറങ്ങി അന്യദേശക്കാരുടെ കൊള്ളക്കൂട്ടത്തിൽകൂടി മററുള്ളവരെ ചതിക്കുവാൻ പുറപ്പെട്ടിരിക്കുന്ന നിങ്ങളുടെ ഈ മധുരവാക്കുകൾ ശരിയെന്നു

വിശ്വസിക്കുന്നതിന്ന് ആരും തയ്യാറാകുമെന്നു തോന്നുന്നില്ല. നിങ്ങളോട് ഇതുവരെ മിത്രഭാവത്തിൽ സംസാരിക്കുന്നതിന്നു തുനിഞ്ഞ ഞാൻ തന്നെയാണു കുററക്കാരൻ. ഒരുകാര്യം പറഞ്ഞേക്കാം. എന്നേ ഇവർ വിട്ടയയ്ക്കുമെന്നു തോന്നുന്നില്ല. എന്നാൽ എന്നോടു വല്ല വിധത്തിലും ചെയ്യുന്ന ദ്രോഹത്തിന്ന് ഇവർ കുടിയടക്കം ഭയങ്കരമായ ഉത്തരം പറയേണ്ടിവരും. ഞാൻ ഇവിടെനിന്നു പോയാലും ഈ ഗുഹയിൽ കിടന്നുമരിച്ചാലും നിങ്ങൾ എൻെറ അടുത്തു വന്നിട്ടാവശ്യമില്ല. എന്നെ കബളിപ്പിക്കുവാൻ വിട്ടിരിക്കുന്ന ഒരു തങ്കപ്പാവയായിരിക്കാം നിങ്ങൾ. അഥവാ നിങ്ങൾതന്നെ അറിഞ്ഞിട്ട് ഈ ചതി പ്രയോഗിക്കുകയുമായിരിക്കാം. എന്തായാലും ശരി. ഇതിനൊരു അവസാനം കാണുമോ എന്നു ഞാൻ നോക്കട്ടെ. നിങ്ങളും ഈ ഭാവഭേദങ്ങളും ഞാൻ ഇരിക്കുന്നിടത്തെങ്ങും വന്നിട്ടാവശ്യമില്ല. (പോകുന്നു)

കല്യാണി — കഷ്ടം! എൻെറ അച്ഛൻ എൻെറ ജീവാവസാനത്തിനുവേണ്ടി സമ്പാദിച്ചുവെച്ച രോഗമാണിതു്. അന്ന് എടനാട്ടിൽ നിന്നു പോരുമ്പോൾതന്നെ അമ്മ തടസ്സം പറഞ്ഞു. തീർത്ഥയാത്രയ്ക്കാണെന്ന് എന്നേയും കൊണ്ടു വിദേശത്തേക്കു തിരിക്കുന്നതെന്ന് അച്ഛൻ പറഞ്ഞതു് അത്ര ശരിയാണെന്നു തോന്നുന്നില്ല. ഈ ആശ്രമത്തിലുള്ള ഗുരുസ്വാമി ഈ അനിരുദ്ധനെ ചതിയിൽ പെടുത്തി ഇവിടെ ബന്ധിച്ചിരിക്കുന്നതിനെന്തായിരിക്കുമോ കാരണം! അച്ഛൻ അതറിഞ്ഞിട്ടില്ലെന്നു വരുമോ? ഇദ്ദേഹത്തിൻെറ ക്ഷേമങ്ങൾ ശ്രദ്ധയോടെ അന്വേഷിച്ചുകൊള്ളണമെന്ന് അച്ഛൻ എന്നോടു പറയുവാൻ കാരണം എന്തു ? എന്നാൽ എൻേറതെന്ന് അകാരണമായി ഞാൻ ഭ്രമിച്ച ഈ മനോഹരവൈരക്കല്ല് എൻെറ ജീവനാഡികളെ

ക്ഷണം ക്ഷണമായി നറുക്കുന്നല്ലോ. അച്ഛ! അവിടുത്തെ ഏകപുത്രിയുടെമേൽ അകാലമൃത്യു അവകാശം ഉറപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഈ തീൎത്ഥസ്ഥലത്തിൽനിന്നു ഇനി ഞാൻ ജീവനോടെ വെളിയിൽ ഇറങ്ങുമെന്നു തോന്നുന്നില്ല. പത്മനാഭാ! (കരയുന്നു).

മാതുക്കുറുപ്പു്—(പ്രവേശിച്ചു മുൻപിൽനോക്കി കതകുകൾ അടച്ചിട്ടു) എന്തോമനേ! വിഷമിച്ചു നിൽക്കുന്നതു്? കുട്ടപ്പൻ—കൊച്ചുതമ്പി—എവിടെ? ഇന്നു വല്ലതും ആഹാരം കഴിച്ചുവോ? തങ്കം! നീ കരയുന്നുവോ? എന്തിനു്?

കല്യാണി—(കണ്ണുനീർ തുടച്ചിട്ടു്) അമ്മയെ ഇനി എന്നു കാണുമച്ഛാ!

മാതുക്കുറുപ്പു്—(ആത്മഗതം) പെണ്ണിന്റെ കള്ളം നോക്കണേ. അതും പ്രായവിശേഷം. എന്റെ ഈശ്വരാ! ആ തിരുമണ്ടൻ കുട്ടപ്പനാം ഇങ്ങോട്ടിതുപോലെ തോന്നിയിരുന്നെങ്കിൽ എന്തു നന്നായിരുന്നു! എന്റെ ജന്മം ഇതോടുകൂടി സഫലമായി (പ്രകാശം) മകളേ! തമ്പി വല്ലതും കഴിച്ചോ?

കല്യാണി—വളരെ കുറച്ചേതാണ്ടു പാൽകുടിച്ചു, അച്ഛാ! അദ്ദേഹത്തെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതെന്തിനു്? നമുക്കിവിടെ ഈ ദുഷ്കൎമ്മങ്ങളിൽ കാൎയ്യമെന്തു്? അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടതിൽ, നമ്മുടെ ദിക്കിലെവിടെയോ ഉള്ള ആളാണെന്നു തോന്നുന്നുവല്ലൊ. സത്യം പറയണമച്ഛാ!

മാതുക്കുറുപ്പു്:—കുഞ്ഞേ! ഈ ചോദ്യങ്ങൾ ഒന്നും ചോദിക്കുവാൻ നമുക്കവകാശമില്ല. നാം രാമേശ്വരത്തേക്കു പോകുന്നവഴി ഈ ആശ്രമത്തിൽ കുറേദിവസം താമസിക്കുന്നുവെന്നേയുള്ളു. ഇവിടുത്തെ നിയമങ്ങളെല്ലാം ഗുരുസ്വാമിയുടേതാണു്.

കല്യാണി:—എന്നാൽ അച്ഛൻ ഗുരുസ്വാമിയോടുപറഞ്ഞു്

അദ്ദേഹത്തെ വിട്ടറിക്കരുതോ? നമ്മുടെ പേരും വീട്ടും അദ്ദേഹത്തോട്ട പറയരുതെന്ന് അച്ഛൻ എന്താണു നിർബന്ധിച്ചതു്?

മാതുക്കുട്ടപ്പു്: — തമ്പി അക്കാര്യങ്ങൾ വല്ലതും ചോദിച്ചോ?

കല്യാണി:—ചോദിച്ചെന്നോ? വളരെ മുട്ടിച്ചു ചോദിച്ചു. ഞാൻ ഈ ഗോസായിക്കൂട്ടത്തിൽ ഉള്ള ഒരു പെണ്ണാണെന്നും മററും ഒക്കെ അദ്ദേഹം എന്നെ ഭത്സിച്ചും ഞാൻ എന്താണു മറുപടി പറയേണ്ടതു്? ഞാൻ വെറും വഞ്ചകിയാണെന്നുതന്നെ അദ്ദേഹം ധരിച്ചു. അങ്ങിനെ വിചാരിച്ചതു് അദ്ദേഹത്തിന്റെ കുററം അല്ലല്ലൊ. ഇനി അദ്ദേഹത്തിന്റെ അടുത്തു ചെന്നേക്കരുതെന്നു ശാസിക്കുകയും ചെയ്തു.

മാതുക്കുട്ടപ്പു്:—ആഹാ! അങ്ങിനെ ഒക്കെ നടന്നോ? (ആത്മഗതം) എടാ കുട്ടപ്പാ! തിരുമണ്ടാ! ഇതുപോലുള്ള ഒരു പൈങ്കിളിപ്പെണ്ണിനെ നിനക്കെവിടെ കിട്ടുമെടാ? (പ്രകാശം) ആകട്ടെ, അതൊക്കെ ആലോചിച്ചു ചെയ്യാം. നീ അപ്പുറത്തിൽ ഒന്നും വകവയ്ക്കുവാൻ പോകേണ്ടാ.

കല്യാണി:—അച്ഛാ! അദ്ദേഹം എന്നു പോകും? നമുക്കു ഇനി അധികം ഇവിടെ താമസിക്കണമോ?

മാതുക്കുട്ടപ്പു്:—നീ പോയി തമ്പിക്കു കുളിക്കുവാൻ വെള്ളം ശരിയായോ എന്നു നോക്കു്.

കല്യാണി:—അച്ഛാ! അച്ഛാ! എന്റെ പൊന്നച്ഛൻ (കരയുന്നു. മാതുക്കുട്ടപ്പു പോകുന്നു)

---

# ഏഴാംരംഗം.

---

ആൎക്കാട്ടിൽ മുസഫ്ഖാൻെറ അരമന.

(മുസഫ ഖാനും ആബൂബേക്കരും രണ്ടു പീഠങ്ങളുടെ മുമ്പിൽ നില്ക്കുന്നു)

മുസഫ്ഖാൻ--സ്നേഹിതാ! പാദുഷാപ്രഭാവനായ നവാബ് തിരുമനസ്സിലെ തിരുവുള്ളം നമ്മെ ധരിപ്പിച്ചിരിക്കുന്നു. സഹ്യാദ്രിപ്രാന്തങ്ങളിലുള്ള മണ്ഡലങ്ങളുടെ ഭരണം തിരുമനസ്സിലേക്കു് കഠിനമായ കോപത്തേയും വെറുപ്പിനേയും ഉദിപ്പിച്ചിരിക്കുന്നു. അവിടുത്തെ ആജ്ഞാകരന്മാർ മാനഹീനരായി, അവിശ്വാസികളായ പ്രജാസഞ്ചയത്തിൻെറ ആക്ഷേപജന്യമായ ജംബുകാക്രോശങ്ങൾക്കു ലക്ഷ്യങ്ങളായിത്തീൎന്നിരിക്കുന്നു എന്നും ആ അഭിമാനഹാനി എത്രയും അവിദൂരമായ ഭാവിയിൽ പരിഹരിക്കണമെന്നുമാണു ബഹദൂർ കല്പിക്കുന്നതു്. ആ കൎത്തവ്യം അവിടുത്തെ പ്രസാദത്തിനു്, ദൈവമഹത്വത്താൽ, പാത്രമായിത്തീൎന്നിട്ടുള്ള, എൻെറ ചുമലുകളിൽ അവിടുന്നു നിക്ഷേപിക്കുകയും ചെയ്തിരിക്കുന്നു. പക്ഷേ നമ്മെ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനും നമ്മുടെ ആജ്ഞകൾ കൃത്യനൈപുണ്യത്തോടുകൂടി നിൎവ്വഹിക്കുന്നതിനും കരുത്തുള്ള ഒരു സേനാനായകൻ ആവശ്യമുണ്ടെന്നും തിരുമനസ്സിലേക്കറിയാം. എന്നല്ല, പ്രാണനിൎവിശേഷം സ്നേഹിക്കുന്ന ആബൂ! അപ്രകാരം ഒരാളെ തിരുമനസ്സുകൊണ്ടുതന്നെ നിർദ്ദേശിച്ചും കഴിഞ്ഞിരിക്കുന്നു. എന്നാൽ സഹോദരാ! ആ ഭാഗം താങ്കൾക്കു കൎണ്ണമധുരമായിരിക്കുകയില്ല.

ആബുബേക്കർ:—പറയുക. കേൾക്കട്ടെ. പടയാളിയും ഭരണാധികാരിയും എന്ന നില മാത്രമല്ലല്ലോ നാം തമ്മിൽ ഉള്ളതു്. അവിടുത്തേക്കു് വിശ്വസ്തനായ ആബുവിനോടു് എന്തും പറയാം

മുസഫ്ഖാൻ:--പക്ഷേ നാം പറയുന്നതു തിരുവുള്ളത്തിൽ നിന്നു പ്രവഹിച്ച കാര്യങ്ങൾ മാത്രമാണു്. താങ്കൾ അതുകേട്ടു കോപിഷ്ഠനാകരുതു്. നിരാശാതിമിരം താങ്കളുടെ വിവേകപ്രകാശത്തെ ബാധിക്കുകയും അരുതു്. ഏതുവിധം എങ്കിലും അവിടുത്തെ ധരിപ്പിച്ച നമ്മുടെ വിനീതനിർദ്ദേശങ്ങൾക്കു ബഹദൂറിനെ വിധേയനാക്കിക്കൊള്ളാം. തൽക്കാലം സാധിക്കുകയില്ലെന്നു മാത്രമേയുള്ളു. ആരോ ചെകിത്താന്മാർ അവിടുത്തെ അവഞ്ചിതകർണ്ണങ്ങളിൽ ആ അവിശ്വാസി അനന്തകൃഷ്ണൻതമ്പിയെപ്പററിയുള്ള വ്യാജസ്തുതിധാര യഥേഷ്ടം പകർന്നിരിക്കുന്നു. ആ രാജ്യഭ്രഷ്ടനെപ്പററി ആകാശോന്നതിയിൽ ആരോ സ്തുതികൾ പൊഴിച്ചിരിക്കുന്നു. അതുകൊണ്ടു് സേനാനായകത്വം അയാളിൽ അർപ്പിക്കുന്നതിനാണു് തൽക്കാലം അവിടുന്നുദ്ദേശിക്കുന്നതു്.

ആബുബേക്കർ:—ആ ഉദ്ദേശത്തിനു് അവിടുന്നും അനുമതി നൽകി, അല്ലേ? ശരി. ശരി. ആബുബേക്കറിന്റെ നികൃഷ്ടനാമധേയം നവാബു് ബഹദൂറിന്റെ പട്ടാളപ്പട്ടികയിൽ നിന്നു് എടുത്തുകളഞ്ഞേക്കണം. കുടുംബവിഹീനൻ, ശത്രുവംശജൻ, രാജ്യശൂന്യൻ, അവിശ്വാസി അവന്റെ നിയന്ത്രണത്തിൽ ഉൾപ്പെട്ടു് സമരം നടത്തുന്നതിനു തക്ക കുറവു് തിരുമനസ്സിലെ വിദൂരബന്ധം എങ്കിലും അവകാശപ്പെടുന്ന ആബുബേക്കറിനു വന്നിട്ടില്ല. സത്യവിശ്വാസികളുടെ കഥ ഇത്ര കൃമിയോഗ്യമായിത്തീർന്നതു് താങ്കളെ

പ്പോലെയുള്ളവർ കിരീടധാരികളും ഉപദേഷ്ടാക്കന്മാരുമായ കാലത്തു മാത്രമാണു്.

മുസഫ്ഖാൻ:—സ്നേഹിതാ ക്ഷമിക്കൂ. വിവേകപൂർവം കാര്യങ്ങൾ പരിവീക്ഷണം ചെയ്യൂ. ആ യുവാവിൻെറ രണപാടവത്തേയും സൽസ്വഭാവത്തേയും കുറിച്ചു നമുക്കും അതിയായ ബഹുമാനം തോന്നുന്നുണ്ടു്. എന്നാൽ നമ്മുടെ നിരർഗ്ഗളമായ ബന്ധുവാത്സല്യപ്രവാഹം ആ പിടിയിലേക്കു് നമ്മെ ചായിക്കുന്നില്ല.

ആബൂബേക്കർ:—ആരാണു് ആ മ്ലേച്ഛനെപ്പററി തിരുമനസ്സിലെ സന്നിധിയിൽ സ്തുതിഗീതങ്ങൾ പൊഴിച്ചിരിക്കാവുന്നതു്?

മുസഫ്ഖാൻ:—കുമ്പിനിപ്പടയുടെ നേതാവു് കണ്ണൽ ഹീറൻ ആയിരിക്കാമെന്നാണു് തോന്നുന്നതു്.

ആബൂബേക്കർ—വളരെ നന്നായി! കടൽക്കള്ളന്മാർ കുമ്പിനിയാർകളും കരക്കള്ളന്മാർ നായന്മാരും ഒന്നുചേന്നാണു് ആർക്കാട്ടുസിംഹാസനത്തേ ചൈത്താൻെറ ആവാസമായ പാതാളത്തിലേക്കു് താഴ്ത്തുവാൻ പോകുന്നതു്! നടക്കട്ടെ. നടക്കട്ടെ.

(ഒരു ശേവുകക്കാരൻ പ്രവേശിച്ചു് ഒരു കത്തു് മുസഫ്ഖാൻെറ കയ്യിൽകൊടുത്തു മറയുന്നു.)

മുസഫ്ഖാൻ:—(കത്തു വായിച്ചുകഴിഞ്ഞു്) സന്തോഷം! പരമാനന്ദം! ദൈവത്തിൻെറ തിരുനാമധേയം അനുഗ്രഹിക്കപ്പെടട്ടേ ആബൂ! താങ്കൾ പരമഭാഗ്യവാൻ. ഞാൻ താങ്കളെ അഭിനന്ദിക്കുന്നു. ആർക്കാട്ടുപടയുടെ നേതാവു താങ്കളല്ലാതെ മററാരുമല്ല. ഇതു് അരമനയിൽനിന്നു വന്നിട്ടുള്ള ഒരു ആജ്ഞയാണു്. അനന്തകൃഷ്ണൻതമ്പിയെ കാണ്മാനില്ലെന്നും, അതുകൊണ്ടു് താങ്കളെ സേനാനിയായി കല്പിച്ചു നിയമിച്ചിരിക്കുന്നുവെന്നുമാണു് ഇതിൽ പറയുന്നതു്.

ആബൂബേക്കർ:—(സന്തോഷത്തോടുകൂടി) ആർക്കാട്ടുസിംഹാസനം രക്ഷപ്പെട്ടു. നമുക്ക എന്നാണ് യാത്രയാകേണ്ടതു്?

മുസഫ്ഖാൻ:—ക്ഷണംതന്നെ വേണമെന്നു തോന്നുന്നു. പക്ഷേ, നവാബ്ബഹദ്ദൂരിൻെറ ആജ്ഞകൾ പോലെ നാം ആദരിക്കേണ്ടതായ മറെറാരു കല്പനയുണ്ടല്ലോ അതായതു് സുലേഖാബീബിയുടെ അനുമതി അനുസരിച്ചല്ലെ നമുക്ക നമ്മുടെ പ്രവൃത്തികൾ നിയന്ത്രിക്കുവാൻ തരമുള്ളു. ഉത്തമമിത്രമേ! നാം ഭാഗ്യവാൻ ആണെന്നുള്ളതിനു ഇതിൽപ്പരം വിശദതരമായ വല്ല ലക്ഷ്യവും ആവശ്യമുണ്ടാകുമോ? ഒരിക്കലും ഇല്ല. നാം ഇന്നും ഒരു ശിശുതന്നെയാണ്. നമ്മുടെ ദൃഷ്ടികൾക്ക ചൈതന്യം ഉണ്ടാകുന്നതിനു മുമ്പ് നിതാന്തസ്വർഗ്ഗം പ്രവേശിച്ച മാതാവിൻെറ സഹോദരി സുലേഖാബീബി നമ്മേ വാത്സല്യപുരസ്സരം രക്ഷിക്കുവാൻ ഉള്ളതു് എത്ര വലുതായ അനുഗ്രഹമാണ്! ആരവിടെ?

(ഭൃത്യൻ പ്രവേശിക്കുന്നു)

മുസഫ്ഖാൻ.—ബീബിക്ക് വത്സനായ മുസഫിനെ കാണുവാൻ സൌകയ്യമുണ്ടോ എന്നു് അന്വേഷിക്കൂ.

ഭൃത്യൻ:—അവിടുന്ന് ഇങ്ങോട്ടുതന്നെ വരുന്നു.

(ഭൃത്യൻ പോകുന്നു)

മുസഫ്ഖാൻ:—ആബൂ! ആ പീഠം ശരിയാക്കിയിട്ടു.

(സുലേഖ പ്രവേശിക്കുന്നു)

മുസഫ്ഖാൻ:—ബീബി! ഞാൻ അങ്ങോട്ടുവന്നു കാണുവാൻ മുതിരുകയായിരുന്നു. തിരുവിതാംകൂർവകയെന്നു് ആ രാജദുർമ്മദൻ ധിക്കാരവാദം ചെയ്യുന്ന വള്ളിയൂർ പിടിക്കുന്നതിനു് നവാബ്തിരുമനസ്സിലെ

കല്പനയുണ്ടായിരിക്കുന്നു. ഇനിയും അധികം താമസി യാതെ നമുക്കങ്ങോട്ടു പോകേണ്ടതാണു്. ആ മണ്ഡ ലങ്ങളുടെ ഭരണം തിരുമനസ്സുകൊണ്ടു് എന്നെ ഏല്പിച്ചിരിക്കുന്നതിനാൽ അവിടെ കുറേനാൾ താമസിക്കേണ്ടതായും വന്നേക്കും.

സുലേഖ:—വള്ളിയൂർ—ശരി. അതു് അഭേദ്യമായ ഒരു കോട്ടയാൽ ചുററപ്പെട്ടിട്ടുള്ള സംകേതമല്ലേ? ആ സ്ഥലം ഇപ്പോൾ നവാബു്തിരുമനസ്സിലെ കൈവ ശത്തിലാണല്ലൊ ഇരിക്കുന്നതു്.

മുസഫ്ഖാൻ:—എന്നു പറയുവാൻ തരമില്ല. പക്ഷേ ആ രാജാവിനു് അനന്തപത്മനാഭൻ എന്നൊരു വിദഗ്ദ്ധ സേനാനിയുണ്ടുപോൽ.

സുലേഖ:—(വല്ലാതെ ഞെട്ടിയിട്ടു്) അതുകൊണ്ടു്?

മുസഫ്ഖാൻ:—അതുകൊണ്ടു് വള്ളിയൂരിൽ വേണ്ടവിധ ത്തിലുള്ള സമരസന്നാഹങ്ങൾ ഉറപ്പിച്ചില്ലെങ്കിൽ അതു് അവരുടെ കൈവശത്തിൽ എന്നും ഉറച്ചു പോകുവാനാണെളുപ്പം എന്നു് തിരുമനസ്സുകൊണ്ടു് ദീർഘദർശനം ചെയ്യുന്നു. നമുക്കു കുമ്പിനിയാർക്കും സഹായം ഉണ്ടു്.

സുലേഖ:—അവർ തിരുവിതാംകൂറിൻെറ ഉററബന്ധുക്കൾ അല്ലേ?

മുസഫ്ഖാൻ:—അവർ എങ്ങോട്ടും ചായുന്നവരാണു്. തിരുവിതാംകൂർ രാജാവുമായി സൌഹാർദ്ദത്തിൽ ഇരി ക്കാമെന്നേററിട്ടുണ്ടെങ്കിലും ഇവിടുത്തെ സഹായം അവരുടെ കച്ചവടത്തിനത്യന്താപേക്ഷിതമാണു്.

സുലേഖ:—അങ്ങിനെയൊക്കെയായാലും മുസഫ് പറഞ്ഞ തായ ആ സേനാനിയെ ജയിക്കുവാൻ സാധിക്കു മെന്നു എനിക്കു തോന്നുന്നില്ല.

മുസഫ ഖാൻ:—നമ്മുടെ ഉററബന്ധു, വിശ്വസ്തമിത്രം ആബുബേക്കറാണു് പട നടത്തുന്നതു്.

സുലേഖ: എന്നാൽ അതിവിശേഷമായി! തമ്പിസാഹേബ്ബ് ഉത്തരദേശങ്ങളിലെങ്ങാനും പോയെന്നുവരുമോ?

മുസഫ്ഖാൻ:—(ക്ലാന്തവദനനായി) നമ്മുടെ ആബുബേക്കർ ഈ സേനയെ നയിക്കുന്നതിനു ശക്തനല്ലെന്നാണോ ബീബി ധരിച്ചുവച്ചിരിക്കുന്നതു്?

ആബുബേക്കർ:—(ആത്മഗതം) എന്തായാലും ആ നീചൻ എൻെറ ജന്മശത്രുവാണു്. അവൻെറ നാശംകൊണ്ടേ നമ്മുടെ ജന്മത്തിനു കൃതാൎത്ഥതയുണ്ടാവുകയുള്ളു. എന്നെപ്പററി ബീബിയുടെ അഭിപ്രായം ഇങ്ങനെയാണെങ്കിൽ പിന്നീടുള്ള സങ്കല്പങ്ങൾകൊണ്ടെന്താണു ഫലം?

മുസഫ്ഖാൻ:—എന്നു് യാത്രയാകണമെന്നാണു് അവിടുത്തെ അഭിപ്രായം? അധികം താമസിക്കുന്നതിനു തിരുമനസ്സുകൊണ്ടനുവദിക്കുമെന്നു തോന്നുന്നില്ല.

സുലേഖ:—(ചിരിച്ചിട്ടു്) കുഞ്ഞേ! ഭരണാധികാരിയായ നിൻെറ ആജ്ഞകൾ അനുസരിക്കുകയല്ലേ നിരാലംബയായ എൻെറ കടമ?

മുസഫ്ഖാൻ:—(പരിഭവസ്വരത്തിൽ) അവിടുത്തെ ഈ കാരുണ്യകുറവിനെമാത്രമേ ഞാൻ എൻെറ ദൗൎഭാഗ്യരേഖയായിക്കാണുന്നുള്ളു. ആബൂ! വരൂ. നമുക്കു് അരമനയിലേക്കു പോകാം. (പോകുന്നു.)

ആബുബേക്കർ:—(സുലേഖയോടടുത്തിട്ടു്) ബീബി! എന്നിൽഇനിയും തെല്ലെങ്കിലും കൃപ കാണിക്കുകയില്ലേ? നൂറഡീൻ അതിരററ ആശകൾ എന്നിൽ ഉളവാക്കിയിട്ടുണ്ടു്.

സുലേഖ:—(അങ്ങോട്ടു നോക്കാതെ) ആബുബേക്കർ താങ്കളെ തിരുമനസ്സുകൊണ്ടു നിയോഗിച്ച കാൎയ്യത്തിന് പൊയ്ക്കൊള്ളൂ. അന്തഃപുരവാസിനികളോടു പറയേണ്ടതായ യാതൊരു രഹസ്യവും താങ്കൾക്കില്ല. മുസഫ് പോയിക്കഴിഞ്ഞുവോ?

(ആബുബേക്കർ പരിക്ഷീണനായിപ്പോകുന്നു.)

സുലേഖ:—(മുന്നോട്ടുവന്നിട്ടു്) സർവ്വശക്തികളും കൂടികൊണ്ടിരിക്കുന്ന മഹാത്മാവേ! ഞാൻ ഇതാ ആ പാവനസങ്കേതങ്ങൾക്കടുത്തു രണ്ടാമതും വരുന്നു. ഒരു പക്ഷേ ഷംസുദ്ധീൻ അവിടെ വരാതിരിക്കുകയില്ല. ഷംസുദ്ധീൻ! പ്രാണവല്ലഭനായ ഷംസുദ്ധീൻ! സുലേഖ ഇപ്പോൾ അവിടുത്തെ ശത്രുവായിട്ടാണു് വരുന്നതു്. യുദ്ധത്തിൽ അവിടുന്നു ജയിക്കുമെന്നുള്ളതിനു സന്ദേഹമില്ല. ജയം അവിടുത്തേ ജന്മസമ്പത്തും പരാജയം ഭാഗ്യവാനായ അവിടുത്തേക്കു് അസാദ്ധ്യവും ആണു്. പ്രിയവല്ലഭാ! ആ കോമളവദനം ഒരിക്കൽക്കൂടി കാണുന്നതിനു് അവിടുത്തേ സുലേഖയ്ക്കു ഭാഗ്യമുണ്ടാകുമോ? ഷംസുദ്ധീൻ! അങ്ങു് ആ പാവപ്പെട്ട സുലേഖയേ മറന്നിരിക്കും. അവൾ അങ്ങേയെ ചെമ്പകശ്ശേരിയിലേക്കു കണ്ണുനീരോടുകൂടി യാത്രയാക്കിയിട്ടു് പന്ത്രണ്ടു ദീർഘസംവത്സരങ്ങൾ കടന്നിരിക്കുന്നു. ഈ അതിദീർഘയുഗത്തിലെ ഓരോ നിമിഷവും അവൾ അങ്ങേപ്പറ്റിയുള്ള ഗാഢസ്മരണയിൽ കഴിയുകയായിരുന്നു. എന്നാൽ പ്രഭോ! അങ്ങു അവളെ നിശ്ചയമായും മറന്നിരിക്കും. മൃദുലമായ രാജവീഥിയിൽക്കൂടി പോകുമ്പോൾ കാലിൽ യാദൃച്ഛികമായിപ്പറ്റിച്ചേൎന്ന ഒരു മലിനശഷ്പമായിമാത്രം അങ്ങേ സ്മൃതിമണ്ഡലത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടിരിക്കാം. ആ ചെമ്പകശ്ശേരിയിലെ മഹാറാണി

321
61927
VERSITY LIBR
O32..2N02

അവിടുത്തേക്കു നൽകുന്ന പരമാനന്ദം, നിരന്തരം ആസ്വദിച്ച ഭാഗ്യവാരിധിയായ അങ്ങ് കഴിഞ്ഞ കാലങ്ങൾ വിസ്മരിച്ചിരിക്കും. അതു നിശ്ചയംതന്നെ. ഷംസുദ്ദീൻ! സൽഗ്ഗുണസൌന്ദര്യവിഭൂതികളുടെ കനകകുംഭമായ പ്രാണനാഥ! ആ കോമളവദനം ഒരിക്കൽകൂടി കാണുന്നതിന് അനുവദിക്കേണമേ! ഷംസുദ്ദീൻ! ഷംസുദ്ദീൻ! (കരയുന്നു)

---

61127

## എട്ടാം രംഗം

---

വള്ളിയൂർ കുടമൺഗൃഹം.

(സീതാലക്ഷ്മി ചിന്താമഗ്നയായി നില്ക്കുന്നു.)

സീതാലക്ഷ്മി:—ദേവി! ഈ അവസരത്തിലാണോ അടിയനെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതു! എന്നെ വഞ്ചിച്ചിട്ടാണു് ഈ വികാരം എന്റെ ഹൃദയത്തിൽ ഒളിച്ചു കയറിയതു്. ഞാൻ പരമാത്ഥത്തിൽ അബലയല്ലായിരുന്നു. അദ്ദേഹത്തെ കണ്ട നാൾമുതൽ ഞാൻ ആ നികൃഷ്ടസ്ഥിതിയിൽ പതിച്ചുപോയി. പ്രതീകാരത്തേപ്പോലെ പ്രണയവും എന്നെ പരാധീനയാക്കിക്കളഞ്ഞു. പക്ഷെ ഇതിൽ പശ്ചാത്തപിക്കേണ്ടതായ ആവശ്യം എനിക്കില്ല. അഭിമാനകരം തന്നെയാണു് ഞാൻ ചെയ്യുന്നതു്. ഞാൻ സർവ്വാത്മനാ വരിച്ചിരിക്കുന്നതു് ഒരു പുരുഷരത്നത്തെത്തന്നെയാണു്. ഈ ബോധം ഊണിലും ഉറക്കത്തിലും എനിക്കു പരമാനന്ദം നൽകുന്നുണ്ടു്. അദ്ദേഹത്തെപ്പററി ആരോ നീചൻ കള്ളമായെഴുതിയയച്ചകഥകൾ ഞാൻ വിശ്വസിച്ചില്ല. സ്വാമി പറഞ്ഞ ശിഷ്യയുടെ കഥ അദ്ദേഹത്തേപ്പററിയുള്ളതല്ല. ഞാൻ അവിവേകമായി അദ്ദേഹത്തോടു രോഷവാക്കുകൾ പറഞ്ഞു. എന്റെ പേരിന്റെ കൂടെ വല്ലവരും അദ്ദേഹത്തിന്റെ പേർ ചേത്തു് അദ്ദേഹത്തിന്റെ കുററമാകുന്നതെങ്ങിനെ? എവിടെ പോയിരിക്കാം. ഈശ്വരാ! എന്നോടു പിണങ്ങി കത്തവ്യം ഉപേക്ഷിക്കത്തക്ക ക്ഷീണബുദ്ധിയാണോ എന്റെ ജീവിതേശ്വരൻ! ഒരിക്കലും അല്ല. ആരെങ്കിലും ചതി

ച്ചിരിക്കാമോ? (മുന്നോട്ടുനോക്കി) ഇതാ ആതിച്ചപ്പിള്ള വരുന്നു. ഞാൻ എന്തുപറഞ്ഞാണു് ഈ വൃദ്ധനെസമാധാനപ്പെടുത്തേണ്ടതു്! എന്നെക്കണ്ടാൽ അയാളുടെ അങ്ങുന്നിന്നേയും കണ്ടുകഴിഞ്ഞു എന്നുള്ള വ്യാമോഹത്തോടുകൂടിയാണു് ഈ സാധു വരുന്നതു്.

(ആതിച്ചപ്പിള്ള പ്രവേശിക്കുന്നു.)

ആതിച്ചപ്പിള്ള:—(കരഞ്ഞുകൊണ്ടു്) കുഞ്ഞമ്മേടെ മൊകം കണ്ടപ്പംതന്നെ ചേഷം കേക്കണ്ട എന്നു തോന്നുന്നു കുഞ്ഞേ! ഒരു തുല്പം കിട്ടിയില്ല്യോ?

സീതാലക്ഷ്മി:—ഒന്നും അറിഞ്ഞില്ലല്ലോ ആതിച്ചപ്പിള്ളേ! അച്ഛനും സ്വാമിയും വേണ്ട അന്വേഷണങ്ങൾ എല്ലാം നടത്തി. ഒരു ഫലവും ഉണ്ടായില്ല.

ആതിച്ചപ്പിള്ള:—(കോപത്തോടെ) ആ പഞ്ചപാവിസ്സാമിടെ കാര്യം കേക്കുമ്പം എങ്ങുമില്ലാത്ത അരിശം കൊള്ളുണു. നിങ്ങളൊക്കെ തലയിൽകേററിവച്ചിരിക്കിണ എങ്ങാണ്ടുകിടന്ന മറവനാണവൻ. സാമി പോലും! ചൊടലമാടൻ മഹാപാവി!

(സന്യാസി പ്രവേശിക്കുന്നു)

സന്യാസി:—അത്ര ഭത്സിക്കുവാൻ നാം എന്തപരാധം ചെയ്തു ഭക്താ!

സീതാലക്ഷ്മി:—സ്വാമീ! കിഴവൻ അറിവില്ലാതെ എന്തോ പറഞ്ഞുപോയതാണു്. അയാളുടെ അപരാധം ക്ഷമിക്കണം. അയാളുടെ അങ്ങുന്നും ഈശ്വരനും ഒന്നാണു്. ആ വ്യസനംകൊണ്ടു് എന്തൊക്കെയോ അറിവില്ലാതെ പറഞ്ഞുപോയി.

ആതിച്ചപ്പിള്ള:—(ദ്വേഷ്യത്തോടെ) ഒന്നുമില്ല സാമീ! സാമി ഒരു കരിങ്കള്ളനും പഞ്ചപാപിയും ആണെന്നു കല്ലേൽ വച്ചുരച്ചാലും ആതിച്ചൻ ആർപ്പുവിളിച്ചു പറയും. അതിനിപ്പം ഷെമിച്ചാലും ഷവിച്ചാലും

ഒരു ചേതോമില്ല. സാമി അറിയാതെ എന്റെ കൊച്ചുങ്ങുന്നു പോയിട്ടില്ല. (കരഞ്ഞുകൊണ്ടു) നല്ലൊരുകുഞ്ഞുകൊച്ചുങ്ങുന്ന്. ആതിച്ചപ്പിള്ളേ എന്നുവിളിക്കാനൊരുത്ത് നാലുനാക്കുന്നുണ്ട്. നന്നീം നെറീംകെട്ട ഞാൻ അന്നു പോവുമ്മുമ്പ് എന്തെല്ലാമോ പരിഫവം പേശിപേശിപ്പോയി, എന്റെ കൊമാരകോവിലപ്പാ! ആ പാവം ഞാൻ എവിടെക്കൊണ്ടു തീക്കും.

സന്ന്യാസി:—ഭക്താ! തന്റെ സ്വാമിഭക്തിയിൽ നാം നിസ്സീമമായി സന്തോഷിക്കുന്നു. താൻ മനുഷ്യനേയും നാം ചിച്ഛക്തിയേയും പൂജിക്കുന്നു എന്നുള്ള വ്യത്യാസമേയുള്ളു. ഒന്നിൽനിന്നു മറെറാന്നിലേക്കു കയറുക നിഷ്പ്രയാസമാണ്. (ആത്മഗതം) ഇവൻ ഉരുളുന്നുണ്ട്. ഏതുവിധമോ ശരിയായി ഇവൻ എന്നെ സംശയിക്കുന്നു. എന്തെല്ലാം അടവുകൾ എന്റെ അഭീഷ്ടസാദ്ധ്യത്തിനുവേണ്ടി ഞാൻ എടുത്തു! അവനേയും ഇവളേയുംകൂടി പിണക്കുവാൻ നോക്കി. അതിന് ഈ തോന്ന്യാസക്കാരി വഴിപ്പെട്ടില്ല. ഇവളിൽ പ്രതീകാരത്തിനുവേണ്ടിയുള്ള കാളിപൂജ ചെലുത്തിനോക്കി. ഇവൾ പ്രേമവിരക്തയായില്ല. അതുകൊണ്ട് ഒടുവിൽ എടുത്ത വിദ്യയാണിത്. അതിൽ ഈ കിഴട്ടുപോത്തിനു സംശയവും നേരിട്ടിരിക്കുന്നു. പക്ഷേ ഒന്നും ഭയപ്പെടുവാനില്ല. ഇവൾ വല്ലവിധവും തൊലഞ്ഞുകഴിഞ്ഞിട്ടേ ഞാൻ അവനെ വിടുകയുള്ളു; പിന്നെ അവനേയും കൊച്ചുതങ്കത്തിനേയും വിളിച്ചുകൊണ്ടു നേരേ ഇടനാട്ടിലേക്കു കടക്കുകയും ചെയ്യാം. (പ്രകാശം) ഭക്താ! ആദിത്യപിള്ളേ!

ആതിച്ചപ്പിള്ള:—അത്രഷീവ്വാണം പേരിനുവേണ്ടാ സാമീ! എന്റെ കൊച്ചുങ്ങുന്നിനെക്കൊണ്ടു തരുണോ?

അതല്ല ആതിച്ചന്റെ നെറം മാറണതു് കാണണ്ണോ
(കോപിച്ചുകൊണ്ടു് സന്ന്യാസിയോടു് അടുക്കുന്നു)

സീതാലക്ഷ്മി:—എടോ താൻ! ഭ്രാന്തു സംസാരിക്കാതിരിക്കൂ. ലോകനിവൃത്തന്മാരായ അവധൂതന്മാർ ഈശ്വരതുല്യന്മാരാണു.

ആതിച്ചപ്പിള്ള:—അതുകൊണ്ടല്ല്യോ ധർമ്മോം തന്നെ ലക്ഷ്മിക്കണേ പൊന്നുംകൊട്ടത്തുചേവടീ എന്നു പറേണതു്.

(സാഷ്ടാംഗം നമസ്കരിക്കുന്നു)

സന്ന്യാസി:—(ആത്മഗതം) ഇവൻ ആൾ വീരനാണല്ലോ. അടിക്കുവാൻ ഓങ്ങിയ കൈതന്നെ സാഷ്ടാംഗപ്രണാമത്തിനും ഉപയോഗിക്കുന്നതു്. (ആതിച്ചപ്പിള്ളയെ പിടിച്ചെഴുനേല്പിച്ചിട്ടു്) ഭക്താ! നിന്റെ ആഗ്രഹങ്ങൾ സാധിക്കും സമാധാനമായിരിക്കൂ. നിന്റെ അങ്ങുന്നിന്റെ പേരും, നാളും, വയസ്സും കേൾക്കട്ടെ.

ആതിച്ചപ്പിള്ള:—അതൊന്നും കേക്കണ്ടാ സാമിക്കറിയാം കൊച്ചങ്ങുന്നു് എവിടെപ്പോയെന്നു്. പെരച്ചുന്നോം കാളിപൂശയും ഒന്നും ഇക്കാര്യത്തിനു വേണ്ടാ. നേരേ ശൊല്ലിത്തരണം ഉശിരുവേണോങ്കിൽ—

സന്ന്യാസി:—ശിഷ്യേ! ഈ നരവാനരൻ തന്നത്താൻ മറന്നു സംസാരിക്കുന്നു. ഈ ഭവനത്തിൽവച്ചു് ഇതുചിതമല്ല.

സീതാലക്ഷ്മി:—എടോ, താൻ അടങ്ങിയിരിക്കൂ. താൻ പോയി ഒരു നിലവിളക്കു കത്തിച്ചുകൊണ്ടുവരൂ. സ്വാമീ! അദ്ദേഹം ഏതുദിക്കിൽ ഉണ്ടെന്നു് ഇപ്പോൾതന്നെ ഒന്നു നോക്കണം. ഞങ്ങൾക്കു് ഇതിൽ കൂടുതൽ ഒരു അനുഗ്രഹം സ്വാമി ചെയ്തുതരുവാനില്ല. ഞാൻ മററു സാമാനങ്ങൾ കൊണ്ടുവരാം.

(പോകുന്നു)

ആതിച്ചപ്പിള്ള:—(മുമ്പോട്ടടുത്തു്) സാമി! കാരുണ്യത്തോടെ ലക്ഷിച്ചു് കൊച്ചുങ്ങന്നെവിടെപ്പോയെന്നു് ഒന്നു പറഞ്ഞുതരണേ. അല്ലെങ്കി, ആതിച്ചനു് തഹിക്കാതെ എൻെറ പൊന്നുചേവടിയെ (സന്ന്യാസിയുടെ കാൽതൊട്ടു കണ്ണിൽവയ്ക്കുന്നു) ഈ പൊന്നുചേവടിയെ വല്ലോം കൈക്കുററപ്പാടുചെയ്തുപോവുമേ. (നമസ്കരിക്കുന്നു)

സന്ന്യാസി:—(ആത്മഗതം) ഇവൻ ഭ്രാന്തനാണു്. അതുകൊണ്ടു് വീട്ടിലുള്ളവരുടെ അടുത്തു് പോയേക്കാം. അല്ലെങ്കിൽ വല്ല കുറച്ചിലും ഇവൻ ഉണ്ടാക്കും. തമ്പിമാരുടെ കൂടെത്താമസിച്ച വേറെവല്ല വാല്യക്കാരും ആകാതിരുന്നതു് എന്തായാലും നന്നായി. ഇവൻ മാത്രമേ എന്നെ അറിയാതെയുള്ളു. (പോകുവാൻ തുടങ്ങുന്നു)

ആതിച്ചപ്പിള്ള:—(കയറിപ്പിടിച്ചിട്ടു്) പൊന്നുചേവടികളേ! കർത്തു നോക്കല്ലേ. അവമാനോം സാമിയുടെ പെഴപ്പുമട്ടും വരുമേ. (സന്ന്യാസി പോകുവാൻ തുടങ്ങുന്നു. ആതിച്ചപ്പിള്ള പിടിമുറുക്കുന്നു)

സന്ന്യാസി:—എയ്! അശ്രദ്ധൻ. വിടൂ ഭക്താ!

ആതിച്ചപ്പിള്ള:—(ആത്മഗതം) ആ കുരുകുരുത്ത പയ്യൻ ഇന്നലെയിരുട്ടത്തുപറഞ്ഞതു കള്ളമല്ല. എവൻെറ മൂക്കപ്പൊമ്പിൻെറ മൊകം കണ്ടാൽ എവൻ ഇതിലും കട്ടത്ത പോരുചെയ്യുമെന്നു തിട്ടംതന്നെ (പ്രകാശം) വിട്ടേച്ചു പോവാൻ നോക്കണ്ടാടാ. നീയല്ലാണ്ടു് ആരുചെയ്യുമെടാ ഇച്ചതി! (പിടിമുറുക്കുന്നു)

സന്ന്യാസി:—ശിഷ്യാ!

ആതിച്ചപ്പിള്ള:—ത്ഥൂ! എരപ്പാളി! നിൻെറ ചിക്ക്യൻ നിൻെറ തന്തിയാന്നാ. (രണ്ടുപേരുമായിപ്പിടികൂടുന്നു)

---

## ഒൻപതാം രംഗം.

---

ചെമ്പകശ്ശേരി അറപ്പുര.

(അനന്തപത്മനാഭൻ പടത്തലവൻ ചാവട്ടചാരി ഇരിക്കുന്നു. മാത്തുക്കുറുപ്പ് പരദേശിവേഷത്തിൽ ആചാരോപചാരങ്ങളോടെ നിൽക്കുന്നു)

അനന്തപത്മനാഭൻ:—നിങ്ങളുടെ നാട്ടും വീട്ടും പറഞ്ഞതൊന്നും ഞാൻ വിശ്വസിക്കുന്നില്ല. തിരുമനസ്സിലെ വിജയത്തിനുള്ള അത്യാഗ്രഹം മാത്രമാണ് നിങ്ങളെ ഈ നിസ്സ്വാർത്ഥവൃത്തിക്കു പ്രേരിപ്പിച്ചതെന്ന് എന്നോടല്ല പറയേണ്ടത്. ആകട്ടെ! പൊയ്ക്കൊള്ളു. വേണ്ടതാലോചിച്ചു ചെയ്തുകൊള്ളാം.

മാത്തുക്കുറുപ്പ്:—അവിട്ടത്തെ പാദങ്ങളിൽ കള്ളക്കഥകൾ കാഴ്ചവയ്ക്കുവാനല്ല ഞാൻ വന്നത്. എനിക്കതിന് ആവശ്യവുമില്ല. നാട്ടുമുടിച്ചു എട്ടുവീടരേ യമലോകത്തേക്കയച്ച കയ്യുടെബലം അറിയുവാൻ വഹിയാത്ത വിഡ്ഢിയല്ല ഞാൻ. എന്നാൽ എന്റെ യാത്രകൾക്കിടയിൽ ഇങ്ങനെ കുടമൺപിള്ളയുടെ വീട്ടുകാർ വള്ളിയൂരിൽ താമസിക്കുന്നതും, അവർ അവിട്ടത്തേ നിഗ്രഹിക്കുവാൻ വേണ്ട സന്നാഹങ്ങൾ കൂട്ടിവരുന്നതും അറിയുവാൻ ഇടയായി. ഞാൻ ഒരു സഞ്ചാരിയാണ്. എന്നാൽ പൊന്നുതമ്പുരാൻ തിരുമനസ്സിലെ തൃപ്പാദങ്ങളോടുള്ള ഭക്തി ഒരിക്കലും ക്ഷയിക്കാതെ കിടക്കുന്നതുകൊണ്ടാണ് എന്റെ യാത്രകൾ മുടക്കി അങ്ങത്തേ സന്നിധിയിൽ വന്നത്.

അനന്തപത്മനാഭൻ:—താൻ ആരെങ്കിലും ആണെന്നു പറഞ്ഞുകൊള്ളു. അതിനിവിടെ വിരോധമില്ല.

പക്ഷേ, കുടമൺകുടുംബത്തേപ്പററി താൻ ഒരു പുതുക്കഥയല്ല വിളമ്പുന്നതു്. ഉമയമ്മപ്പിള്ളയും ഇരവിക്കുറുപ്പും വള്ളിയൂർ വടക്കേക്കോട്ടവാതുക്കൽ അകത്തോട്ടു കയറുന്ന വഴിയുടെ ഇടതുവശം താമസിക്കുന്നു. ഇതൊന്നും താൻ പറഞ്ഞല്ലല്ലോ ഞാൻ അറിഞ്ഞതു്.

മാത്തുക്കുറുപ്പു്:—(അത്ഭുതഭാവത്തിൽ) അവിടുത്തേ കണ്ണുകൾ ദേവനേത്രങ്ങളാണു്. എന്നാൽ ഈ മൂന്നുപേർ തന്നിച്ചല്ലാ ഇവിടുത്തേ നേക്കുള്ള ദ്രോഹാലോചനക്കാർ. നവാബിൻെറ രാജധാനിയിൽ നിന്നു് ആളുകൾ എന്നും വന്നും പോയും ഇരിക്കുന്നു. ഇവിടുള്ള ചിലരും രഹസ്യമായി അവിടെ അറിവുകൊടുക്കുന്നുണ്ടു്. ഉമയമ്മപ്പിള്ളയുടെ മകൾ സീതാലക്ഷ്മി എന്നൊരു പെണ്ണുണ്ടു്. കാഴ്ചയിൽ കുറെ സൌന്ദയ്യം ഉള്ളതാണു്. കണ്ടാൽക്കൊള്ളാവുന്ന പെണ്ണുങ്ങൾക്കു "എന്തും ചെയ്യാൻ മടിയില്ലെന്നു വരുമ്പോൾ അവരെ സഹായിക്കുവാൻ പ്രബലന്മാരായ പുരുഷന്മാരും ഉണ്ടാകും.

അനന്തപത്മനാഭൻ:—(കോപത്തോടെ) ച്ഛീ! നീചാ! ആ വാക്കു് തിരിച്ചുപറഞ്ഞേക്കൂ. താൻ ആരോടാണു് സംസാരിക്കുന്നതെന്നറിയുന്നുണ്ടോ? അന്തസ്സിലും ശ്രേഷ്ഠതയിലും ഇരിക്കുന്ന സ്ത്രീകളേപ്പററി എന്തു് അപരാധവും എൻെറ മുമ്പിൽവച്ചു പറയാമെന്നോ? സൂക്ഷിച്ചു സംസാരിച്ചില്ലെങ്കിൽ അനുഭവം അറിയാമോ?

മാത്തുക്കുറുപ്പു്:—(ഭയവിഹ്വലനായി)പൊന്നങ്ങുന്നേ!കേട്ടതു ചൊല്ലിപ്പോയെന്നേയുള്ളൂ. കാരുണ്യമുണ്ടായി ക്ഷമിക്കണം. അങ്ങത്തേ വകവരുത്തുവാൻ അവർ കരുതുന്നൊന്നുള്ളതു് പത്മനാഭനാണെ സത്യം. അവക്കു ശക്തന്മാരായ സഹായികളും ഉണ്ടു്.

അനന്തപത്മനാഭൻ:—അതു് ഞാൻ അറിഞ്ഞിട്ടില്ലെന്നാണോ താൻ വിചാരിക്കുന്നതു്? കൃഷ്ണൻതമ്പിയുടെ മകൻ അനന്തകൃഷ്ണൻതമ്പി ആ പെൺകുട്ടിയുടെ മിത്രമാണെന്നു ഞാൻ കേട്ടിട്ടുണ്ടു്. അവർ രണ്ടു പേരും കാലക്രമത്തിൽ ഭാര്യാഭർത്താക്കന്മാരായിത്തീരുന്നതാണും. (മാതുക്കുറുപ്പിന്റെ മുഖം വിളറുന്നതു പടത്തലവൻ സൂക്ഷിക്കുന്നു)

മാതുക്കുറുപ്പ്:—(ഭാവഭേദം അടക്കി) പൊന്നങ്ങുന്നു് സകലതും അറിയുന്നു.

അനന്തപത്മനാഭൻ:—ഇനി ഞാൻ ഒന്നുകൂടെ പറയാം. തന്റെ ഭാവം പകൎന്നുകണ്ടതുകൊണ്ടാണു് പറയണമെന്നു വിചാരിക്കുന്നതു്. അനന്തിരവനേക്കൊണ്ടു് മകളെ വിവാഹം ചെയ്യിക്കണമെന്നു് വിചാരിക്കുന്ന ചെങ്കോടിമാതുക്കുറുപ്പിനു് എന്റെ വാക്കുകൾ കേട്ടാൽ ഭാവം നേരേനിറുത്തുവാൻ സാധിക്കുകയില്ല. (മാതുക്കുറുപ്പുപോകുവാൻ തുടങ്ങുന്നു) നിൽക്കൂ. നില്ക്കു കുറുപ്പേ! താൻ കള്ളവേഷത്തിൽ എന്നെ വഞ്ചിക്കുവാൻ വന്നതുപോകട്ടെ. ഞാൻ ഒരുകാൎയ്യംകൂടി പറയാം. ആ കൊച്ചുതമ്പിയെ വള്ളിയൂരിൽ കാണാതെയായിരിക്കുന്നു. താൻ ഏതോ കൃത്രിമം പ്രവൎത്തിച്ചതാണെന്നാണു് എന്റെ വിശ്വാസം. ഞാൻ അതു് അറിഞ്ഞുകൊള്ളാം.

മാതുക്കുറുപ്പ്:—പൊന്നങ്ങുന്നു് ഏതാണ്ടൊക്കെ തെറ്റിദ്ധരിച്ചിരിക്കുന്നു. എനിക്കു് ഇതിലെങ്ങും ഒരു കാൎയ്യവുമില്ല. ഞാൻ പൊയ്ക്കൊള്ളാം.

അനന്തപത്മനാഭൻ:—ആകട്ടെ പൊയ്ക്കൊള്ളൂ. തിരുമനസ്സിലെ ശത്രുക്കളുടെ ഇടയിൽ തനിക്കും തന്റെ മകൾക്കും യാതൊരു കാൎയ്യവും ഇല്ല. ഇടനാട്ടേക്കു

തിരിച്ചു പോന്നുകൊള്ളണം. കടക്കൂ: ഉത്തരം പറയേണ്ടതായ ആവശ്യമില്ല.

(മാത്തുക്കുറുപ്പ് പോകുന്നു)

അനന്തപത്മനാഭൻ:—(ആത്മഗതം) അവനവൻെറ ആളുകളെ കാരണംകൂടാതെ ഉപദ്രവിച്ചെന്നായിരിക്കും കുടമൺകുഞ്ഞമ്മമാർ എന്നിൽ ചുമത്തുന്ന അപരാധം. പക്ഷേ അവർ ഒരു കാര്യം ഓർമ്മിക്കുന്നില്ല. നാട്ടിൻെറ രക്ഷക്കുവേണ്ടിയാണു് ഞാൻ അങ്ങിനെ ചെയ്തതു്. നാടുവാഴുന്ന പൊന്നുതിരുമേനിയോടു് ശത്രുതയിൽ ഇരിക്കുന്ന പ്രഭുക്കന്മാർ വധ്യന്മാരാണു്. അക്കാര്യത്തിൽ ബന്ധമൈത്രികൾ നോക്കുവാൻ പാടില്ല. എൻെറ പൊന്നുതിരുമേനി ഇല്ലായിരുന്നെങ്കിൽ നാടു മുഴുവൻ രക്തംതോരാതെ ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുമായിരുന്നു. അങ്ങനെയൊക്കെ ആയാലും അകാരണമായ ഒരു പശ്ചാത്താപം എന്നെ അസ്പഷ്ടമായി പിടിപ്പിക്കുന്നു. തൃപ്പാദഭക്തി മാത്രമാണു് എന്നെ ഇന്നും ഉത്സാഹജീവിതത്തിൽ ശേഷിപ്പിക്കുന്നതു്. അല്ലെങ്കിൽ ഇതിനു മുൻപുതന്നെ ലോകവ്യാപാരങ്ങൾ ഞാൻ വിട്ടുകളയുമായിരുന്നു. (നെടുതായൊന്നു നിശ്വസിച്ചു് എഴുന്നേററു നടക്കുന്നു) പത്മനാഭാ! ഈ ആയുസ്സിനിടയ്ക്കു് എന്തെല്ലാം നടത്തി! എത്രപേരുടെ ജീവഹാനിവരുത്തി! അന്നു് ഇളയതമ്പുരാൻ തിരുമനസ്സിലെ അടിയാനായി ആകവടി നിന്നപ്പോൾ ഇങ്ങനെയുള്ള ഒരു ജീവിതത്തിലേക്കാണു വന്നുചേരുന്നതെന്നു തെല്ലെങ്കിലും ചിന്തിച്ചിരുന്നുവോ! ഹേയ്! ഞാൻ ചെയ്തതിൽ യാതൊരബദ്ധവും ഇല്ല. തമ്പിമാർ ജനദ്രോഹികളായിരുന്നല്ലോ. സ്വാതന്ത്ര്യത്തിനുവേണ്ടി അവരെ എട്ടുവീടർ

സഹായിച്ചു. അതുകൊണ്ടു് ആ രണ്ടുകൂട്ടരും ശിക്ഷാർഹരാണെന്നുള്ളതു് നിസ്സംശയമാണു്. പിന്നെ വടക്കോട്ടുള്ള യുദ്ധങ്ങൾ—അതാണു്. ഈ ചെറുരാജാക്കന്മാരെല്ലാം സുഖലോലുപരും അശക്തരും ആയിരുന്നതുകൊണ്ടു് അവരുടെ ഭരണത്തിൽ ജനങ്ങൾക്കു രക്ഷയില്ലായിരുന്നു. അതുകൊണ്ടു് അവർ ഭരണംവെടിയേണ്ടവർതന്നെയാണു്. ഈ രാജ്യംമുഴുവൻ എന്റെ തമ്പുരാന്റെ ഉഗ്രഭരണത്തിൽ ആക്കിയതു് എന്നും നിൽക്കുന്ന ഒരു സൽപ്രവൃത്തിതന്നെയാണു്. സംശയിപ്പാനില്ല. ആകപ്പാടെ എന്റെ ജീവിതം നിഷ്ഫലമല്ല; പാപകരവുമല്ല. എല്ലാം ഞാൻ പത്മനാഭനേ സാക്ഷിനിറുത്തിയാണു് ചെയ്തിട്ടുള്ളതു്. തൃപ്പാദങ്ങൾ പത്മനാഭന്റെ പ്രത്യക്ഷാനുഗ്രഹം തന്നെയാണു്. ആവൂ!

(ഒരു ചാരൻപ്രവേശിച്ചു് ആചാരംചെയ്യുന്നു.)

അനന്തപത്മനാഭൻ:— നീ മുമ്പേ പോന്നതെന്തു്? മററവൻ എവിടെ?

ചാരൻ:— അവനെ ഞാൻ നേരത്തേ അയച്ചിരുന്നല്ലോ. നഭാവിന്റെ പട വള്ളിയൂർ എത്തുന്നതിനുമുമ്പു യജമാനൻ അവിടെ വരാഞ്ഞതെന്തായിരിക്കുമോ?

അനന്തപത്മനാഭൻ:— ശരിയായി. ആഗ്ഗാട്ടിലെ സന്നാഹങ്ങൾ അപ്പഴപ്പോൾ അറിയിച്ചുകൊണ്ടിരിക്കണമെന്നു പറഞ്ഞയച്ചിരുന്നു ഞാൻ കേൾക്കേണ്ടതു് ആഗ്ഗാട്ടുകാർ വള്ളിയൂർ പിടിച്ചടക്കി എന്നായിരിക്കും!

ചാരൻ:— പടയുടെ ഇളക്കംകണ്ടപ്പോൾതന്നെ ഞാൻ ഇവിടെ ആൾ അയച്ചു. ഞാൻ വള്ളിയൂർ വന്നപ്പോൾ നഭാവിന്റെ പട കോട്ടയ്ക്കകത്തു കേറുവാൻ

യജമാനൻ അനുവദിച്ചതു് വേറെ വല്ല തന്ത്രവും കണ്ടുകൊണ്ടായിരിക്കുമെന്നു സംശയിച്ചു. അപ്പോൾ, ഞാൻ അയച്ചവൻ ഇവിടെയെത്തിയില്ല. ആരോ ചതിചെയ്തിരിക്കുന്നു.

അനന്തപത്മനാഭൻ:—അപ്പോൾ വള്ളിയൂർക്കോട്ട ശത്രുക്കളുടെ കയ്യിൽ ആകുന്നതുവരെ നിങ്ങൾ കാര്യം എന്നെ അറിയിക്കാതെ കഴിച്ചു. വളരെ ഭംഗിയായി. നീ വന്നവഴി വള്ളിയൂർക്കയറിയുമില്ലായിരിക്കും.

ചാരൻ:—കയറി.

അനന്തപത്മനാഭൻ:—അത്രയും ഒരു ബുദ്ധിതോന്നിയല്ലോ. വല്യ ആശ്വാസമായി. എന്തെല്ലാമാണു് അവിടുത്തെ വട്ടംക്രൂട്ടലുകൾ?

ചാരൻ:—പെട്ടെന്നുള്ള ആക്രമണം ആകയാൽ അവിടുത്തെ ചെറിയ പട്ടാളത്തിനു് ഒന്നും ചെയ്വാൻ കഴിവുണ്ടായില്ല.

അനന്തപത്മനാഭൻ:—നിൻെറ ഭാഷ്യം ഇവിടെ ആവശ്യമില്ല. കണ്ടതിനെപ്പറയൂ.

ചാരൻ:—(ഭയപ്പെട്ടു്) യജമാനനേ ക്ഷമിക്കണം. അവിടെ അററകുററപ്പണി മുറയ്ക്കു നടക്കുന്നു. തെക്കേവശത്തുള്ള വെടിമരുന്നു കോട്ടയുടെ അടുത്തെങ്ങും ആരെയും വിടുന്നില്ല. അതിനു വടക്കുള്ള വേട്ടക്കൊരുമകൻ കോവിലിൽ ശാന്തി രണ്ടുദിവസമായി മുടങ്ങിക്കിടക്കുകയാണു്. കുമ്പിനിയാരന്മാരുടെ ആളുകളാണു് വെടിമരുന്നുകോട്ടയുടെചുററുംകാവലേററിരിക്കുന്നതു്.

അനന്തപത്മനാഭൻ:—അതു വളരെ നന്നായി! അഞ്ചുതെങ്ങിൽനിന്നു്ഈ വൻകള്ളന്മാരെ ഓടിക്കുകതന്നെ ചെയ്യണം. പക്ഷേ കണ്ണൽ ഹീറൻധൊരയായിരിക്കും നബാവിൻെറ മിത്രമായി വേഷംകെട്ടിയിരിക്കുന്നതു്.

മേലുള്ളവർ ഈ വികൃതിത്വം അറിഞ്ഞുകാണുക യില്ല. പിന്നെ എന്തുവിശേഷം?

ചാരൻ:—അനന്തകൃഷ്ണൻതമ്പിയെ അവിടെയെങ്ങും കാണ്മാനില്ല. അങ്ങത്തേയും പൊന്നുതിരുമേനിയേയും ചൊല്ലി കിഴക്കൻ കുന്നുകളിൽ ഒരു ശത്രുസംഹാരഹോമം തുടങ്ങിയിട്ടുണ്ടെന്നും തമ്പി അതു നടത്തിക്കുകയാണെന്നുമാണു് അറിയുന്നതു്.

അനന്തപത്മനാഭൻ:—നീ കണ്ടതാണു് എന്നോടു പറയേണ്ടതു്. അല്ലാതെ കേട്ടതല്ല. തമ്പിയെക്കാണാനില്ലാത്ത വിവരം ഞാൻ നേരത്തെ അറിഞ്ഞു. അതുകൊണ്ടു് തമ്പിയുടെ വാല്യക്കാരിൽനിന്നു് മാതുക്കുറുപ്പിനു് ചില സമ്മാനങ്ങളും കിട്ടുവാൻ ഏൎപ്പാടു ചെയ്തിട്ടുണ്ടു്.

ചാരൻ:—പടിഞ്ഞാറേക്കോട്ടയുടെ ഇടത്തരുകിൽ ഒട്ടകങ്ങളും സാമാനങ്ങളും നാഴികതോറും വന്നുകൊണ്ടിരിക്കുന്നു. അതിനു തെക്കുമാറിയാണു് കുതിരലായം. പട്ടാളങ്ങൾക്കു താമസിക്കുവാൻ കുതിരലായത്തിൻ കിഴക്കുവശം.

അനന്തപത്മനാഭൻ:—കോട്ടയുടെ കിഴക്കുവശത്തു വല്ല പണികളും നടക്കുന്നുണ്ടോ?

ചാരൻ:—ഇല്ല. കുളം വൃത്തിയാക്കുന്നതേയുള്ളു.

അനന്തപത്മനാഭൻ:—ആട്ടേ, കാൎയ്യത്തിനു കൊള്ളിക്കാത്ത നീ പൊയ്ക്കോ. ആ ഇളേടത്തുസ്വരൂപത്തിൽനിന്നു വന്ന ആളിനെ ഇങ്ങു വിളിച്ചേക്കു്.

(ചാരൻ പോകുന്നു.)

അനന്തപത്മനാഭൻ:—(ആത്മഗതം) ആൎക്കാട്ടുകാർ ജയക്കൊടി നാട്ടിക്കഴിഞ്ഞല്ലോ. വടക്കുനിന്നു പട്ടാളം

വരുന്നതുവരെ അടങ്ങിയിരിക്കുവാനും നിവൃത്തിയില്ലെന്നായി.

(മാർത്താണ്ഡക്കുറുപ്പു പ്രവേശിച്ചു ആചാരത്തോടെ നിൽക്കുന്നു.)

അനന്തപത്മനാഭൻ:—മാർത്താണ്ഡക്കുറുപ്പേ! വരുക. ഒരു ഗുണദോഷം പറയാം. നിങ്ങൾ ചെയ്യുന്നതു തീരെ നന്നല്ല. നിങ്ങളുടെ സിംഹാസനത്തെ ദ്രോഹിക്കുകയാണു്. നിങ്ങൾ എളേടത്തുനാട്ടിലെ പ്രധാനപ്രമാതലക്കാരിൽ ഒരാളാണു്.

മാർത്താണ്ഡക്കുറുപ്പു്:—രാമയ്യൻസ്വാമി പറഞ്ഞിട്ടാണു് ഞാൻ ഇക്കാര്യത്തിനു ഇറങ്ങിത്തിരിച്ചിരിക്കുന്നതു്. അല്ലാതെ നെടുംകൈനോക്കി തിരുവനന്തപുരംവരെ വരണമെന്നില്ലായിരുന്നു യജമാനനേ.

അനന്തപത്മനാഭൻ:—രാമയ്യൻ അത്ര ബുദ്ധിയില്ലാത്തയാൾ അല്ല. ഇരിക്കട്ടെ. ഞാൻ വിവരം തൃപ്പാദങ്ങളിൽ ഉണർത്തിച്ചുനോക്കാം. കുറുപ്പു് ഇവിടെത്തന്നെ താമസിച്ചുകൊള്ളണം. പൂമുഖത്തേയ്ക്കു പൊയ്ക്കൊള്ളാം. എനിക്കു കുറേ ജോലിത്തിരക്കാണു്. ഇവിടെ അസൌകര്യം വല്ലതും തോന്നുന്നുണ്ടോ?

മാർത്താണ്ഡക്കുറുപ്പു്:—കൊള്ളാം. ചെമ്പകശ്ശേരിയിൽ വന്നാൽ അസൌകര്യം എന്തോന്നാണുള്ളതു! പക്ഷേ ഞാൻ അഞ്ചുദിവസമായി ഇവിടെ വന്നിട്ടു്.

അനന്തപത്മനാഭൻ:—ഈ അഞ്ചുദിവസവും കുറുപ്പു കണ്ടുകൊണ്ടല്ലേ ഇരിക്കുന്നതു്? ഉണ്ണാൻപോലും നേരം കിട്ടുന്നില്ല. (തൊഴുതിട്ടു്) എന്നാൽ പിന്നെ കാണാം. (മാർത്താണ്ഡക്കുറുപ്പുപോകുന്നു) ആരവിടെ! ആ ദ്വിഭാഷിയെ വരാൻപറയട്ടെ. (ആത്മഗതം) ഇനി അക്കാര്യം കഴിഞ്ഞാൽ പാർവ്വതിപ്പിള്ളയുടെ

ശകാരം കേട്ട് ഊണുകഴിച്ച്, നേരെ വള്ളിയൂരേക്കു് പുറപ്പെടാം. ആവൂ.

[ഇംഗ്ലീഷുകമ്പിനിയുടെ ദ്വിഭാഷി പ്രവേശിച്ച് ഉപചാരംചെയ്തു നിൽക്കുന്നു)

അനന്തപത്മനാഭൻ:— മേനവൻ! അഞ്ചുതെങ്ങിൽനിന്നു് ഞാൻ പോന്നതിൽപിന്നീടു നിങ്ങളെപ്പററി പല പരാതികളും വന്നിരിക്കുന്നു. കുമ്പനിയാൎക്കു പണ്ടക ശാല കെട്ടി കച്ചവടം ചെയ്തുകൊള്ളുവാൻ തിരു മനസ്സുകൊണ്ടു് അനുവദിച്ചതു്, അവിടുത്തെ പ്രജകളെ ഉപദ്രവിക്കുന്നതിനല്ലെന്നു നല്ല ഓൎമ്മ വേണം. പാണ്ടിയിൽ നിങ്ങളുടെ ആളുകൾ ഞങ്ങളെ ദ്രോഹിക്കുന്നതും അറിയാതിരിക്കുന്നില്ല.

ദ്വിഭാഷി:— അതൊക്കെ രാജാവും ഇംകിരിസ്സുകാരും തമ്മി ലുള്ള കരാറാണു്. നമുക്കിരുവൎക്കും അതിൽ പറയു വാൻ ഒന്നുമില്ല. ഈസ്റ്റിൻഡ്യാക്കമ്പെനി പേർ പൊങ്ങിയ ശക്തിയാണു്.

അനന്തപത്മനാഭൻ:— എന്തു്? പേർപൊങ്ങിയ ശക്തി യെന്നോ! പറങ്കികളും ലന്തക്കാരും പോയിത്തുലയു ന്നതു നിങ്ങൾ കാണുന്നുണ്ടോ? "രാജാ"വോ? ആരെടോ തന്നേ മൎയ്യാദപഠിപ്പിച്ചതു്? "നമുക്കതിൽ പറയുവാൻ ഒന്നുമില്ല" എന്നോ? തിരുമനസ്സിലെ ഉപ്പും ചോറും തിന്നു കിടക്കുന്ന ഞങ്ങളേയോ താൻ ഈ പാഠം പഠിപ്പിക്കുവാൻ വരുന്നതു്? ആകട്ടെ. പൊയ്ക്കൊള്ളൂ. കുറേക്കൂടെ മൎയ്യാദയായി സംസാരിക്കു ന്നവരേ മാത്രമേ ഇങ്ങോട്ടയയ്ക്കാവൂ എന്നു കമ്പ നിക്കു് എഴുതി അയച്ചേക്കാം.

ദ്വിഭാഷി:— (ഭയവിഹ്വലനായി) യജമാനേ! വയററിലടി ക്കരുതു്. ഞാൻ പാമരനായി പതറിപ്പോയി.

അനന്തപത്മനാഭൻ:— കൊള്ളാം! രാജ്യത്തിൽവന്നു കച്ചവടംചെയ്തു് താമസിച്ചുകൊള്ളട്ടെ എന്നു് കല്പിച്ചപ്പോൾ അവരുടെധാർഷ്ട്യം കണ്ടില്ലേ? പൊയ്ക്കൊള്ളൂ മേനവൻ. താൻ ഇനി ഇവിടെ വരേണ്ട ആവശ്യമില്ല.

ദ്വിഭാഷി:— യജമാനനേ! (താണു സലാം ചെയ്യുന്നു) ക്ഷമിക്കണേ. രക്ഷിക്കണേ.

അനന്തപത്മനാഭൻ:— എന്നാൽ പറയുന്നതു് കേൾക്കൂ. ചിറയിൻകീഴ് കാര്യക്കാരുടെ ഉത്തരവനുസരിച്ചു് എല്ലാം നടത്തിക്കൊള്ളണം. ഇവിടെനിന്നു് ആ കാര്യക്കാരെ വിവരങ്ങൾ അറിയിച്ചുകൊള്ളും.

(ദ്വിഭാഷി സലാംചെയ്തു പോകുന്നു)

അനന്തപത്മനാഭൻ:— ആവൂ! ഇനി പാർവതിഅമ്മയോടുള്ള യുദ്ധമാണു്.

(ഒരു പട്ടക്കാരൻ പ്രവേശിച്ചു് ആചാരം ചെയ്യുന്നു)

പട്ടക്കാരൻ:— കല്പനയായി യജമാനൻ ഉടൻവരണമെന്നു്.

അനന്തപത്മനാഭൻ:— അമൃതേത്തു കഴിഞ്ഞോ?

പട്ടക്കാരൻ:— ഉത്തരവു്. കഴിഞ്ഞില്ല.. അമൃതേത്തിനു് എഴുന്നള്ളുമ്പോൾ ദേശിങ്ങനാട്ടുനിന്നും രണ്ടുപേർ അത്യാവശ്യമായി മുഖംകാണിക്കുവാൻ വന്നു നില്ക്കുന്നെന്നറിയിച്ചു.

അനന്തപത്മനാഭൻ:— നീ അവരേ കണ്ടുവോ?

പട്ടക്കാരൻ:— ഇല്ല. ദേഹംമുഴുവൻ മൂടിപ്പൊതിഞ്ഞു കുതിരപ്പുറത്തുകേറിയാണു് വന്നതു്.

അനന്തപത്മനാഭൻ:— അകത്തുപോയി. അവർ എല്ലാം ഉണ്ടുകൊള്ളുവാൻ പറഞ്ഞേക്കുക. ഞാൻ മുഖംകാണിക്കുവാൻ പോകുന്നെന്നും വരുവാൻ വളരെ താമസിച്ചേക്കുമെന്നും പറഞ്ഞേക്കണം.

പട്ടക്കാരൻ:— ഉത്തരവു്.

## പത്താം രംഗം.

---

### സന്ന്യാസിമാരുടെ ഗുഹയ്ക്കു മുൻവശം.

(കല്യാണി ക്ഷുബ്ധചിത്തയായി പ്രവേശിക്കുന്നു)

കല്യാണി:—അയ്യോ! അദ്ദേഹത്തെ ഇവിടെയെങ്ങും കാണുന്നില്ലല്ലോ. ഞാൻ ഇനി ആരെയാണു ശുശ്രൂഷിക്കേണ്ടതു്! ആരുടെ മനോമോഹനമായ സാന്നിദ്ധ്യത്തിലാണു് എന്റെ കഷ്ടതകൾ മറക്കേണ്ടതു്. ഇന്നലെ രാത്രി എന്നോടു ഇത്രവളരെ ഗുണദോഷം പറഞ്ഞതു ഇന്നിങ്ങനെ ചതിക്കുവാൻ ആയിരുന്നുവോ! ദേവീ! എന്നെ ഇനി എങ്ങോട്ടു നടത്താമെന്നാണു് അവിടുന്നു വിചാരിക്കുന്നതു്! ഒരു ആശ്വാസവും, ഒരു രക്ഷയും കാണുന്നില്ല. രണ്ടു ദിവസത്തിനു മുമ്പു് എവിടെയോ പോയ അച്ഛനും തിരിച്ചു വന്നില്ലല്ലോ. ഗുരുസ്വാമി എന്നൊരാളുടെ പേർ ധാരാളം പറയുന്നെന്നല്ലാതെ ഇവിടെയെങ്ങും അങ്ങിനെ ഒരാളെക്കാണുന്നുമില്ലല്ലോ. എന്നേ വെറുത്തു അദ്ദേഹം പോയിരിക്കാം. സംശയമില്ല. എന്നാൽ ഞാൻ ഈ ജീവിതഭാരം അധികംനാൾ വഹിക്കേണ്ടതായ ആവശ്യമില്ലല്ലോ. ഇനി തിരിച്ചെടുക്കുവാൻ വഹിയാത്തവിധത്തിൽ എന്റെ മനസ്സു് അങ്ങു പതിഞ്ഞുപോയി. എന്റെ മുമ്പിൽ കാണുന്ന ഘോരവനംപോലെ എന്റെ ജീവിതവും അന്ധകാരമയമായിത്തീർന്നിരിക്കുന്നു. അദ്ദേഹം ഇല്ലാതെ ഞാൻ എങ്ങിനെ ജീവിക്കും? പ്രാണേശ്വരാ!

ഞാൻ ഇതാ അങ്ങേ പിൻതുടരുന്നു. (തിരിഞ്ഞു നോക്കി) അച്ഛാ! ഞാൻ യാത്രപറയുന്നു. അച്ഛൻ എനിക്കു കാണിച്ചുതന്ന രത്നദീപത്തെ ഞാൻ ഇതാ അനുഗമിക്കുന്നു.(കൈകൂപ്പുന്നു) അമ്മേ! ഇനിഎന്നേ ക്കാണ്മവാൻ സാധിക്കുമെന്നു തോന്നുന്നില്ല. മകളേ നിങ്ങൾ മറന്നുകളയണം (ആലോചിച്ചിട്ടു) അദ്ദേഹം ഏതുവഴിക്കു പോയെന്നു രൂപമില്ലല്ലോ. ഞാൻ എങ്ങോട്ടാണു പോകേണ്ടതു്? അല്ലെങ്കിൽ എങ്ങോട്ടാണു പോകണ്ടാത്തതു്? മനുഷ്യജാതിയിൽ ഹൃദയത്തേ സൃഷ്ടിച്ച ജഗദീശ്വരൻ എനിക്കു വഴികാണിച്ചു തരും. ഞാൻ എന്റെ ആയുസ്സൊടുങ്ങുന്നതിനുമുമ്പു് അദ്ദേഹത്തെ കാണും. ഞാൻ ആ കോമളപാദതലങ്ങളിൽ വീണു കേഴും. അദ്ദേഹം എന്നേ ചവിട്ടും; ഞാൻ ആ ചവിട്ടേൽക്കും. ഞാൻ ആ സുഖത്തിൽ മരിക്കും: അദ്ദേഹത്തേതേടി മുന്നോട്ടുവച്ച കാൽ പിന്തിരിക്കുകയില്ല. ആ കാലിനു യാതൊരു ബന്ധവും ഏൽക്കുകയുമില്ല. പ്രാണേശ്വരാ! ഞാൻ ഇതാ വരുന്നു. അംബേ! ഭഗവതി! രക്ഷിച്ചുകൊള്ളണമേ.

# പതിനൊന്നാം രംഗം

വള്ളിയൂർ കുടമൺഗൃഹം.

(അനന്തകൃഷ്ണൻതമ്പിയും സീതാലക്ഷ്മിയും പ്രവേശിക്കുന്നു.)

സീതാലക്ഷ്മി:— എന്നെ ഇനി കുഞ്ഞമ്മ എന്നു വിളിക്കണ്ട. എന്റെ അവിവേകം എന്നെ എത്ര വ്യസനിപ്പിച്ചുവെന്നോ! ഞാൻ വിചാരിച്ചു, എന്നോടു പിണങ്ങി വല്ല വഴിക്കും പോയതാണെന്നു്.

അനന്തകൃഷ്ണൻതമ്പി:— ഞാൻ അത്ര ചുണകെട്ടവനാണെന്നാണോ പറയുന്നതു്?

സീതാലക്ഷ്മി:— അപ്പോൾ ആതിച്ചപ്പിള്ള ആൾ വീരനാണല്ലോ. അയാളുടെ അങ്ങുന്നിനെ ഒളിപ്പിച്ചിരിക്കുന്ന ആളിന്റെ വിവരം എത്ര ബുദ്ധിയോടുകൂടി അയാൾ മനസ്സിലാക്കി!

അനന്തകൃഷ്ണൻതമ്പി:— സന്യാസിമാർക്കു ശിഷ്യപ്പെടാത്തതുകൊണ്ടു് അയാളുടെ ബുദ്ധിക്കു തെളിച്ചം മാഞ്ഞുപോയില്ല.

സീതാലക്ഷ്മി:— എങ്കിലും ഒരു ഗോസായിയുടെ കയ്യിൽ അകപ്പെട്ടു തടവിൽ കിടക്കുവാനേ ആക്കാട്ടിന്റെ സേനാനായകനു കഴിഞ്ഞുള്ളുവല്ലോ! കുറച്ചിൽ!

അനന്തകൃഷ്ണൻതമ്പി:— ചതിയിൽ ആർക്കെല്ലാം എന്തെല്ലാം പറവരുന്നു!

സീതാലക്ഷ്മി:— ഈ സന്യാസി ആരാണു്? എന്തിനാണു് അയാൾക്കു നമ്മോടു രണ്ടുപേരോടും ഇത്ര വലിയ വിരോധം?

അനന്തകൃഷ്ണൻതമ്പി:—എനിക്കു യാതൊരു പിടിയും കിട്ടുന്നില്ല. ഒരു പക്ഷേ ആമ്പുബേക്കരോ അല്ലെങ്കിൽ തിരുവിതാംകൂറിലുള്ള നമ്മുടെ ശത്രുക്കളിൽ ആരെങ്കിലുമോ അയച്ചിട്ടുള്ള കിങ്കരനാണ് ഈ സന്യാസി. ആരെങ്കിലും ആകട്ടെ. പരിചയമില്ലാത്ത ശത്രുക്കളും അതുപോലെയുള്ള ബന്ധുക്കളും നമുക്കുണ്ട്. ഈ സന്യാസിയാണ് എന്നെ അപ്പകടത്തിൽപെടുത്തിയിരിക്കുന്നതെന്ന് ആരോ നേരത്തേതന്നെ ആതിച്ചപ്പിള്ളയോടു പറഞ്ഞിരിക്കുന്നു. അതാണല്ലോ അയാളും അന്നിവിടെവച്ച് വഴക്കുണ്ടാക്കിയതു.

സീതാലക്ഷ്മി:—പിന്നെ എങ്ങിനെ ആ ഗുഹകളിൽനിന്നു അവിടുത്തേക്കു പോരുവാൻ സാധിച്ചു?

അനന്തകൃഷ്ണൻതമ്പി:—പലനാളും നടത്തിയ അന്വേഷണങ്ങളുടെ ഫലമായി രക്ഷാമാൎഗ്ഗം കണ്ടുപിടിക്കുവാൻ കഴിഞ്ഞു. ഏതായാലും എന്റെ പട മുഴുവൻ വരട്ടെ. ആ സ്ഥലം ഒന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

(ആതിച്ചപ്പിള്ള പ്രവേശിക്കുന്നു)

ആതിച്ചപ്പിള്ള:—പിന്നേം തുടങ്ങി രണ്ടുപേരും തമ്മിൽ കിന്നാരങ്ങളും കറിശ്ലോകങ്ങളും (സീതാലക്ഷ്മി ചിരിക്കുന്നു) അയ്യ, ചിരിക്കുണു! കണ്ട മറവൻധന്യാതീടെ അടവുകേട്ട് ഝവവും നാമോം തൊടങ്ങിയ കുഞ്ഞമ്മഛവ്വാധി! ഞാൻ വിജാരിച്ചു ആളു വല്യ വിരത്തിയാണെന്ന്. ഇളിച്ചുപോയി. "ആതിച്ചപ്പിള്ളേ! എക്കാരുമില്ലേ" എന്നു ചിണുമ്പുണതു്.

സീതാലക്ഷ്മി:—(ലജ്ജയോടുകൂടി) ആരാണെടോ അങ്ങിനെ ചിണുമ്പിയതു്? പച്ചക്കള്ളങ്ങളും പറയുന്നതു കേട്ടില്ലേ? തന്റെ അങ്ങുന്നിനെ കാണാതായപ്പോൾ തനിക്കല്ലേ ഭ്രാന്തു പിടിച്ചതു്?

ആതിച്ചപ്പിള്ള:—എക്കെന്തൊരു പ്രാന്തു്? കുഴിയിൽക്കാലും നീട്ടിയിരിക്കണ എന്തൊരുകാൎയ്യം! ശൃങ്ങാര പ്പാനും ചണ്ടക്രൂടാനും ആളില്ലാത്തവൎക്കുതന്നെ ചേരം.

സീതാലക്ഷ്മി:—അധികപ്രസംഗം പറഞ്ഞാൽ അനുഭവം അറിയാമല്ലോ. താൻ അകത്തുപോയി അമ്മയോടും അച്ഛനോടും ശണ്ഠകൂടികൊള്ളു. എന്നോട്ടു കളിച്ചാൽ അനുഭവം അറിയാമോ?

ആതിച്ചപ്പിള്ള:—അപ്പറഞ്ഞതിന്റെ വ്യാഗരണം മനസ്സിലായി. ഞാൻ ഇവിടെനിന്നു് ചിരിം കളിം മൊടക്കണില്ല. കൊച്ചങ്ങുന്നു പോന്നിട്ടു കാണാഞ്ഞു് പണ്ടത്തേപ്പോലെ വല്ല ഗന്ധൎവ്വിം ചിക്കെപ്പെടുത്തി സൊൎഗ്ഗത്തു കൊണ്ടുപോയോ എന്നറിവാൻ വന്നതേയുള്ളു. (പോകാൻ തുടങ്ങുന്നു)

സീതാലക്ഷ്മി:—നില്ക്കൂ. നില്ക്കൂ. തന്നോടിക്കാൎയ്യം ഒക്കെപ്പറഞ്ഞുതന്നതാരാണു്? നേരുപറയൂ.

ആതിച്ചപ്പിള്ള:—കുമാരകോവിലപ്പൻ. അല്ലാതെ മനക്ഷേനല്ല. (അനന്തകൃഷ്ണൻതമ്പിയോടു്) ചോറിരുന്നുതണുക്കണു. നേരത്തേ കാലത്തേ രണ്ടു പറവു വാരിത്തിന്നാണ്ടു എല്ലു തിരിയല്ലെ.

(പോകുന്നു)

അനന്തകൃഷ്ണൻതമ്പി:—എന്നാൽ ഞാൻ പോകുന്നു. ഇന്നു നഭാവുതിരുമനസ്സിലെ കല്പനയെത്തും. തിരുവിതാംകൂറിൽനിന്നു ഏറെത്താമസിയാതെ പട പുറപ്പെടും എന്നാണു തോന്നുന്നതു്. ഞാൻ പാളയത്തിൽ പ്പോയില്ല. എന്നേക്കാണാത്തതുകൊണ്ടുള്ള കുണ്ഠിതത്തോടെയായിരിക്കണം മുസഫ്ഖാൻ വരുന്നതു്. അവരുടെ താമസസ്ഥലങ്ങളും മററും ശരിയാകുന്നെന്നുകേട്ടു. ഈ സന്നാഹങ്ങൾ ഒക്കെക്കേട്ടു അനന്ത

പത്മനാഭൻപടത്തലവൻതന്നെ പുറപ്പെടാതിരിക്കുകയില്ല.

സീതാലക്ഷ്മി:—എൻെറ അന്വേഷണത്തിൽ പടത്തലവൻ വരുന്ന കാൎയ്യം സംശയമെന്നുകേട്ടു.

അനന്തകൃഷ്ണൻതമ്പി:—അങ്ങിനെയല്ല. അദ്ദേഹത്തിൻെറ ചാരന്മാർ ഇവിടെ തുരുതുരെക്കാണും. അവർ പറഞ്ഞിളക്കുന്ന കേൾവിയാണിതു്.

സീതാലക്ഷ്മി:—അപ്പോൾ പടത്തലവൻ തീൎച്ചയായും വരുമോ?

അനന്തകൃഷ്ണൻതമ്പി:—തീൎച്ചയായും.

സീതാലക്ഷ്മി:—അവിടുന്നു വന്നപ്പോൾതന്നെ ഇക്കാൎയ്യം എന്നോടു പറയാഞ്ഞതെന്തു്? (മുന്നോട്ടുവന്നു്) ഞാൻ ഇതാ ഒരു കാൎയ്യം പിന്നെയും പറയുന്നു നമ്മുടെ ന്യായമ്പിനു ഫലം കിട്ടുവാനുള്ള കാലമായി. പ്പോയി. സന്യാസി കള്ളനായിരിക്കട്ടെ, വഞ്ചകനായിരിക്കട്ടെ എൻെറ മനസ്സിൽ കത്തിക്കാളിക്കൊണ്ടിരിക്കുന്ന ഒരു വിചാരത്തേയാണു് അദ്ദേഹം അരുളിച്ചെയ്തതു്. അതേ, പടത്തലവൻ തന്നെ വരും. സംശയമില്ല. ഇവിടെ ഉണ്ടാകുവാൻ പോകുന്നതു് സാമാന്യം ഒരു യുദ്ധമല്ല. അതിനു പടത്തലവനേ തന്നേ അയയ്ക്കും. സംശയിക്കേണ്ട. അവിടുന്നു് ഇതുകേൾക്കണം. അവിടുത്തെ, എൻെറ ഹൃദയം സൎവ്വാത്മനാ സ്നേഹിക്കുന്നു. നാം കേവലം ബാല്യകാലത്തിലാണു് പരസ്പരം കണ്ടതു്. അന്നുമുതൽ നാം പരസ്പരഹൃദയബന്ധത്തിൽ ആയിക്കഴിഞ്ഞു. മധുരവാക്കുകൾകൊണ്ടല്ല നമ്മുടെ പ്രണയത്തേ നാം പോഷിപ്പിച്ചു ശാശ്വതമാക്കിയിട്ടുള്ളതു്. ഞാൻ ഒരു പുരുഷനായിരുന്നുവെങ്കിൽ നമുക്കിരുവൎക്കും ഒന്നിച്ചുനിന്നു യുദ്ധം ചെയ്യാമായിരുന്നു. പക്ഷേ, ഈശ്വരൻ അതിനിടവരുത്തിയില്ല. അതും നല്ലതുതന്നെ.

ഈ ബന്ധത്തിനാണ് ശക്തി കൂട്ടുന്നതു്. പണ്ടുള്ള കാലത്തു പ്രേമവതികളായ കന്യകമാരെ വിവാഹം കഴിക്കുവാൻ ചില സമരപരീക്ഷകൾ ഉണ്ടായിരുന്നു. അവിടുത്തേക്കും ഇതാ ഒരു സന്ദർഭം വന്നിരിക്കുന്നു. ഞാൻ പറയുന്നതു കേൾക്കുന്നുണ്ടോ?

അനന്തകൃഷ്ണൻതമ്പി:—(ചിരിച്ചിട്ടു്) ഇതേവരെ ലോഹ്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്ന ആൾ അല്ലല്ലോ ഇതു്. അനന്തപത്മനാഭൻ എന്ന പേർ കേട്ടാൽ മതി. ഒരാൾ വെളിച്ചപ്പാട്ടു തുള്ളിക്കഴിഞ്ഞു. ഇത്ര ഭ്രാന്തായിപ്പോയാൽ—

സീതാലക്ഷ്മി:—(പുരുഷഭാവത്തിൽ) ഭ്രാന്തോ? ഭ്രാന്തെന്നാണോ അവിടുന്നു പറയുന്നതു്? എന്റെ അമ്മാവന്മാരെ വെട്ടിയും കഴുകിലേററിയും കൊന്നു. അമ്മമാരെ തൊറയിൽ കേററി. തറവാട്ടു കുളംതോണ്ടി. വംശം നാമാവശേഷമാക്കി. അങ്ങിനെയുള്ള മഹാദുഷ്ടതയോടുള്ള ശത്രുതയ്ക്കു്—മനസ്സാക്ഷിയുടെ കണ്ണു പൊത്താതെ പറയണം—അങ്ങിനെയുള്ള മഹാദുഷ്ടതയ്ക്കു പകരം ചോദിക്കണമെന്നു പറയുന്നതിനു് ഭ്രാന്തെന്നാണോ പേർ?—പുരുഷത്വം മറയ്ക്കാതെ സംസാരിക്കണം.

അനന്തകൃഷ്ണൻതമ്പി:—ഇതൊന്നും ചെയ്തില്ലെന്നോ, ഇതിനു പകരം ചോദിച്ചുകൂടെന്നോ ഞാൻ പറയുന്നുണ്ടോ? പക്ഷേ ഈ ഇളക്കവും ബഹളവും ഉദ്ധൃതിയും എന്തിനെന്നേ ഞാൻ ചോദിക്കുന്നുള്ളു. സാവധാനം കാര്യങ്ങൾ നടത്താമല്ലോ.

സീതാലക്ഷ്മി:—നടത്തേണ്ടതു് അവിടുന്നല്ലേ? അതിനുള്ള മഹാഭാഗ്യം ആ മഹാദുർവിധി എനിക്കുതന്നിട്ടില്ലല്ലോ.

അനന്തകൃഷ്ണൻതമ്പി:—(ചിരിച്ചിട്ടു്) ഒരു വാളും പരിചയും ഞാൻ തരാം. വന്നുയുദ്ധംചെയ്തു പടത്തലവന്റെ കഴുത്തു കൊണ്ടുപോരണം.

സീതാലക്ഷ്മി:—അതിന്ന മടിയുണ്ടെന്നു വിചാരിക്കേണ്ടാ. എന്നാൽ അങ്ങിനെയുള്ള അഭീഷ്ടങ്ങൾ സാധിക്കുന്നതിനാണു് വീരകന്യകമാർ തങ്ങളുടെ പ്രാണനാഥന്മാരായ പുരുഷകേസരികളോടു അപേക്ഷിക്കുന്നതു്.

അനന്തകൃഷ്ണൻതമ്പി:—(പ്രണയഭാരത്തോടെ) സീതേ! ഞാൻ സീതയുടെ ആജ്ഞാകരൻ ആണു്. സീതയുടെ ഹിതം അനുവത്തിക്കുന്നതിനു് ഇതാ ഈ ജീവൻ വളരെ മുമ്പുതന്നെ ബലിയായി അർപ്പിച്ചിട്ടുള്ളതാണു്.

സീതാലക്ഷ്മി:—(അടുത്തു ചെന്നിട്ടു പെട്ടെന്നു പിന്മാറി) ഞാൻ അവിടുത്തെ സദാപൂജിക്കുന്ന ഒരു സ്ത്രീയാണു്. ഇങ്ങിനെ ഒരു പുരുഷനെ ബ്രഹ്മാവു സൃഷ്ടിച്ചിരുന്നില്ലെങ്കിൽ ഞാൻ തീർച്ചയായും ഭർത്തൃസുഖം സ്വപ്നത്തിൽപോലും കാണാതെ ഈ ജീവിതംകൊണ്ടു് അവസാനിപ്പിക്കുമായിരുന്നു.

അനന്തകൃഷ്ണൻതമ്പി:—എന്താണു് സീത പെട്ടെന്നു പിന്മാറിക്കളഞ്ഞതു്?

സീതാലക്ഷ്മി:—നാം കുലീനരും വിവാഹത്താൽ ബന്ധിക്കപ്പെട്ടിട്ടില്ലാത്തവരും ആയതുകൊണ്ടു അങ്ങേതൊടുവാൻ എനിക്കു നിവൃത്തിയില്ലാത്തതിനാൽ—

അനന്തകൃഷ്ണൻതമ്പി:—അതിൻ ശ്രീവേലായുധൻ വേഗം സംഗതി വരുത്തട്ടെ! ഞാന പോകുന്നു ഇതേവരെ പാളയത്തിൽ പോകാതിരുന്നതുതന്നെ ശരിയായില്ല. എന്നേക്കാണാഞ്ഞതിൽ അവർ വളരെ വിഷമിക്കുന്നുണ്ടായിരിക്കണം. ഇനി അപ്പുഴപ്പോൾ തമ്മിൽക്കാണുവാൻ നിവൃത്തിയില്ലാതെ വന്നേക്കാം.

സീതാലക്ഷ്മി:—എന്നാൽ പോവുക. അങ്ങേക്കു സകല വിജയങ്ങളും സിദ്ധിക്കട്ടെ?

(രണ്ടുപേരും തൊഴുതുകൊണ്ടു നിൽക്കുന്നു.)

## പന്ത്രണ്ടാം രംഗം.

---

മുസഫ്ഖാൻെറ വള്ളിയൂർ അരമന.

(മുസഫ്ഖാൻ ഒരു കത്തു കയ്യിൽ വച്ചുകൊണ്ടും ആബൂബേക്കർ നിരുന്മേഷനായും ഇരിക്കുന്നു)

മുസഫ്ഖാൻ:—കണ്ണൽ ഹീറൻ വലിയശാഠ്യമാണെടുത്തുടങ്ങി യിരിക്കുന്നതു്. അനന്തകൃഷ്ണൻതമ്പി പടനടത്തിയാൽ ജയം നിശ്ചയമാണെന്നാണു് ഹീറൻെറവിശ്വാസം. ഇത്ര വളരെ പുകഴ്ത്തി എഴുതത്തക്കതുപോലെയുള്ള യോഗ്യത നാം ആ മലയാളിയുവാവിൽക്കാണുന്നില്ല. പിന്നെ എന്തായിരിക്കും ഈ സ്തുതിക്കു കാരണം?

ആബൂബേക്കർ:—വെറും അസൂയ. എന്നോടു് ഹീറനു പണ്ടുതന്നെ രസമില്ല. കുമ്പിനിയാരന്മാർ നവാബ് ബഹദൂരിൻെറ രക്ഷകന്മാരോ വിരോധികളോ ആയിക്കൊള്ളട്ടെ. പക്ഷേ ആ ശ്മശ്രുവിഹീനനായ തമ്പിയാണു് പടനായകത്വം വഹിക്കുന്നതെങ്കിൽ ആബൂവിനെ ഇവിടെയല്ല ഒരു ദിക്കിലും ഇനിമേൽ കാണുവാൻ അവിടുത്തേക്കു സാധിക്കുകയില്ല.

മുസഫ്ഖാൻ:—ആബൂ! താങ്കൾ നമ്മുടെ ദൃഢബന്ധത്തെ മറന്നാണു് സംസാരിക്കുന്നതു്. താങ്കൾതന്നെയാണു് ആർക്കാട്ടുപടയെ ഇപ്പോൾ നയിക്കേണ്ടതു്. ഹീറനേ നാം സമാധാനപ്പെടുത്തിക്കൊള്ളാം. ഈ യുവാവു് ഇതുകാലം എവിടെയായിരുന്നു എന്നറിയുന്നതിനു വല്ല മാർഗ്ഗവും ഉണ്ടോ? താങ്കൾക്കു് എന്താണു തോന്നുന്നതു്?

ആബുബേക്കർ:—എൻെറ ദൃഢമായ വിശ്വാസം തുറന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുകയില്ല; കണ്ണൂർ ഹീറൻ എൻെറ ശിരച്ഛേദം നടത്തും. ആ തമ്പി തീർച്ചയായും സജാതീയരായ തിരുവിതാംകൂറുകാരുമായി ദ്രോഹാലോചന നടത്തുകയായിരുന്നിരിക്കണം.

മുസഫ്ഖാൻ:—ഹേയ്! അതൊരിക്കലും സംഭാവ്യമല്ല. ശുദ്ധനായ ആബൂ! നായന്മാരേപ്പററി താങ്കൾക്കു വളരെ തുച്ഛമായ അഭിപ്രായമേയുള്ളു. പാപ്പാന്മാരെപ്പോലെ കൌടില്യവും വഞ്ചനയും മുഖസ്തുതിയും സ്വാത്ഥവുംകൊണ്ടു ജീവിതം നയിക്കുന്നവരല്ല ആ വർഗ്ഗം. പരമാത്ഥബുദ്ധിയും ധൈയ്യവും അവരുടെ കൂടെപ്പിറപ്പുകൾ ആണ്. അനന്തകൃഷ്ണൻതമ്പി ഒരിക്കലും കൃതഘ്നത കാണിക്കുന്നവനല്ല.

ആബുബേക്കർ:—ഹീറനും നവാബു തിരുമനസ്സുകൊണ്ടും അവിടുത്തേക്കാൾ കൂടുതൽ വഞ്ചിതരായിപ്പോയെന്നേ നിങ്ങൾ തമ്മിൽ വ്യത്യാസമുള്ളു.

മുസഫ്ഖാൻ:—അക്കായ്യം എങ്ങിനെയിരുന്നാലും ഈ യുദ്ധത്തിൽ പട നടത്തുന്നതു നമ്മുടെ പ്രാണസ്നേഹിതനായ ആബുതന്നെയാണ്. അതിനുസംശയമില്ല.

(ഒരുഭടൻ പ്രവേശിക്കുന്നു)

ഭടൻ:—(ആചാരം ചെയ്തിട്ട്) തമ്പിബഹദൂർ കാണുവാൻ വന്നുനിൽക്കുന്നു.

മുസഫ്ഖാൻ:—വരുവാൻ പറയൂ.

(ഭടൻ പോകുന്നു)

ആബുബേക്കർ:—ഇപ്പോഴാണ് അവിടുത്തെ സ്ഥൈയ്യം കാണേണ്ടതു്. അയാളുടെ മധുരവാക്കുകൾ കേട്ടു മനം മയങ്ങാതിരിക്കുന്നതു് ഞാൻ ഒന്നു കാണട്ടെ.

൩൭

(അനന്തകൃഷ്ണൻതമ്പി പ്രവേശിച്ച് ആചാരം ചെയ്യുന്നു.)

മുസഫ്ഖാൻ:—(എഴുന്നേററു മുമ്പോട്ടുവന്നു തമ്പിയുടെ കയ്യുപിടിച്ചുകൊണ്ടു) അഭിവന്ദ്യമിത്രമേ! താങ്കളെ അവസാനമില്ലാത്തവൻ സർവ്വദാ അനുഗ്രഹിക്കട്ടെ. താങ്കളുടെ അകാരണവും ആകസ്മികവുമായ അന്തർദ്ധാനത്തെപ്പററി നവാബു തിരുമനസ്സിലേക്കു അതിദാരുണമായ ഉൽക്കണ്ഠയുണ്ടായിരുന്നു. ചന്ദ്രൻ അണഞ്ഞ നിശീഥിനിപോലെ ഞങ്ങൾ ഉഴലുകയായിരുന്നു.

അനന്തകൃഷ്ണൻതമ്പി:—തിരുമനസ്സിലെ വിശ്രുതനാമധേയം അനുഗ്രഹിക്കപ്പെടട്ടേ! (ആബുബേക്കറിന്റെ കയ്യുപിടിച്ചു) പ്രിയമിത്രമെ! എന്റെ സ്നേഹമസൃണമായ നമസ്കാരം സ്വീകരിച്ചാലും.

(ആബുബേക്കർ ശിരസ്സുനമിക്കുന്നു.
എല്ലാവരും ഇരിക്കുന്നു)

മുസഫ്ഖാൻ:—അത്യുൽക്കണ്ഠാജനകമായ ഈ ഘട്ടത്തിൽ താങ്കളുടെ അനർഘമായ സഹകരണം ഉണ്ടാവുകയില്ലയോ എന്നു ഞങ്ങൾ ഖേദിച്ചുകൊണ്ടിരിക്കുകയായിരുന്നു. നമ്മേപ്പോലെതന്നെ നമ്മുടെ ഉത്തമമിത്രവും സേനാനിയുമായ ആബുബേക്കറും വ്യസനിച്ചിരുന്നു.

അനന്തകൃഷ്ണൻതമ്പി:— (വിവർണ്ണവദനനായി) ആബുബേക്കർ! താങ്കൾക്കു ലഭിച്ച ഔന്നത്യത്തിൽ ഞാൻ താങ്കളേ നിഷ്കളങ്കമായി അഭിനന്ദിക്കുന്നു. (മുസഫ്ഖാനോടു) എന്നാൽ പ്രഭോ! ഈ അപമാനത്തിനു ഞാൻ എന്തു കുററമാണു നവാബു്തിരുമനസ്സിലേക്കു ചെയ്തിട്ടുള്ളതെന്നു് അറിയേണ്ടിയിരിക്കുന്നു.

മുസഫ്ഖാൻ:—എന്തു് അപമാനം?

അനന്തകൃഷ്ണൻതമ്പി:—ആബൂബേക്കറിൻെറ കീഴിൽ പട നടത്തുക എന്നുള്ളതുതന്നെ.

മുസഫ്ഖാൻ:—ചക്രവത്തിമാരുടെ ആജ്ഞകൾ അനുസരണീയങ്ങൾ എന്നല്ലാതെ ഗുണദോഷനിരൂപണത്തിനു വിഷയമാകുന്നതല്ലെന്ന് അറിഞ്ഞുകൂടെ?

അനന്തകൃഷ്ണൻതമ്പി:—കക്കശങ്ങളും പാപകരങ്ങളുമായ നീതിഭ്രംശങ്ങൾ എവിടെയും കുറവുകൾതന്നെയാണ്. സ്ഥാനത്തിൻെറ ഔന്നത്യമോ അനുഷ്ഠകൻെറ പഞ്ചാനനതചമോ അവയുടെ മാലിന്യങ്ങളെ കഴുകിക്കളയുന്നതല്ല. എൻെറ അഭിവന്ദ്യനായ അച്ഛനും നീതിഭ്രംശത്തിൽ തലതാഴ്ത്താതെയാണ് വീരസ്വർഗ്ഗം പ്രാപിച്ചിട്ടുള്ളത്.

മുസഫ്ഖാൻ:—സ്നേഹിതാ! താങ്കൾ എന്നെ തെററിദ്ധരിക്കരുത്. അഥവാ വേറൊരു കാരണവും ഇല്ലെങ്കിൽ തന്നെ താങ്കളുടെ പെട്ടെന്നുള്ള അന്തർദ്ധാനം ആബൂവിൻെറ കയററത്തിനു ശരിയായ കാരണമാകുന്നതല്ലേ?

അനന്തകൃഷ്ണൻതമ്പി:—എന്നാൽ എൻെറ തിരിച്ചുവരവു എൻെറ സ്നേഹിതനെ പഴയ പടിയിലേക്ക് ഇറക്കേണ്ടതുമാണല്ലൊ.

മുസഫ്ഖാൻ:—അതു നന്നായിരിക്കുകയില്ല. അങ്ങനെയല്ല നവാബ്തിരുമനസ്സുകൊണ്ടു് ആജ്ഞാപിച്ചിട്ടുള്ളതു്. താങ്കൾ നിർബന്ധമായിത്തന്നെ വാദിക്കുകയായിരിക്കുമോ?

അനന്തകൃഷ്ണൻതമ്പി:—അതേ. വളരെ നിർബന്ധമായിത്തന്നെ. എന്നോടു കാണിച്ച നിഷ്ഠൂരുണ്യം ഒരിക്കലും സമ്മതിക്കത്തക്കതല്ല.

മുസഫ്ഖാൻ:—(ആത്മഗതം) കാര്യം അപകടത്തിലായി. ഇയാളുടെ സഹകരണം ഇല്ലെങ്കിൽ തോൽവി നിശ്ചയമാണ്. അശക്തനായ ആബൂവിനുവേണ്ടി നാം

അത്യാപത്തിലേക്ക ചാടുന്നു. (പ്രകാശം). അതു കൊണ്ടു താങ്കൾ എന്തുചെയ്യാനാണു് നിശ്ചയിച്ചി രിക്കുന്നതു്?

അനന്തകൃഷ്ണൻതമ്പി:—അതു് ഇതുവരെ നടന്ന സംഭാഷ ണത്തോടു തീരെ ബന്ധമില്ലാത്ത ഒരു ചോദ്യമാണു്. നിങ്ങൾ ചെയ്തതു തെററുതന്നെയെന്നു സമ്മതിക്കു ന്നുണ്ടോ?

മുസഫ്ഖാൻ:—സമ്മതിക്കാതെ തരമില്ല. അങ്ങിനെയാ ണെങ്കിൽ—

അനന്തകൃഷ്ണൻതമ്പി:—അത്രയും ആയാൽ പിന്നെ ചെയ്യേ ണ്ടതെന്തെന്നു് അവിടുന്നു് എന്നോടു ചോദി ക്കേണ്ടതല്ലല്ലോ.

മുസഫ്ഖാൻ:—എനിക്കതറിയാഞ്ഞു് ഉൽക്കണ്ഠ വളരുന്നു.

അനന്തകൃഷ്ണൻതമ്പി:—യുദ്ധമുറകളും മര്യാദകളും ഞാൻ പഠിച്ചിട്ടില്ലെന്നാണോ അങ്ങു് വിചാരിക്കുന്നതു്?

മുസഫ്ഖാൻ:—പ്രിയമിത്രമേ!എനിക്കുമനസ്സിലാകുന്നില്ല.

അനന്തകൃഷ്ണൻതമ്പി:—എന്റെ നേതാവായ ആബ്ബുബേക്ക റിന്റെ കീഴിൽ പട നടത്തുകയല്ലെ എന്റെ ധർമ്മം? അദ്ദേഹത്തിന്റെ ആജ്ഞയെ ഞാൻ കാത്തുകൊള്ളുന്നു.

മുസഫ്ഖാൻ:—(അത്യന്തസന്തോഷത്തോടെ അനന്ത കൃഷ്ണൻതമ്പിയുടെഭുജത്തിൽപിടിച്ചിട്ടു്) അഭിവന്ദ്യ മിത്രമേ!താങ്കൾ അമാനുഷൻതന്നെയാണു്.താങ്കളുടെ വംശഗുണത്തിനു് പാദുഷായുടെ രത്നകിരീടത്തേ ക്കാൾ പ്രഭയുണ്ടു്. ആബ്ബൂ! തമ്പിസ്സാഹേബിന്റെ ഗുണപ്രകർഷത്തേപ്പററി മുക്തകണ്ഠം വാഴ്ത്തി ക്കൊള്ളു. (ആത്മഗതം) ഈ ആബ്ബു ഒരു മരപ്പാവ തന്നെ. കണ്ടില്ലേ പിശാചിനെപ്പോലെ നിൽക്കു ന്നതു്!(പ്രകാശം)സ്നേഹിതാ! ഈ യുദ്ധത്തിൽ നമുക്കു ജയം നിശ്ചയമല്ലേ?

അനന്തകൃഷ്ണൻതമ്പി:—അങ്ങിനെ മുൻവിധി എഴുതുന്നതിനു് എനിക്കല്പം മടിയുണ്ടു്. എന്തുകൊണ്ടെന്നാൽ കുലശേഖരപ്പെരുമാളിന്റെ സേനാനി അനന്തപത്മനാഭൻപടത്തലവൻ നിസ്സീമവൈദഗ്ദ്ധ്യത്താൽ അനുഗൃഹീതനാണു്. എന്നാലും നവാബു്ബഹദൂരിന്റെ ഭാഗ്യനക്ഷത്രം പ്രകാശിച്ചു നിൽക്കുന്ന ഈ ഘട്ടത്തിൽ കർണ്ണൽ ഹീറന്റെ സഹായത്തോടുകൂടി നമുക്കു് ജയം കരസ്ഥമാക്കാമെന്നാണു് എന്റെ ബോദ്ധ്യം.

മൂസഫ്ഖാൻ:—നിങ്ങൾ കർണ്ണൽ ഹീറനെ കണ്ടുവോ?

അനന്തകൃഷ്ണൻതമ്പി:—ഇല്ല.

മൂസഫ്ഖാൻ:—കാണുന്നില്ലേ?

അനന്തകൃഷ്ണൻതമ്പി,—ഏതുമുറ അനുസരിച്ചാണു് കാണേണ്ടതെന്നു് എനിക്കു മനസ്സിലാകുന്നില്ല. സൈന്യാധിപൻ ആബുബേക്കർ ആണല്ലോ?

മൂസഫ്ഖാൻ:—(ആത്മഗതം)ഈ വിഡ്ഢി ആബുവിനെ ഹീറന്റെ അടുത്തയച്ചാൽ കാര്യം എല്ലാം കുഴയും. ഞാൻകൂടി പോകുന്നതുതന്നെ നന്നു്. (പ്രകാശം) തമ്പിസാഹേബു്! അവിടുത്തെ യുദ്ധവൈദഗ്ദ്ധ്യമാണു് ആർക്കാട്ടുസിംഹാസനത്തെ രക്ഷിക്കേണ്ടതു്. നവാബു്ബഹദൂർ താങ്കളുടെ ധൈര്യത്തെ സ്വാത്മനാ വിശ്വസിച്ചിരിക്കുന്നു.

അനന്തകൃഷ്ണൻതമ്പി:—ആ നാമധേയം അനുഗൃഹീതമായിരിക്കട്ടെ. (ആബുബേക്കറോടു്) സേനാധിപാ! ഞാൻ അവിടുത്തെആജ്ഞകൾ കാക്കുന്നു. യുദ്ധംഏതു വിധത്തിലാണു തുടങ്ങേണ്ടതെന്നറിഞ്ഞാൽകൊള്ളാം.

ആബുബേക്കർ—(തമ്പിയുടെ കൈകൾപിടിച്ചു്) സ്നേഹിതാ! നമുക്കിരുവൎക്കുംകൂടി അതിനെപ്പററി ആലോചിക്കാം.

# പതിമൂന്നാം രംഗം.

(വള്ളിയൂർ സുബ്രഹ്മണ്യക്ഷേത്രത്തിനു് അടുത്തുള്ള ഒരു വിജനമാർഗ്ഗം.

(ക്ഷേത്രദർശനത്തിനപോയിട്ടുകല്യാണിക്കുട്ടിതിരിച്ചുവരുന്നു)

കല്യാണി:— (ആത്മഗതം) അദ്ദേഹം ഇന്നു കോവിലാൽ വന്നിരുന്നതുകൊണ്ടു് ഞാൻ അല്പം താമസിച്ചു പോയി. അതുകൊണ്ടു ഞാൻ താമസിക്കുന്ന വീട്ടിലെ കിഴവിയമ്മ എന്തുപറയുമോ എന്തോ! അവർ മഹാ പാവമാണു്. പത്മനാഭപുരത്തുപോയിരിക്കുന്ന അച്ഛൻ തിരിച്ചുവരുന്നതുവരെ എന്നെ അവരുടെ വീട്ടിൽ പാർപ്പിക്കണമെന്നുള്ള വ്യാജത്തിലാണു് ഞാൻ അവിടെ കഴിയുന്നതുതന്നെ. എനിക്കിങ്ങിനെ ഒരു സൈ്വരസ്ഥാനം കിട്ടിയതുതന്നെ ഈശ്വരൻെറ മഹാകാരുണ്യത്താലാണു്. പട്ടാളം തെരുതെരെ നടക്കുന്ന ഈ പെരുവഴികളിൽ അലയാതെ ക്ഷേത്രത്തിനടുത്തുതന്നെ ഇങ്ങിനെ ഒരു സംകേതം ലഭിച്ചുവല്ലോ. അദ്ദേഹം എന്നും ക്ഷേത്രത്തിൽ വരുന്നതു തന്നെ എൻെറ ആയുസ്സിനുള്ള മരുന്നു്. കഴിഞ്ഞ തിങ്കളാഴ്ച എന്നെ അദ്ദേഹം കണ്ടുവോ എന്നു ഞാൻ സംശയിച്ചു. ഈശ്വരാധീനംകൊണ്ടു കണ്ടില്ല. കണ്ടിരുന്നുവെങ്കിൽ, പട്ടാളക്കാരേക്കൊണ്ടു് എന്നേ കോട്ടയ്ക്കുവെളിയിൽ തള്ളിക്കുമായിരുന്നു. ഈശ്വരാ! അപ്രാപ്യമായ ഒരു സ്ഥലത്താണല്ലോ എൻെറ ഹൃദയം പതിഞ്ഞിരിക്കുന്നതു്. വള്ളിയൂർ യുവരാജാവെന്നു പറയാവുന്ന ശ്രീ അനന്തകൃഷ്ണൻതമ്പിയേ

യാണു് ഞാൻ മോഹിക്കുന്നതു. എന്റെ നിർഭാഗ്യമായ ഹൃദയം ഇത്രമേൽ വിനാശകരമായ ഒരു സ്ഥാനത്തേയാണു ലക്ഷ്യമാക്കി വരിച്ചിരിക്കുന്നതു്. എന്നാൽ ശ്രീമുരുകൻ തുണചെയ്തു എന്റെ ആയുസ്സു വേഗം എടുപ്പിക്കുമെന്നുള്ള വിശ്വാസം സമാധാനം തരാതെയും ഇരിക്കുന്നില്ല. എനിക്കു അച്ഛനേയും അമ്മയേയും കാണണ്ടാ. ഞാൻ ഈ ക്ഷേത്രസന്നിധിയിൽ, അദ്ദേഹത്തിന്റെ പാദങ്ങൾ സദാ സഞ്ചരിക്കുന്ന ഈ ദേവാലയപ്രാന്തത്തിൽ എന്റെ ജീവൻ ഒടുക്കിക്കൊള്ളാം.

(ഒരുവശത്തേക്കു നോക്കിയിട്ടു്) ആരോ രണ്ടു പട്ടാളക്കാർ ഈ വഴി വരുന്നുവെന്നു് തോന്നുന്നുവല്ലോ. ഒന്നു മാറി നില്ക്കാം. (മറയുന്നു)

(ആബുബേക്കറും ഒരു ഭടനും പ്രവേശിക്കുന്നു.)

ആബുബേക്കർ:—നീചാ! അവിശ്വാസി! നീ കേൾക്കുന്നുണ്ടോ? അവനെ ഞാൻ കൊല്ലിക്കണ്ടാ എന്നു വിചാരിച്ചു. എന്നാൽ കണ്ണൂൽ ഹീറന്റെ ഇന്നത്തെ സ്തുതി കേട്ടിട്ടു ഇവൻ ജീവിച്ചിരിക്കുന്ന കാലത്തോളവും എനിക്കു നിലയില്ലെന്നു മനസ്സിലായി. ബീബിയുടെ പ്രേമഗതിയും അനുകൂലമല്ല. ഇവിടെ നോക്കു്; നീ ഇവിടെ നിൽക്കണം. തമ്പി ഇപ്പോൾ ഇതിലെവരും. അവന്റെ പിശാചുവിഗ്രഹത്തേ സേവിക്കാൻപോയി തിര്യെവരുന്ന വഴിയായതുകൊണ്ടു്, അവന്റെ കയ്യിൽ ആയുധമൊന്നും കാണുകയില്ല. നിനക്കു ഭയപ്പെടുവാൻ യാതൊന്നുമില്ല. മറഞ്ഞുനില്ക്കണം. ഉറച്ചുനില്ക്കണം. വന്നുചാടുമ്പോൾ തരംനോക്കിക്കുത്തണം. കൈവിറയ്ക്കരുതു്. മനസ്സുപതറരുതു്.

ഭടൻ:—ബഹദ്ദൂർ! എന്നെപ്പിടിച്ചുപോകുന്നെങ്കിൽ—

ആബൂബേക്കർ:—ച്ഛ! ചെത്താൻസന്താനമേ! ഭീരുത്വം പറയാതിരിക്കു്. നിനക്കു് ആപത്തുണ്ടാകുന്നുവെങ്കിൽ നിൻെറ ഗൃഹവും ബന്ധുക്കളും എൻെറ രക്ഷയിൽ എന്നെന്നേക്കും.

ഭടൻ:—അതിൽ എനിക്കവിശ്വാസമില്ല.

ആബൂബേക്കർ.—അതാണു ഞാൻ പറയുന്നതു്. നിന്നെ പിടികൂടുന്നെങ്കിൽ ആരാണു നിന്നെ അയച്ചതെന്നു് ഒരിക്കലും പറഞ്ഞേക്കരുതു്. അങ്ങിനെ ചെയ്യുകയാണെങ്കിൽ നിൻെറ വൃദ്ധരായ പിതാക്കളേയും സകല ബന്ധുക്കളേയും ഞാൻ തീയിൽ വറക്കുന്നതാണു്. ഭദ്രം. അള്ളാ നിന്നെ അനുഗ്രഹിക്കട്ടെ.

(ആബൂബേക്കർ പോകുന്നു. ഭടൻ മറയുന്നു. അനന്തകൃഷ്ണൻതമ്പി പ്രവേശിക്കുന്നു. ഭടൻ പുറകിൽക്കൂടിച്ചെന്നു തമ്പിയെക്കൊല്ലുവാൻ കഠാരി ഉയത്തുന്നു. കല്യാണിക്കുട്ടി ചാടിവന്നു ഭടൻെറ കൈയ്ക്കു പിടിക്കുന്നു. ഭടൻ അവളെ തള്ളിവീഴ്ത്തി രണ്ടാമതും കഠാരഓങ്ങുമ്പോൾ പുറകിൽ ശബ്ദംകേട്ടു തമ്പി തിരിയുന്നു. അപ്പോൾ ആതിച്ചപ്പിള്ള "അയ്യോ പഞ്ചപാപി ചതിച്ചോ!" എന്ന ആക്രോശത്തോടെ ഭടൻെറ കഠാര തട്ടുകുന്നു. തമ്പി ഭടനെ നിലത്തു വീഴ്ത്തുന്നു)

അനന്തകൃഷ്ണൻതമ്പി.—(ഭടൻെറ (തലയ്ക്കുചവിട്ടിയിട്ടു്) ആരാണു നീ? നിന്നെ ആരയച്ചു? പറഞ്ഞേക്കു. അല്ലെങ്കിൽ നിനക്കു ജീവനില്ല.

ഭടൻ:—(മരണഗോഷ്ടികൾ കാണിക്കുന്നു)

ആതിച്ചപ്പിള്ള:—കൊച്ചങ്ങുന്നേ! അപ്പുക്കംഒന്നുനോക്കണം. ആകിടക്കുന്ന പെമ്പൊടിയില്ലായിരുന്നെങ്കിൽ കൊച്ചങ്ങുന്നിനെഇവൻ കാച്ചിമറിക്കുമായിരുന്നു. ആ പൊന്നുതങ്കക്കുടം എവൻെറ കയ്യ്ക്കുപിടിച്ചില്ലേൽ ആതിച്ചൻ വരുന്നേനമുമ്പു് അങ്ങുന്നു തൊക്കംപറവുമായിരുന്നു

ഞാൻ എവനെ നോക്കിക്കൊള്ളാം. (ഭടനെ താണു നോക്കിയിട്ടു്)വേണ്ടാ!വേണ്ടാ! എവന്റെ കഥതീൎന്നു.

അനന്തകൃഷ്ണൻതമ്പി:—(കല്യാണിക്കുട്ടിയുടെഅടുത്തുചെന്നു നോക്കിയിട്ടു്) ഇതാരു്? ഈ കുട്ടി മോഹാലസ്യമായി കിടക്കുകയാണല്ലോ. എനിക്കു കണ്ടതുപോലെ ഒരോൎമ്മവരുന്നു. ശരി! ശരി! ആതിച്ചപ്പിള്ളേ! ഇതിനെ ഒന്നു താങ്ങിയിരുത്തി ഇത്ര വെള്ളംകൊടു ക്കണമെല്ലോ. ഈ കുട്ടിയാണു് എന്നെ ആഹാരം തന്നുരക്ഷിച്ചതു്. ഇതിനു വല്ല ദണ്ഡവും പററിയോ?

ആതിച്ചപ്പിള്ള:—(അടുത്തുചെന്നു തോൎത്തുകൊണ്ടു വീശി യിട്ടു്) പൊന്നേ! തങ്കക്കൊടി! അതാ കണ്ണു തുറക്കുന്നു. കൊച്ചങ്ങുന്നേ! ആരാണിതെന്നു് ഒന്നു കേക്കണം

അനന്തകൃഷ്ണൻതമ്പി:—കുട്ടീ! കുട്ടിക്കു് എഴുനേല്ക്കാമോ?

കല്യാണിക്കുട്ടി:—(ആതിച്ചപ്പിള്ളയുടെ സഹായത്തോടു കൂടി എഴുനേററുനിന്നിട്ടു്) എനിക്കൊന്നും പററി യില്ല. പരിഭ്രമത്തിൽ വീണുപോയെന്നേയുള്ളു. അവി ടുത്തേക്കു വല്ല ഉപദ്രവവും തട്ടിയോ?

അനന്തകൃഷ്ണൻതമ്പി:—ഒന്നുമില്ല. അവൻ എന്റെദേഹത്തു തൊട്ടില്ല. നിങ്ങളാണു് എന്റെ ജീവൻ രക്ഷി ച്ചതു്. നിങ്ങൾക്കു ഞാൻ എന്താണു പ്രത്യുപകാരം ചെയ്യേണ്ടതു്! നിങ്ങൾ എന്റെ ജീവൻ രക്ഷിച്ചു.

കല്യാണിക്കുട്ടി:—ഞാൻ പൊയ്ക്കൊള്ളട്ടെ.

ആതിച്ചപ്പിള്ള:—കൊള്ളാം. ഞങ്ങളിത്ര പോകുകൊടു വരാം? തന്നേം തനിയേം ഒന്നും ഇപ്പം പോവണ്ടാ. കുഞ്ഞവിടെ നിന്നാട്ടെ, ഇത്ര കാററുകൊള്ളുമ്പം തണുക്കും.

അനന്തകൃഷ്ണൻതമ്പി:—ഞാൻ അന്നു യാത്രപോലും പറ യാതെ പോന്നതു ക്ഷമിക്കണം. നിങ്ങൾ എങ്ങിനെ ഇവിടെ വന്നു?

കല്യാണിക്കുട്ടി:—അതൊന്നും പറയേണ്ടതായ ആവശ്യമില്ല. ഞാൻ പോകുന്നു.

ആതിച്ചപ്പിള്ള:—തനിയേ പൂവാനോ! നല്ല ശേലു്.

അനന്തകൃഷ്ണൻതമ്പി:—ഞങ്ങൾ വീടുവരെ കൊണ്ടാക്കാം. എവിടെയാണു പോകേണ്ടതു്?

കല്യാണിക്കുട്ടി:—അതൊന്നും ആവശ്യമില്ല. ഞാൻ ഇവിടെ അടുത്തൊരുവീട്ടിൽ താമസിക്കുകയാണു്. ഞാൻ പോകുന്നു. ശ്രീവേലായുധൻ കൃപചെയ്തു് അങ്ങേയ്ക്കു് ആപത്തൊന്നും പററിയില്ലല്ലൊ?

ആതിച്ചപ്പിള്ള:—എന്റെ പൊന്നുംകൊടത്തുതങ്കപ്പൊടി ഇച്ചെയ്ത ഉപഹാരം ആതിച്ചൻ ഉള്ളകാലോം ഓമ്മിക്കത്തില്ലേ. ഇതു മനുക്ഷേരല്ല; സാക്ഷാൽ മണ്ടയ്ക്കാട്ടമ്മതന്നെയാണേ. (കല്യാണിക്കുട്ടിയുടെ തലയിൽതൊട്ടു കണ്ണിൽവയ്ക്കുന്നു)

കല്യാണിക്കുട്ടി:—(ആതിച്ചപ്പിള്ളയോടു്) നിങ്ങൾ അങ്ങുന്നിന്റെ കൂടെപ്പോകണം. ഞാൻ പോകുന്നു.

(മറയുന്നു)

ആതിച്ചപ്പിള്ള:—പൊന്നുകൊച്ചങ്ങത്തെ ഒരു ഗാന്തവ്ത്തിലെങ്ങാണ്ടുള്ളതാണേ. അല്ലാതെ മനുക്ഷേരല്ല. (അത്ഭുതം അഭിനയിക്കുന്നു)

## പതിനാലാം രംഗം.

---

(വള്ളിയൂർ കോട്ടയുടെവെളിയിൽ തിരുവിതാംകൂർ പാളയം. അനന്തപത്മനാഭൻപടത്തലവനും രണ്ടു് സേനാനികളും നില്ക്കുന്നു)

അനന്തപത്മനാഭൻ:—അതുകൊണ്ടു് അത്യാപൽക്കരമായ ഒരു ഘട്ടത്തിലാണു് നാം വന്നുചേർന്നിരിക്കുന്നതു്. തെക്കേക്കോട്ടയിൽ കർണ്ണൽ ഹീറനും ശിപായിപ്പടയും തയ്യാർ ഉണ്ടു്. അതു വെടിമരുന്നു് കോട്ടയാണു്. അവിടെ അവർ ധാരാളം മരുന്നു് ശേഖരിച്ചിട്ടുണ്ടു്. കോട്ടയിൽനിന്നു വെടിവെച്ചാൽ നമുക്കു മുന്നോട്ടു കയറുവാൻ നിവൃത്തിയുണ്ടാവുകയില്ല. ഇപ്പോൾതന്നെ നാം അത്യാപത്തിലാണു് ഇവിടെ നിൽക്കുന്നതു്. കുഞ്ചുതമ്പിമാരുടെ അമ്മാവൻ കൃഷ്ണൻതമ്പിയുടെ മകൻ അനന്തകൃഷ്ണൻതമ്പിയാണു് അകത്തുനിൽക്കുന്നതു്. നമ്മേ എപ്പോഴാണു് അയാൾ ഒതുക്കുന്നതെന്നുനിശ്ചയമില്ല. അതുകൊണ്ടു്, നിങ്ങൾക്കു് എൻെറകൂടെ ഒരു അത്യാപത്തിലേക്കു കയറുന്നതിനു് ധൈര്യമുണ്ടോ? അങ്ങിനെ ഒരു പണി നോക്കുന്നില്ലെങ്കിൽ ഈ രാത്രിയിൽകൂടുതൽ നമ്മുടേയും പാവപ്പെട്ട പട്ടാളക്കാരുടേയും ആയുസ്സ് നീളുന്നതല്ല. നമ്മുടെ പൊന്നുതിരുമേനിക്കു നാം തീരാത്ത ദുര്യശസ്സ് സമ്പാദിക്കുകയും ചെയ്യുന്നു. നിങ്ങൾ എന്തുപറയുന്നു.

ഒന്നാമൻ:—പൊന്നെജമാനൻ ഉത്തരവാകുന്നതു് അക്ഷരംപ്രതി അനുഷ്ഠിക്കുന്നതിനു ഞങ്ങൾ തയ്യാറാണു്. ഇതിൽ കൂടുതൽ ഞങ്ങൾക്കു നോക്കുവാൻ ആളില്ല.

അനന്തപത്മനാഭൻ:—നിങ്ങൾ അപ്പറഞ്ഞതു ശരിയല്ല. നിങ്ങൾ എന്നെ നോക്കിയല്ല, എൻെറ വാക്കുകൾ മറുക്കുവാൻ നിവൃത്തിയില്ലെന്നുള്ള ഭാവത്തോടെയല്ല, എന്നാൽ കാണപ്പെട്ട ദൈവമായ പൊന്നുതിരുമേനിയുടെ തൃപ്പാദങ്ങൾ, സ്മരിച്ചാണു് ഇതിനിറങ്ങുന്നതു്.

രണ്ടാമൻ:—എന്തായാലും ഞങ്ങളുടെ പൊന്നെജമാനൻെറകൂടെ എന്തിനും വരുവാൻ ഞങ്ങൾ തയ്യാറാണു്. ഞങ്ങൾക്കു് ആപത്തുവന്നാലും പൊന്നങ്ങത്തേക്കു യാതൊരുപദ്രവും നേരിടരുതെന്നേ ഞങ്ങൾക്കു് കരുതലുള്ളു.

അനന്തപത്മനാഭൻ:—അതല്ലാ. ഞാൻ നടത്തുന്ന പടയിൽ ആപത്തിനോടു് ഏററവും അടുത്തിരിക്കേണ്ടതു എൻെറ ശിരസ്സാണു്. ഈ കോട്ടയിൽ കയറുവാനുള്ള ഒരു മാർഗ്ഗം അച്ഛൻ പണ്ടു പറഞ്ഞുതന്നു എനിക്കോർമ്മയുണ്ടു്. ഈ ശ്രമത്തിൽ ഒരുപക്ഷേ നാം വധിക്കപ്പെട്ടുപോയേക്കാം.

രണ്ടാമൻ:—തൃപ്പാദങ്ങളുടെ രക്ഷയ്ക്കുവേണ്ടി മരണത്തെ ഞങ്ങൾ വരിക്കുന്നു.

അനന്തപത്മനാഭൻ:—(കൈകൂപ്പിയിട്ടു) പത്മനാഭാ! ഈ വർഗ്ഗം ഉള്ളകാലം തിരുവിതാംകൂർ രാജകുടുംബത്തിൻെറ യശസ്സു നിഷ്കളങ്കമായി പരിലസിക്കുന്നതാണു്. തൃപ്പാദങ്ങൾ വിജയിക്കട്ടെ!

# പതിനഞ്ചാം രംഗം.

---

(കാളീക്ഷേത്രത്തിലേക്കുള്ള വഴി. മുസഫഖാനും മാതുക്കുട്ടിപ്പും രണ്ടു ഭടന്മാരും നില്ക്കുന്നു)

മാതുക്കുരുപ്പ്:—(ആത്മഗതം) ഇതാണ് നമ്മുടെ ഒടുവിലത്തേ വിദ്യ. ഇവളേ ഈ മേത്തനെ തട്ടികൊണ്ടുപോവുകയാണെങ്കിൽ കുട്ടപ്പനേ എൻെറ ഓമനയ്ക്കുകിട്ടും, അതിൽപിന്നെ സംശയിപ്പാനില്ല. അവൻ ഇപ്പോൾ കശ്പിശ പേശുന്നതിനും കാര്യമില്ലാതില്ല. കൊച്ചിലെ മനസ്സടുത്തുപോയാൽ പിന്നെ മാറുന്ന കാര്യം കുറച്ചു വിഷമം ആയിരിക്കുമല്ലോ. പക്ഷേ അവനു കണ്ണില്ല, കൊച്ചുതങ്കത്തിൻെറ ആറാംകാതത്തിനപ്പുറം ഇവളല്ല ഒരു രാജകന്യകപോലും നിൽക്കുകയില്ല. നോക്കണം പെണ്ണിൻെറമനക്കരുത്ത്! തന്തിയാൻ അറിയാതെ കുട്ടപ്പൻെറപുറകേ ഇറങ്ങി കോവിലിനടുത്തുള്ള ആ കിഴവിയുടെ വീട്ടിൽ താവളം ഉറപ്പിച്ചിരിക്കുകയാണു. അമ്മയും അച്ഛനും ഒന്നും അതിനു വേണ്ടാ. എന്നാൽ തന്തിയാൻ ചെന്ന് ആ കിഴവയെക്കണ്ടു താമസത്തിനേർപ്പാടുചെയ്തിരുന്നില്ലെങ്കിൽ ഒരാൾ കുളിച്ചുതൊഴാനു ദിവസംതോറും പോകുന്നതു കാണാമായിരുന്നു.

മുസഫഖാൻ:—ഏ, തമ്പിസാഹേബ്ബ്! നാം ഇവിടെ അധികനേരം നില്ക്കേണ്ടിവരുമോ? എന്നെ ഇവിടെ വല്ലവരും കണ്ടാൽ കുറച്ചിലും സംശയകാരണവും ആണു.

മാതുക്കുരുപ്പ്:—തിരുമനസ്സുകൊണ്ടു് അടങ്ങിനിൽക്കണം. ഇല്ലെ, മുകളിൽ ഉദിച്ചുനിൽക്കുന്ന ചന്ദ്രനേക്കാൾ

കാന്തിയുള്ള ഒരു പെൺകൊടിയേയാണു തിരുമനസ്സിലേക്കു കിട്ടുവാൻ പോകുന്നതു്. ഞങ്ങളുടെ രാജകന്യകമാർ ഇവൾക്കടിപണിയണം. വരുമ്പോൾ ഒരൊററപ്പിടി, കണ്ണും കാലുംകെട്ടി ഒരു പോക്കും.

മുസഫ്ഖാൻ:—അതു ചെയ്യാം. നാം ഇത്ര നീചത്വം കാണിച്ചു സ്വീകരിക്കത്തക്ക സൌന്ദര്യമഹിമ അതിനുണ്ടോ എന്നറിയുന്നതിനാണു് ഞാൻതന്നെ ഇറങ്ങിതിരിച്ചതു്. ആൾക്കാരേ അയച്ചാൽ അവർ വല്ല മരപ്പാവയേയും പിടിച്ചുകൊണ്ടു വരും എന്ന സംശയമായിരുന്നു.

മാതുക്കുറുപ്പു്:—മരപ്പാവയോ? ദൈവം കൊത്തിയ പാവയാണു്, ഒന്നു നോക്കണം. ഇപ്പോൾ വരും.

മുസഫ്ഖാൻ:—പിന്നെ എന്താണു് ഇത്ര അധികം താമസിക്കുവാൻ? ഇന്നു വരികയില്ലെന്നു വന്നേക്കാമോ?

മാതുക്കുറുപ്പു്:—കൊള്ളാം. ഇന്നത്തേരാത്രി എന്നൊരു രാത്രി ഉണ്ടെങ്കിൽ കൊട്ടമണ്ണേ കൊച്ചുകുഞ്ഞമ്മ ഈ കോവിലിൽ ഏഴരനാഴിക വെളുപ്പിനു വരും. അതു തെററിക്കയില്ല. ഞങ്ങളുടെ വേദത്തിലുള്ള ഒരു കർമ്മമാണു്. വരുമ്പോൾ നോക്കണം. ഇങ്ങിനെ മണിപോലെയുള്ള ഒരു പെണ്ണു ദില്ലിപ്പാച്ചായുടെ അരമനയിലും കാണുകയില്ല. (സൂക്ഷിച്ചു് ഒരുവശത്തേക്കു നോക്കിയിട്ടു്) ഇതാവരുന്നു. അതെ, സീതാലക്ഷ്മികുഞ്ഞമ്മതന്നെ. തരത്തിനു് നിൽക്കുന്നില്ലെങ്കിൽ വലയിൽനിന്നു ചാടിപ്പോവുമേ.

(എല്ലാവരും മറയുന്നു. സീതാലക്ഷ്മി ഒരുതട്ടത്തിൽ രക്തചന്ദനവും പന്തവുമായി പ്രവേശിക്കുന്നു)

സീതാലക്ഷ്മി:—ഇന്നു വീട്ടിൽനിന്നിറങ്ങിയപ്പോൾ വലിയ ദുശ്ശകുനങ്ങളാണു കണ്ടതു്. അച്ഛനും അമ്മയും അറി

യാതെ ഈ വ്രതം ഞാൻ എടുക്കേണ്ടിവന്നില്ലായിരുന്നെങ്കിൽ ഈ ശകുനദോഷങ്ങൾ കണ്ടിട്ടു മുമ്പോട്ടു വരുകയില്ലായിരുന്നു. (കൈക്കൂപ്പിയിട്ടു്) ഭഗവതി! ശ്രീഭദ്രകാളി! അടിയന്റെ വ്രതത്തിനു സാഫല്യം ഉണ്ടാകണേ! ശത്രുക്കൾ നശിച്ചും അദ്ദേഹം വിജയിച്ചും അടിയന്റെ ജന്മം ഫലവത്താക്കിത്തരേണമേ!

(മുമ്പോട്ടുനടക്കുന്നു. ഭടന്മാർ അവളുടെ കണ്ണുമൂടി പിടിക്കുന്നു.)

## പതിനാറാം രംഗം.

---

(അനന്തകൃഷ്ണൻതമ്പിയുടെ ഗൃഹത്തിനു മുൻവശം. പടിപ്പുരയിൽ കല്യാണിക്കുട്ടിയും ആതിച്ചപ്പിള്ളയും നിൽക്കുന്നു)

ആതിച്ചപ്പിള്ള:—അവിടെ ഇരിപ്പിൻ. അല്ലെങ്കിൽ വേണ്ടാ. അകത്തുപോയിരിക്കാം. എൻെറ പൊന്നും കൊടത്തു കുഞ്ഞാണ്. ഞാൻ എന്നേകാണണമെന്നു നോയമ്പുകൊണ്ടിരിക്കുന്നെന്നറിയാമോ? ഇപ്പം ഈ പടിപ്പുരയിൽ എങ്ങിനെ വന്നു? വല്ല വഴിക്കുംപോയി വഴിതെററിപ്പോയോ? പറയിൻ. എന്തരുവേണമെന്നു പറയിൻ. അന്നു കാലൻെറ വായിൽനിന്നു ലക്ഷിച്ചതു ചില്ലറ ആളിനേ ഒന്നുമല്ല. ശ്രീ അനന്തകൃഷ്ണൻതമ്പി അങ്ങത്തേയാണ്. കാഞ്ചീവരത്തേ സുലുത്താൻ തിരുമേനിയുടെ വലം കയ്യിനേയാണ് എൻെറ തങ്കക്കുടം ലക്ഷിച്ചതു്. ഇപ്പോ, എവിടെപ്പോയിട്ടുവരുന്നു? ഈ മൊകം ഇങ്ങനെ വെയിലുകൊണ്ടു വാടാൻ കാര്യമെന്തരു്?

കല്യാണി:—ഞാൻ ഒരു മൂത്തമ്മയുടെ വീട്ടിൽപ്പോയി വരുകയാണ്. നടന്നുക്ഷീണിച്ചു ഇവിടെ ഇരുന്നു എന്നേയുള്ളു. നിങ്ങളൊക്കെത്താമസിക്കുന്ന വീടാണെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ ഇവിടെ ഇരിക്കുകയില്ലായിരുന്നു

ആതിച്ചപ്പിള്ള:—അതെന്തരു്? എൻെറ കൊച്ചങ്ങുന്നും ഞാനും ഇത്ര നെറികെട്ടവരോ? അന്നു ഞങ്ങളുക്കൂടെ വരണ്ടാ എന്നു നിർബ്ബന്ധം പിടിച്ചതുകൊണ്ടു്—പിന്നെപ്പടയുടെ കാലോമല്ല്യോ—കൊച്ചങ്ങുന്നിനു ഒരെടത്തിരിക്കുവാൻ നേരമില്ല. അതുകൊണ്ടങ്ങോട്ടെങ്ങും വന്നില്ല. ഇങ്ങകത്തു കേറിയാട്ടെ,

ഇത്താപ്പാലെങ്കിലുംകുടിച്ചോണ്ടുപോവിൻ. എന്റെ കൊച്ചങ്ങത്തേ ലക്ഷ്മിച്ച പൊന്നുംകൊടത്തു തങ്കപ്പൊടിയല്ല്യോ!

കല്യാണി:—എനിക്കിപ്പോൾ ഒന്നും വേണ്ടാ. (ആത്മഗതം) കുറേദിവസംകൊണ്ടു അദ്ദേഹം കോവിലിൽ വരുന്നില്ല, അതെന്തെന്നറിയണമെന്നു് അതിയായ ആഗ്രഹവും ഉണ്ടായിരുന്നു. എന്നേ അദ്ദേഹം കാണണ്ടാ, കാണുന്നെങ്കിൽ വെറുക്കും. ഈ ദിക്കിൽ കണ്ടുകൂടെന്നു പറയും. ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ വന്നിരിക്കുന്നെന്നറിഞ്ഞാൽ കോപത്തിന തിരുകാണുകയില്ല.

ആതിച്ചപ്പിള്ള:—എന്തരു് ഇത്രകാര്യമായി ആലോജിപ്പാൻ! (അടുത്തുചെന്നു്) അയ്യോ പെരുവഴി നടന്നു തളർന്നിരിക്കുന്നല്ലോ. തലമുടി പറന്നല്ല്യോ കെടക്കുന്നതു്! എനിക്കു കണ്ടപ്പോൾ മുതൽ ഒരു ദശാവുതോന്നി. ഇങ്ങനെ ആരോടും തോന്നിയിട്ടില്ല. വരിൻ. ഞാൻ ഒരാളുടെ അടുത്തു കൊണ്ടു പൂവാം. സീതക്കുഞ്ഞമ്മേടെ അടുത്തു കൊണ്ടു പൂവാം. അതു വല്യ ധർമ്മാധി, ഇതു പൂമ്പൊടി. അതു മൂക്കമ്പൊമ്പാനേപോലെ ചീററാൻ നില്ക്കും. ഇതു പൊന്നുംകൊടത്തുതളിരു്. വരിൻ. അകത്തുപൂവാം.

(രണ്ടുപേരും മറയുന്നു. മാതുക്കുറുപ്പു പ്രവേശിക്കുന്നു.)

മാതുക്കുറുപ്പു്.—(ആത്മഗതം) കമ്മത്തിന്റെ കുറിനോക്കണം. അനന്തകൃഷ്ണൻതമ്പിയെന്നതു് ആരെന്നവർക്കറിയുവാൻ വഹിയാ. അവളുടെ അച്ഛന്റെ അനന്തിരവനാണെന്നോ, അവനേ കിട്ടുന്നതിനുവേണ്ടിയാണു് അച്ഛൻ പാടുപെടുന്നതെന്നോ ഒന്നും അവൾ ധരിച്ചിട്ടില്ല. എങ്കിലും ഈശ്വരൻ അവളെ അവന്റെവീട്ടിൽതന്നെ കൊണ്ടുവന്നാക്കിയിരിക്കുന്നു.

കുട്ടപ്പന്റെ ജീവൻ രക്ഷിച്ചതുകൊണ്ടായിരിക്കും, കുഴവന്‌ അവളേ വല്യകാര്യം. എന്റെ കുമാരകോവിലപ്പാ! ഈ ബന്ധം ഒന്നു നടന്നുകണ്ടിട്ടു പിന്നെ വല്ലടിക്കിലും കിടന്നു ഊർദ്ധൻവലിച്ചാലും തരക്കേടില്ലായിരുന്നു.

ആതിച്ചപ്പിള്ള —(തിര്യവന്നു്) അതാരെടാ ഒളിച്ചുകളിക്കുന്ന കള്ളൻ. ചരി, ചരി. നയോ പഞ്ചപാവി സ്സാമി! ച്ഛ! ഇറങ്ങെടാ എന്റെ കൊച്ചങ്ങത്തേവീട്ടീന്നു്. ല്യദ്ര്രാക്ഷമാലകൊണ്ടു കഴുത്തിറുക്കുണ മറവൻ. (തൂറപ്പാ എടുക്കുന്നു)

മാതുക്കുറുപ്പ്:—(ആത്മഗതം) ഞാൻ തക്കിച്ചിവിടെനിന്നാൽ തങ്കം എന്നേ കാണും. അതുകൊണ്ടു്, അങ്ങുപൊയ്ക്കളയാം.

ആതിച്ചപ്പിള്ള:—എന്തരെടാ ആലോജിപ്പാൻ! ഓട്ടു്. തിരഞ്ഞുനോക്കാതെ. (കുറപ്പിനെ പിടിച്ചുതള്ളുന്നു) എവനൊക്കെ ഉള്ളടത്തു് ഈ പിഞ്ചുകത്തിരിക്കായെ തന്നിയേ വിട്ടുടാ. മറവന്മാരിലും അറുമറവനാണെവൻ. അതിങ്ങോട്ടു കേറിവരണതുകണ്ടു കേറിവന്ന അറുകൊലയാൻ മാടൻ (പടിക്കതകടച്ചിട്ടു്) ഇപ്പഴാണു് ആതിച്ചൻ ഒരു ധചക്കംചെയ്യതു് അന്നു് ഇതിനെ ഇവിടെക്കൊണ്ടു പാപ്പിക്കേണ്ടതായിരുന്നു. ഇപ്പോ കിട്ടി. ഇനി ഇതിന്റെകൂടെ കോവിലിത്തൊഴാനും രധവിക്കാനും ആതിച്ചൻകൂടെ പൊയ്ക്കളയാം. ഇതു് അരണമാണിക്കമൊ. വീട്ടിവച്ചാ ശെൽവം ഏറും. (പടിക്കൽ ആരോ വിളിക്കുന്നു) ആരെടാ ഫന്ത്യാഫിപ്പറയ! നീ പിന്നേം വന്നോ! (തുറപ്പ ഉയത്തിപ്പിടിച്ചിട്ടു്) എവനിപ്പം രണ്ടുകൊടുത്തേ ക്കുളൂ. (തുറപ്പ ഓങ്ങി നിൽക്കുന്നു. അനന്തകൃഷ്ണൻതമ്പി കയറിവരുന്നു. ആതിച്ചപ്പിള്ള അയ്യോ എന്നു വിളിച്ചു തുറപ്പ വലിച്ചെറിയുന്നു)

———

## പതിനേഴാം രംഗം.

---

(മുസഫ്ഖാൻെറ വള്ളിയൂർ അരമനയിൽ ഒരുമുറി. മുസഫ്ഖാനും സീതാലക്ഷ്മിയും നില്ക്കുന്നു)

സീതാലക്ഷ്മി:—(ഹാസ്യരസദ്യോതകമായ ചിരിയോടുകൂടി) ഹെയ്! ഇതിനിങ്ങനെ ഭീരുക്കളായ എച്ചിൽക്കള്ളന്മാരെപ്പോലെ പതുങ്ങിവരേണ്ടതായ ആവശ്യം ഇല്ലായിരുന്നു. നിങ്ങൾ നേരേ ഒരാളയച്ചാലും വരുവാൻ മടിയുള്ളവളല്ലായിരുന്നു ഞാൻ.

മുസഫ്ഖാൻ:—പതുക്കെപ്പറയൂ ചേതോഹാരിണി! നിങ്ങളുടെ ദ്രാവിഡവാണീചാതുരി വിസ്മയനീയംതന്നെ. നാം ഒരു മഹാപരാധം പ്രവൎത്തിച്ചുപോയെന്നാണ് സൌന്ദൎയ്യസമ്പന്നയായ ഭവതി നമ്മെ കുററപ്പെടുത്തുന്നതു്. ശരി. രാജസദസ്സുകളിൽ താഴ്ത്താത്ത ഈ ശിരസ്സു നമിച്ചു് നാം ആ അപരാധാരോപണത്തെ ആദരിക്കുന്നു. വേണ്ടതുപോലെ ശിക്ഷിച്ചു നമ്മെ അവിടുത്തേക്കു ധന്യനാക്കാം. ഈ വള്ളിയൂർ സംസ്ഥാനത്തിലെ മഹാറാണിയായി നാം വാഴിക്കുന്ന ലോകൈകസുന്ദരിയല്ലേ അവിടുന്നു്!

സീതാലക്ഷ്മി:—എന്നേ ഇവിടെ എന്തിനാണ് നവാബു കൊണ്ടുവന്നതു്? യുദ്ധകാലമാണ്. അസാമാന്യമായ ഒരു ശത്രുവിനോടു നേരിടേണ്ട അവിടുത്തെ കൃത്യഭാരങ്ങൾ പരമദുൎവ്വഹങ്ങളുമാണ്. ഈമഹൽകൃത്യത്തിൽ അബലയായ എന്നെക്കൊണ്ടു് അവിടുത്തേക്കു ചെയ്യാവുന്ന സഹായം എന്തെന്നു പ്രസ്താവിക്കുകയേ വേണ്ടൂ.

മുസഫ്ഖാൻ:—എനിക്കു നിങ്ങൾ ചെയ്യേണ്ടതായ സഹായം എന്റെ ജീവൻ രക്ഷിക്കണമെന്നുള്ളതു തന്നെയാണു. അവിടുത്തെ കാരുണ്യം ഇല്ലാതെ ഒരു നിമിഷംപോലും ജീവൻ വഹിക്കുന്നതിനു മുസഫ് ഖാനു ശക്തനല്ലാതെയാണു തീർന്നിരിക്കുന്നതു്. സൌന്ദര്യവും ബുദ്ധിമഹിമയും തന്റേടവും ജഗന്മോഹനശക്തിയും ഒന്നിച്ചു വിലസുന്ന അവിടുത്തെ സാന്നിദ്ധ്യം എന്നെ ഇതികർത്തവ്യതാമൂഢനാക്കി ത്തീർത്തിരിക്കുന്നു.

സീതാലക്ഷ്മി:—വെറും ഭംഗിവാക്കുകൾ പറയുവാനുള്ള കാലമല്ലിതു്. ഈ ഘട്ടത്തിൽ അവിടുത്തെ ഓരോ നിമിഷവും മററുള്ളവരുടെ ഓരോ ആയുസ്സിനെക്കാൾ വിലയേറിയതാണു്.

മുസഫ്ഖാൻ:—വിശേഷാത്തരതേജോനിലയമായ ഭവതിയുടെ മുമ്പിൽ നില്ക്കുന്ന ഓരോ നിമിഷവും ഓരോ കോടിവർഷങ്ങളെക്കാൾ സപാരസ്യവും അമൂല്യതയും ഏറിയതാണു്.

സീതാലക്ഷ്മി:—അതുകൊണ്ടു്—?

മുസഫ്ഖാൻ:—അതുകൊണ്ടു് എന്നെ കൃതാർത്ഥനാക്കുവാനും, എന്റെ കൃമിനിർവ്വിശേഷമായ ജീവിതത്തിനു സപൎഗ്ഗീയമാധുൎയ്യം നൽകുവാനും എന്റെ ആത്മാവിനെ വലയംചെയ്യുന്ന വൈക്ലബ്യപരിവേഷത്തിനു സപൎണ്ണകാന്തി നൽകുവാനും ആയി ഭവതി ഈ ജീവിതത്തിൽ എന്നിൽനിന്നു വേർപിരിയരുതെന്നാണു ഈ ദാസദാസവിധേയൻ ഒരു വിനീതാപേക്ഷ ആ രമണീയപാദങ്ങളിൽ സമൎപ്പിക്കുന്നതു്.

സീതാലക്ഷ്മി:—(ഗൌരവത്തോടുകൂടി) മുസ്ഖാൻ! താങ്കൾ ഭ്രാന്തനായിട്ടല്ലയോ എന്നോടു് ഈ വിധം സംസാരിക്കുന്നതു്!

മുസഫ്ഖാൻ:—കേവലം ഭ്രാന്തനായിട്ടുതന്നെയാണ്. ഏന്നോ ഈ ഓമനക്കോമളത്തങ്കപ്പാവ ചിത്തഭ്രമത്തിലേക്കു ചാടിച്ചിരിക്കുന്നു. (സീതാലക്ഷ്മിയോടു അടുക്കുന്നു.)

സീതാലക്ഷ്മി:—(അകന്നുനിന്നിട്ട്)ഞാൻ തന്റെ ചാപല്യങ്ങൾ സകലതും ക്ഷമിക്കുന്നു. സംസ്കാരശൂന്യത തന്നേ നയിച്ചിരിക്കുന്ന ഉന്മാദഗർത്തത്തിന്റെ അഗാധത അനുസ്മരിച്ച് ഞാൻ ക്ഷമിക്കുന്നു——ആകട്ടെ, മുസഫ്ഖാൻ! എന്റെ വംശം ഏതെന്നു നിങ്ങൾ അറിഞ്ഞിട്ടുണ്ടോ?

മുസഫ്ഖാൻ:—അന്വേഷിച്ചിട്ടില്ല. അന്വേഷിക്കേണ്ടതായ ആവശ്യവും ഇല്ല. എന്തെന്നാൽ നിങ്ങളുടെ ശാസ്ത്രങ്ങളിൽ പറയുന്ന ദേവാസുരവംശമാണെന്നു പ്രഥമവീക്ഷണത്തിൽ തന്നെ എനിക്കു ബോദ്ധ്യം വന്നു.

സീതാലക്ഷ്മി:—താങ്കൾ ശിരസാവഹിക്കുന്ന ആ പാദങ്ങൾ—ആർക്കാട്ടുനവാബിന്റെ രാജവംശത്തെക്കാൾ മഹനീയതരമായിട്ടുള്ളതാണ് എന്റെ വംശമെന്നു ഒരുപക്ഷേ, അല്പബുദ്ധിയും ജളനുമായ മുസഫ്ഖാൻ, നിങ്ങൾ അറിഞ്ഞിട്ടില്ലായിരിക്കും.

മുസഫ്ഖാൻ:—സ്വർഗ്ഗത്തോളവും ഉൽകൃഷ്ടമായ ഒരു വംശമാണ് അവിടുത്തേതെന്ന് ഞാൻ സർവ്വാത്മനാ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഭവതിയുടെ കാരുണ്യകരത്തിനേററവും അടുത്തിരിക്കുന്ന ഒരു അനുഗ്രഹം അർത്ഥിച്ചുകൊണ്ട് ഞാൻ ഈ സന്നിധിയിൽ നിൽക്കുന്നതു്.

സീതാലക്ഷ്മി:—താങ്കൾ ഏതുകാര്യത്തിനായിട്ടാണ് നിയോഗിക്കപ്പെട്ടിരിക്കുന്നതു്?

മുസഫ്ഖാൻ:—തിരുവിതാംകൂർ പടയേ തോല്പിച്ചു വള്ളിയൂർ ഭരിക്കുവാൻ. എന്നാൽ അതു് മനുഷ്യ ശാസനയ്ക്കധീനമായുള്ള ഒരു നിയോഗമാണു്. സത്യവേദിയായ ഹൃദയം എന്നേ ഇതാ ഒരു ദൈവികം കാൎയ്യത്തിനായി പ്രേരിപ്പിക്കുന്നു. അതിൻെറ. അഭേദ്യശക്തിയെ തടുക്കുന്നതിനെനിക്കു കഴിവുണ്ടാകുന്നില്ല. (അടുത്തുചെന്നിട്ടു്) ഓമനേ! എന്നിൽ കനിയേണമേ.

സീതാലക്ഷ്മി:—(പുറകോട്ടുമാറി) നീചാ! നിൻെറ അവസാനം അടുത്തിരിക്കുന്നെന്നു നീ അറിയുന്നില്ല.

മുസഫ്ഖാൻ:—(ശിരസ്സുനമിച്ചു്) ഈ കണ്ട രാജ്യങ്ങളുടെ അധിപതിയായ ഞാൻ ഇതാ എൻെറ കിരീടം. ഭവതിയുടെ പാദങ്ങളിൽ അടിയറവയ്ക്കുന്നു. (ഉഷ്ണീഷം ഊരി താഴെവയ്ക്കുന്നു.)

സീതാലക്ഷ്മി:—(കാൽകൊണ്ടു തലപ്പാവു ദൂരെയെറിഞ്ഞിട്ടു്) ബൌദ്ധാ! നിൻെറ ഉഷ്ണീഷത്തേ ഞാൻ തൊട്ടതിൽ എനിക്കു വന്നിട്ടുള്ള കുറവിനേ ഞാൻ തൽക്കാലം വിസ്മരിക്കുന്നു.

മുസഫ്ഖാൻ:—(കഠിനകോപത്തോടെ)അധമേ! ചണ്ഡാലീ, നീ എന്താണു ചെയ്തതു്! (വാൾ വലിച്ചൂരുന്നു.)

സീതാലക്ഷ്മി:—(മടിയിൽനിന്നു കഠാരി എടുത്തു്) നോക്കു ! കൃമികളിലും കൃമിയായ അധമാ, നോക്കു്! എൻെറ കണ്ഠം ദൂരെ വീണാലും ഈ പിണം നിൻെറ പ്രാണൻപോകുന്നതുവരെ ഈ ആയുധം നിൻെറ നെഞ്ചിൽ കുത്തിയിറക്കും. നീ മഹാ ഭീരു, ഞാൻ ക്ഷത്രിയകന്യക. (മുന്നോട്ടുപായുന്നു. സുലേഖ വന്നു തടുക്കുന്നു. സുലേഖയെക്കണ്ടിട്ടു് മുസഫ്ഖാൻ ഓടിക്കളയുന്നു.)

സു.ലേഖ:—(സീതാലക്ഷ്മിയുടെ രണ്ടുകയ്യും പടിച്ചിട്ട്) സഹോദരി! എൻെറ മൂസഫിനോടു ദയവുണ്ടായി ക്ഷമിക്കേണമേ! അവൻെറ അവിവേകം അവിടുന്ന മറക്കേണമേ! നോക്കു. എൻെറ മുഖത്തേക്കു നോക്കു. സ്നേഹസമ്പൂൎണ്ണങ്ങളായ രണ്ടു നേത്രങ്ങളാണു അവിടുത്തേ ആദരപുരസ്സരം വീക്ഷിക്കുന്നതു്.

സീതാലക്ഷ്മി:—(കൈകൾ വലിച്ചെടുത്തിട്ടു) നിങ്ങൾ ആരാണു്? എന്തിനാണു നിങ്ങൾ ഈ ഭീരുത്വത്തിനു വേണ്ടി വന്നുചാടിയതു്? ഈവിധമുള്ള അധമന്മാരെ പ്രസവിക്കുന്ന ഒരു സ്ത്രീയല്ലേ നിങ്ങൾ? നിങ്ങളുടെമുഖത്തു ഞാൻഎങ്ങിനെനോക്കും? സ്ത്രീത്വത്തിൻെറഅനുഗ്രഹംലഭിക്കാത്ത നിർഭാഗ്യ! ആ കഥയില്ലാത്തമറയൻ—അവൻ ഞാൻ ആരാണെന്നാണു വിചാരിച്ചതു്! പരമഭീരുവായ തസ്കരനെപ്പോലെ എന്നെ, ഏകയായി ദേവീദർശനത്തിനുപോയ ഒരു പെൺകുട്ടിയെ അന്ധകാരത്തിലെ വിജനതയിൽ നിന്നു മോഷ്ടിച്ചുകൊണ്ടുപോന്ന ആ നികൃഷ്ടൻ— അവൻ ചിത്തഭ്രമത്തിൻെറ ഗോഷ്ടികൾ കാണിക്കുവാനു തുടങ്ങിയപ്പോൾ ഞാൻ എൻെറ പരമാൎത്ഥം അവനെധരിപ്പിച്ചു. എരിഞ്ഞുനിൽക്കുന്ന ദീപത്തിൽ ഈയാംപാററയെപ്പോലെ വീണു നശിക്കരുതെന്നു ഞാൻ വ്യക്തമായിപ്പറഞ്ഞു. എന്നിട്ടും ഈ സാഹസകൎമ്മത്തിനൊരുമ്പെടുവാൻ മനസ്സുതോന്നിയ അവൻെറ മാതൃത്വമാണോ നിങ്ങൾ പ്രഖ്യാപനം ചെയ്യുന്നതു്! ച്ഛായ്! ലജ്ജാവഹം! ലജ്ജാവഹം! ഞാൻ വിചാരിക്കാമെങ്കിൽ ഈ നിമിഷം ; നിങ്ങളുടെ പരമ്പര നരുംചാമ്പൽ; തടികൾ നായ്ക്കും നരിക്കും ആഹാരം.

സുലേഖ:—സഹോദരീ! ക്ഷമിക്കൂ. (കയ്യുപിടിച്ചിട്ടു്) ഇങ്ങോട്ടു നോക്കൂ. ഞാൻ—ശക്തിശൂന്യയായ ഒരു ജ്യേഷ്ഠസഹോദരിയാണു്, നിങ്ങളോടു് അപേക്ഷിക്കുന്നതു്. എനിക്കു് ആ കാൎയ്യങ്ങൾ ഏതാണ്ടു മനസ്സിലാകുന്നു. പണ്ടു പരിചയപ്പെട്ട മുഖതേജസ്സു് എന്നെ നേർവ്വഴിയിലേക്കു നയിക്കുന്നു. കേവലം കുമാരനായ മുസഫിനു കാൎയ്യം മനസ്സിലായിട്ടില്ല. അവൻ ഇതുപോലെ ഇതിനുമുമ്പൊരിക്കലും നീചത്വം പ്രവൎത്തിച്ചിട്ടുമില്ല. എന്റെ ദയനീയക്രന്ദനം ഓൎത്തെങ്കിലും എന്റെ അനുജത്തി മുസഫ്ഖാന്റെ ചാപല്യങ്ങൾ മറക്കൂ.

സീതാലക്ഷ്മി:—ഇതു് അയാളെ നല്ലപാഠം പഠിപ്പിക്കും. അനേകം സ്ത്രീജനങ്ങൾക്കു് ഇതിനുമേൽ രക്ഷയുണ്ടാകും. (പരിഹാസസ്വരത്തിൽ) മറയൻ! അയാളുടെ ശത്രുക്കൾ ആരോ അയാളെ അബദ്ധത്തിൽ ചാടിക്കുവാൻ നോക്കി. അല്ലാതെ എന്താണു പറയേണ്ടതു്! എന്റെ തലമുടിയിഴയിൽ ഒന്നിനെങ്കിലും കേടു വന്നിരുന്നെങ്കിൽ അയാൾ സദാ ഭയപ്പെട്ടു വിറയ്ക്കേണ്ടതായ എന്റെ പ്രിയ—പ്രിയമിത്രം അയാളോടു് ഈ നിമിഷം പകരം ചോദിക്കുകയില്ലേ!

സുലേഖ:—ആരെപ്പററിയാണു നിങ്ങൾ പറയുന്നതു്? നിങ്ങളുടെ പ്രിയതമൻ, അല്ലാ, പ്രിയമിത്രം ആരാണു്?

സീതാലക്ഷ്മി:—ഈ ഘോരയുദ്ധത്തിന്റെ വിജയം ആരിൽ ആശ്രയിച്ചിരിക്കുന്നുവോ ആ പുരുഷപഞ്ചാനനൻ-

സുലേഖ:—(കൈവിട്ടിട്ടു്) ആരു്, അനന്തകൃഷ്ണൻതമ്പിസ്സാഹേബ്ബോയിരിക്കുമോ?

സീതാലക്ഷ്മി:—ആ വിശ്രുതസേനാനിതന്നെ. പക്ഷേ ആ നാമധേയം എനിക്കൊരു രക്ഷാമാൎഗ്ഗമായി ഞാൻ

വച്ചിട്ടില്ലെന്നോൎത്തുകൊള്ളണം. എന്റെ സകല മഹിമയും എന്റെ വംശമാഹാത്മ്യമാണ്.

സുലേഖ:—(വിവൎണ്ണയായി) പ്രിയസഹോദരി! നിങ്ങൾ മുസഫിന്റെ സകല തെററുകളും ക്ഷമിച്ചുകൊള്ളേണമേ, ഈ വിവരം സത്യമൂൎത്തിയായ ദൈവത്തെ ഓൎമ്മിച്ച് ആരോടും പറയരുതേ. വരൂ. അകത്തേക്കുപോകാം. എനിക്കു കുറേ സംസാരിക്കുവാനുണ്ടു്.

സീതാലക്ഷ്മി:—(പോകുംവഴി ഉഷ്ണീഷം തട്ടി ദൂരത്തെറിയുന്നു.)

---

## പതിനെട്ടാം രംഗം.

(വള്ളിയൂർ കോട്ടയ്ക്കകത്തു തെക്കുഭാഗം ചേന്ന വെടിമരുന്ന കോട്ടയുടെ മുഖദ്വാരം, രണ്ടു പട്ടാളക്കാരിൽ ഒരുവൻ പാറാവു നടക്കുന്നു).

പാറാവുകാരൻ:—(പെട്ടെന്നു തിരിഞ്ഞുനിന്നു്) എടേപൊട്ടക്കണ്ണാ! ശൃംഗാരവൈരി! അപ്പുറം നോക്കു് ഒന്നു്—രണ്ടു—മൂന്നു്; ഒന്നു് ഒരു പെണ്ണു്, അടടാരസികാ—അല്ല രസികത്തി!

രണ്ടാമൻ:—(തോക്കെടുത്തു ചൂണ്ടി) ഉജാർ. വയ്‌വെടി. അല്ലാ. അതു് ഒരു തേവിടിശ്ശി തന്നെയോ? എന്നാൽ അവിടെ രസമുണ്ടു്. ഇങ്ങോട്ടുതന്നെ വരുകയും ചെയ്യുന്നു.

പാറാവുകാരൻ:—ഞാൻ ഇതാ ബുദ്ധിപറയുന്നു. അതു് രണ്ടു മാർജ്ജാരന്മാർകൂടി കൊണ്ടുപോകുന്ന വെണ്ണക്കുട്ടയാണു്. ഭാഗ്യവശാൽ ആ മാൻപേട നമ്മുടെ കയ്യിൽ ചാടി. ഇനി ഈ പൂമാല ചൂടിക്കളയാം. നമ്മുടെ അലച്ചിൽക്ഷീണം തീക്കുന്നതിനു ഈ അമൃതം ധാരാളം മതി.

രണ്ടാമൻ:—സഹോദര! ഒററ ശ്വാസത്തിൽ എത്ര കവിത ചൊല്ലിക്കളഞ്ഞു! വെണ്ണക്കുട്ട, പൂമാല, മാൻപേട എന്നെല്ലാം ഒററഅടിയായി താൻ തട്ടിവിട്ടു. ഏതായാലും താൻ പാറാവു നടന്നുകൊള്ളു. ഹീറൻധ്വര യുടെ കല്പനയാണു്. തലനാരിഴയ്ക്കു വ്യത്യാസം വന്നാൽ പോകുന്നതു തന്റെ മൺതലയാണു്, സൂക്ഷിച്ചോ.

പാറാവുകാരൻ:—ചങ്ങാതി നല്ല നീതിശാസ്ത്രംവിളമ്പുന്നു. സുഖമൊക്കെ തനിക്കും; ജോലിയൊക്കെ നമുക്കും. കുമ്പിനിയാരുടെ വിദ്യതന്നെ താനും ഉരുവിട്ടുവച്ചിരി

ക്കുന്നു. മറയാ, നാം ഇവിടെ കിടന്നുറങ്ങിയാലും കോവിൽത്തെരുവിൽ പോയൊന്നു രസിച്ചാലും ഭയപ്പെടുവാൻ യാതൊന്നുമില്ല. അനന്തകൃഷ്ണൻതമ്പി വന്നിട്ടുണ്ട്. ഏർപ്പാടുകളെല്ലാം ഭദ്രമായിരിക്കും. കോട്ടയ്ക്കകത്തു ഒരു പ്രാണി കടക്കുകയില്ല.

രണ്ടാമൻ:— വഴക്കുവേണ്ടാ മിത്രമേ! ഇതാ വന്നുകഴിഞ്ഞു. അല്ലാ, ഇവൾ തഞ്ചാവൂർ ദാസിയോ! രസം, രസം.

(തിരുവിതാംകൂർ സേനാനികളിൽ ഒരാൾ സ്ത്രീവേഷത്തിലും ഇതരൻ അനന്തപത്മനാഭൻ പാന്ഥവേഷത്തിലും പ്രവേശിക്കുന്നു. സ്ത്രീവേഷക്കാരൻ ഭയംനടിച്ചു ഓടി അടുക്കുന്നു)

സ്ത്രീ:— യജമാനന്മാരേ! രക്ഷിതാക്കളേ! ഈ ദുഷ്ടന്മാർ എന്നെ അപമാനിക്കും.

രണ്ടാമൻ:— അതുകണ്ടിട്ടുകാര്യം. ഓമനത്തളിരേ! (സ്ത്രീയുടെ കൈപിടിച്ചുമ്മവയ്ക്കുന്നു) ഞാൻ ഇതാ അവരുടെ തല കൊണ്ടുവരുന്നു. നീ നമുക്കു കിട്ടിയ സമ്മാനം സഹോദരാ! ഉജാറായി പാറാവു നടന്നുകൊള്ളു. (പുരുഷന്മാരെ പിന്തുടന്നു് ഓടിമറയുന്നു)

പാറാവുകാരൻ:— (തോക്കു താഴെയെറിഞ്ഞ് സ്ത്രീയുടെ കൈക്കുപിടിച്ചു്) സുന്ദരി! തങ്കമേ! മാന്തളിർ പട്ടേ! പൂഞ്ചോലവല്ലി! നീ നമ്മുടെ തങ്കക്കുടം.

സ്ത്രീ:— (അനുരാഗനാട്യത്തോടെ തോക്കു കയ്യിലെടുത്തു്) അമ്പ! ഇക്കൂട്ടത്തിനെ വിശ്വസിച്ചുകൂടാ, ഇതു കൊണ്ടുതന്നെല്ലോ കാലമാടന്മാർ ആളുകളുടെ ജീവൻ ഒടുക്കുന്നതു്! എനിക്കൊന്നിരിക്കണം. നിങ്ങൾ കിടക്കുന്ന സ്ഥലം എവിടെ? നിങ്ങൾ മാത്രമേ ആ സ്ഥലത്തുള്ളോ?

പാറാവുകാരൻ:— തങ്കമേ! പൊൻപൊടിയേ! നിനക്കു എന്തു ശുശ്രൂഷയാണു് ഞാൻ ചെയ്യേണ്ടതു്! നമുക്കു ഈ കമ്പിനിശിപായിജോലി വലിച്ചെറിഞ്ഞു്

തഞ്ചാവൂരോ കുംഭകോണത്തോ പോയി വിലസാം (സ്ത്രീയുടെ തലമുടി തടവുന്നു.)

സ്ത്രീ:—(കയ്യിലിരുന്ന കയറുകൊണ്ടു് ഭടനേ കെട്ടിയിട്ടു തോക്കെടുക്കുന്നു) എടാ!; നാക്കെടുത്താൽ നിൻെറ തലച്ചോർ ഈ കൊട്ടംതറയിൽ ചിതറുന്നു. വാ, ഇവിടെ (ഭടൻെറ വായ് മൂടികെട്ടി രംഗത്തിൽ നിന്നു മാററുന്നു വീണ്ടും തിരിച്ചുവന്നിട്ടു്) തലമുടിയോ മറേറാ അഴിഞ്ഞുപോയോ, എന്തോ! യജമാനൻ നേരത്തേ എത്തും. പുറകേ ഓടി ക്ഷീണിക്കുമ്പോൾ മററവൻ ശൃംഗാരത്തിനായിങ്ങെത്തും.

രണ്ടാമൻ:—(ഓടിത്തളൎന്നു് എത്തുന്നു) അവർ പോയ വഴീയേ കടന്നു. (ക്ഷീണഭാവത്തിൽ) നിനക്കുവേണ്ടി കോമളേ! ഞാൻ എന്തു പാടുപെട്ടെന്നോ? ആവൂ. ഇനി നമുക്കുതന്നെ നീ. മററവനെവിടെ? അവരുടെ പുറകേ ഓടിയിരിക്കും.

സ്ത്രീ:—എനിക്കുവേണ്ടി ഇത്രകഷ്ടപ്പെട്ടതിനു ഞാൻ അവിടുത്തേ ഒന്നു വീശാം. (ഭടൻെറ കൈ രണ്ടും ഗ്രഹിച്ചിട്ടു്) എത്ര തടിച്ചുരുണ്ട സുന്ദരൻകൈകൾ! (പാറാവുകാരനേപ്പോലെ ഇവനേയും കെട്ടി, വായടച്ചു് ദൂരെ മാററുന്നു. അവൻെറ കയ്യിൽനിന്നു താക്കോലെടുക്കുന്നു)

(പാന്ഥവേഷത്തിൽ അനന്തപത്മനാഭൻ പ്രവേശിച്ചു പന്തം കത്തിക്കുന്നു)

അനന്തപത്മനാഭൻ:—എടാ, ഇവരെ രണ്ടുപേരേയും ദൂരെക്കൊണ്ടുപോയി കെട്ടഴിച്ചുവിട്ടേക്കു്. എടേ ശിപായിമാരേ! ഞാൻ നിങ്ങളുടെ വെടിമരുന്നു കോട്ടയ്ക്കു് തീവയ്ക്കുകയാണു്.

(ഉദ്യോഗസ്ഥന്മാർ ഭടന്മാരെ മാററുന്നു. അനന്തപത്മനാഭൻ തീവയ്ക്കുന്നു)

---

# പത്തൊൻപതാം രംഗം.

---

(വള്ളിയൂർ കുടമൺഭവനം. സീതാലക്ഷ്മി
അമ്പരന്നു നിൽക്കുന്നു.)

സീതാലക്ഷ്മി:—ആ കേൾക്കുന്ന നിലവിളിയെന്തു്? പ്രളയ
ധ്വനിപോലെ കേൾക്കുന്നല്ലോ. യുദ്ധം ഇത്രവേഗം
ഈ രാത്രിയിൽ എങ്ങിനെ തുടങ്ങി! ഏതോ പാറ
പൊട്ടിത്തകരുന്ന ശബ്ദമല്ലേ അതു്! അയ്യോ! ഞാൻ
എവിടെപ്പോയാണു് ഈ മഹോത്സവം കാണേണ്ടതു!
എങ്ങിനെ പോകുവാൻ സാധിക്കും! എനിക്കുണ്ടായ
ദുരാപത്തിൽ ഭയന്നു് അച്ഛനും അമ്മയും എന്നെ
ക്കൊണ്ടു് എങ്ങും പോകരുതെന്നു സത്യം ചെയ്യിച്ചി
രിക്കുന്നുവല്ലോ. അതാ വെടികേൾക്കുന്നു. ആളുകൾ
കൂട്ടമിട്ടോടുന്ന ശബ്ദം! യുദ്ധംതന്നെ. സംശയമില്ല.
ദേവീ! അഖിലാംബികേ! എൻെറ പ്രാണനാഥൻെറ
വാൾതന്നെ വേണമേ ആ കുലദ്രോഹി പടത്തല
വൻെറ നെഞ്ചിൽ പിടിയററം താഴുവാൻ. പ്രാണ
നാഥ! സീത വളരെനാൾ ദിവ്യനിധിപോലെ
സൂക്ഷിക്കുന്ന ആ—ആ—ആ ചുംബനം ഇതാ ആ
സദ്വാർത്തയും കൊണ്ടുവരുന്ന അവിടുത്തേക്കു്. ഇത്ര
വലിയ ആനന്ദം ലോകത്തിൽ ഒരു കന്യകയ്ക്കും നൽ
കുവാൻ ശക്തിയുണ്ടാകുന്നതല്ല. അതു തീർച്ചയാണു്.
അങ്ങേക്കാണുമ്പോൾ ഇളകിമറിയുന്ന ആ വികാ
രത്തെ സീത എത്ര ശ്രമപ്പെട്ടാണു് അടക്കുന്നതെന്ന
റിയാമോ! അഭിമാനം എന്ന തോഴി അങ്ങേ സമാ
ഗമത്തിൽ, ശകുന്തളയെ അനസൂയാപ്രിയംവദമാരെ
ന്നപോലെ, എന്നെ തനിച്ചാക്കിയിട്ടു കടക്കുന്നതി
നെത്രതവണ ശ്രമിച്ചു എന്നു് അങ്ങു് അറിയുന്നില്ല.

പ്രാണേശ്വര! ഈ രാത്രി സീതയുടെ ജന്മസാഫല്യം വരുത്തേണമേ. സീത വഹിക്കുന്ന ഈ മഹാഭാരത്തിൽ നിന്ന് അവളെ വിമോചിപ്പിക്കേണമേ— എന്ത്! ആളുകൾ ഓടുന്ന ശബ്ദം കേൾക്കുന്നല്ലോ.

(രക്തവിഭൂഷിതനായി അനന്തകൃഷ്ണൻതമ്പി പ്രവേശിക്കുന്നു.)

അനന്തകൃഷ്ണൻതമ്പി:—സീതേ! പോയി, എല്ലാംപോയി. ചതി! വൻചതി. പടത്തലവൻ ഘോരമായിച്ചതിച്ചുകളഞ്ഞു. വെടിമരുന്നുകോട്ടയ്ക്കു തീവച്ചു. കമ്പിനിപ്പട്ടാളം തെക്കേക്കോട്ടവഴി ഓടിക്കളഞ്ഞു. കണ്ണടച്ചു തുറക്കുന്നതിനു മുമ്പിൽ എനിക്കു പടനടത്തേണ്ടിവന്നു. ആബുബേക്കർ മരിച്ചെന്നു പറയുന്നതു കേ . സീതേ! ഞാൻ പരാജിതനായി, ഓമനേ! അതെൻെറ കുററംകൊണ്ടു വന്നതല്ല. ഒരു മുൻകരുതലും ചെയ്യാൻ സാധിച്ചില്ല. അനന്തപത്മനാഭൻ പടത്തലവൻ ജയിച്ചു. മുസഫ്ഖാൻ തടവുകാരനായിക്കാണും. ഞാൻ ജീവൻ കളഞ്ഞും പടനടത്തി. പടത്തലവൻെറ തല ആ രക്തപ്രഭയ്ക്കിടയിൽ ദൂരെ കണ്ടപ്പോൾ ഞാൻ സൈനികനിയമം മറന്നും ഓടിയടുത്തു; എന്നാൽ സാധിച്ചില്ല.

സീതാലക്ഷ്മി:—(കോപത്തോടെ) അതുകൊണ്ടു്? അതുകൊണ്ടു്? അതുകൊണ്ടെന്തുചെയ്യണമെന്നു പറയുന്നു? അവിടുന്നെന്തിനിപ്പോൾ ഇങ്ങോട്ടുവന്നു? എന്തിനു്? ആരെക്കാണുവാൻ? അയ്യോ! ഞാൻ കരയുന്നോ! മനസ്സേ! എന്നെ ഉപേക്ഷിക്കാതിരിക്കു്. അതുകൊണ്ടു് പടത്തലവനിൽനിന്നു തോററിട്ടു് എന്തിനിവിടെ വന്നു?

അനന്തകൃഷ്ണൻതമ്പി:—സീതേ! കാര്യം മനസ്സിലാക്കാതെ എന്നെ കുററപ്പെടുത്തരുതേ. വള്ളിയൂർ കോവിലിനു

ങ്ങേപ്പുറം ആകെ അഗ്നിപ്രളയമാണ്. എവിടമെല്ലാം ദഹിച്ചിട്ടുണ്ടെന്ന് ആൎക്കും രൂപമില്ല. തോററതു് എൻെറ കുററംകൊണ്ടല്ല. എനിക്കു യുദ്ധം അറിവില്ലാഞ്ഞല്ല. പടനടത്തുന്നതിൽ എനിക്കു പരിചയമില്ലാഞ്ഞല്ല. ആ ഘാതകനോടു് എനിക്കു് തീരാത്ത വൈരം തോന്നാഞ്ഞല്ല. സീതയുടെ ആജ്ഞ ഞാൻ അനാദരിച്ചിട്ടുമല്ല. അയാളുടെ നീചമായ ചതിയും ഭീരുത്വവുംകൊണ്ടാണ്. എൻെറ ദേഹം മുഴുവൻ മുറിവാണു്. എനിക്കു് താങ്ങാവുന്നതിൽ കൂടുതൽ രക്തം വാൎന്നുപോയിരിക്കുന്നു. ഒരു നിമിഷം നേരെ നിൽക്കുവാൻ വഹിയാ. ഞാൻ ഇവിടെ എവിടെയെങ്കിലും ഒന്നിരുന്നുകൊള്ളട്ടെ.

സീതാലക്ഷ്മി:—ഇവിടെയോ? എൻെറ വീട്ടിലോ? പടയിൽ നിന്നു് ഒളിച്ചോടിയവൎക്കു് അഭയം കൊടുക്കുവാൻ എൻെറ വീട്ടിൽ സ്ഥലമില്ല. അപ്പോൾ അനന്തപത്മനാഭൻപടത്തലവൻ ജീവിച്ചിരിക്കുന്നു. അനന്തകൃഷ്ണൻതമ്പി തോറേറാടിയിരിക്കുന്നു. (കരച്ചിലോടുകൂടി) സീതേ! നീ ഇനി ആരേ കാത്തുകൊണ്ടാണിരിക്കുന്നതു്! നിർഭാഗ്യവതീ! നിൻെറ പ്രണയഭാജനത്തെപ്പററി നീ ഇനി എത്ര ജന്മം ദുഃഖിച്ചാൽ മതിയാകും! പിതൃക്കളോടു നീ ചെയ്ത ദ്രോഹം നീ ഏതു നരകക്കുഴിയിൽ മുങ്ങിത്തീൎക്കും!

അനന്തകൃഷ്ണൻതമ്പി:— ഞാൻ ഒന്നിരുന്നുകൊള്ളട്ടൊ?

സീതാലക്ഷ്മി:—ഇവിടെവേണ്ടാ. കഷ്ടം! പടത്തലവൻെറ കുണ്ടനിണത്തിൽ മുങ്ങിയ ആ കൈകൊണ്ടു് എനിക്കു് ഒരു ആലിംഗനം കിട്ടിയില്ലല്ലോ. ആ ചോരതെറിച്ച മുഖത്തിൽ എനിക്കു മുറുകെ ഒന്നു ചുംബിക്കുവാൻ ഭാഗ്യം ഉണ്ടായില്ലല്ലോ. അയ്യോ! അവിടുന്നെന്നിൽ ഇത്ര ക്രൂരനായല്ലോ. പടത്തലവൻെറ രക്തംകൊണ്ടു് അങ്ങേയ്ക്കൊന്നൊ ഒരു കുങ്കുമ

പ്പൊട്ടിട്ടുവിക്കുവാൻ മനസ്സുണ്ടായില്ലല്ലോ. ആരെ ച്ചൊല്ലി ഞാൻ എൻെറ യൌവനത്തെ സൂക്ഷിച്ചു! എൻെറ പ്രണയസമ്പത്തു് ഭൂതം മഹാനിധിയെ എന്നപോലെ ഞാൻ ആർക്കുവേണ്ടി ഇതുവരെ സൂക്ഷിച്ചു! സീതേ! നിൻെറ ആയുസ്സു നിഷ്ഫല മായി. നിർഭാഗ്യേ! നിൻെറ ജീവിതം മരുഭൂമിപോലെ സന്തപ്തമായിത്തീൎന്നു. നിൻെറ പിതൃക്കൾ യുഗ യുഗാന്തരങ്ങളിലും ദാഹിച്ചുഴറിനടക്കുന്നതിനു നീ കാര ണമുണ്ടാക്കി. (പെട്ടെന്നു ധൈൎയ്യം അവലംബിച്ചു്) പോകണം. ഏതുവിധം എങ്കിലും—വഞ്ചിച്ചോ, ചതിച്ചോ ഉറങ്ങുമ്പോഴോ, ഉണൎന്നിരിക്കുമ്പോഴോ— എപ്പോഴെങ്കിലും, എങ്ങിനെയെങ്കിലും ആ മഹാ പാപിയെ കൊന്നിട്ടുവരണം. ചതികാണിക്കുന്നവൻ ചതിക്കു തികച്ചും അർഹനാണു്. ആ യത്നത്തിൽ മരിക്കുന്നെങ്കിൽ സാരമില്ല; അപ്പോൾ അവിടുത്തേ താണു സീത. ജയിക്കുന്നെങ്കിൽ അപ്പോഴും സീത അവിടുത്തേതാണു്. തൂക്കുമരത്തിലാണെങ്കിൽ ആരാ ച്ചാർ അവിടുത്തെ കഴുത്തിൽ ഇടുന്ന കയറു് സീത നൽകുന്ന പരിണയമാല്യമാണു്. (അനന്തകൃഷ്ണൻ തമ്പിയുടെകയ്യുപിടിച്ചു )ഞാൻ -ഇതാ എന്നേ ഒന്നു നോക്കണം. സീതയുടെഹൃദയം അവിടുത്തേതാണു്. അവിടുത്തേ ജീവിതം ആനന്ദമധുരമാക്കുവാൻ കഴി യുന്നവളാണു സീത. സാമാന്യമായ ഒരുവളേയല്ല അവിടുത്തേക്കു ലഭിച്ചിരിക്കുന്നതു്. ഇത്ര ദൃഢമായ ഭക്തിയും അനുരാഗവും അവിടുന്നു് വേറൊരുവളിൽ കാണുന്നതല്ല, മടിക്കരുതു. ഇറങ്ങണം. ഇക്ഷണം പോകണം.

അനന്തകൃഷ്ണൻതമ്പി:—സീതേ! കല്പിച്ചുകൊള്ളു. ഞാൻ എന്തും ചെയ്യാൻ സന്നദ്ധനാണു്. പക്ഷെ എന്നേ ഇനി കാണുകയില്ല.

സീതാലക്ഷ്മി:—വേണ്ടാ. നമുക്കു! പരലോകത്തിൽ വച്ച് ഒരുമിച്ചുകാണാം. ഈ നിസ്സാരദേഹം വെടിഞ്ഞു കളയണം. പോകണം. ആ മഹാദുഷ്ടന്റെ നെഞ്ചിൽ പിടിവരെ അങ്ങെ കഠാര കുത്തിയിറക്കണം. ആ കഠാര രക്തത്തോടുകൂടി കൊണ്ടുവന്ന് അങ്ങേക്ക് എന്നിലുള്ള പ്രണയാതിരേകത്തിന്റെ ലക്ഷ്യമായി എനിക്കു സമ്മാനിക്കണം. നമ്മുടെ ഇരുവരുടേയും ജീവാവസാനംവരെയും അനന്തരപരമ്പരകളും ആ പുണ്യായുധത്തെ പൂജിക്കുന്നതിനു സംഗതിയാകട്ടെ! ഭയപ്പെടേണ്ടാ. ഞാൻകൂടിഇറങ്ങുന്നു. നമുക്കു ഇരുവൎക്കും പിരിയാം. ഞാൻ പ്രതീകാരം, പ്രണയം എന്നി രണ്ടുദേവിമാരുടെ ദാസിയാണു്. പ്രതീകാരപൂൎത്തി വന്നതിൻമേൽ പ്രണയസാഫല്യം.

അനന്തകൃഷ്ണൻതമ്പി:—സീതേ! പ്രതീകാരാരംഭം പോലും നിവൃത്തിയില്ലാത്തവിധത്തിലാണു് ഞാൻ ഈലോകം വെടിയുവാൻ പോകുന്നതു്.

സീതാലക്ഷ്മി:—ഹാ! കഷ്ടം! ഇതു ഭീരുത്വമല്ലെന്നു ഞാൻ എങ്ങനെ പറയും! അപ്പോൾ എന്റെ പ്രാണേശ്വരനെപ്പററിയുള്ള മതിപ്പു ഒരു നിഷ്ഫലവ്യാമോഹമായിരുന്നുവോ ശ്രീവേലായുധാ!

അനന്തകൃഷ്ണൻതമ്പി:—അതു പറയേണ്ട. ധീരനായി മരിക്കേണ്ടതെങ്ങിനെയെന്നു ഞാൻ നല്ലതുപോലെ പഠിച്ചിട്ടുണ്ടു്.

സീതാലക്ഷ്മി:—അങ്ങിനെ അവിടുന്നു മരിക്കുകയാണെങ്കിൽ കൂടെ വരേണ്ടതെങ്ങിനെയെന്നു ഞാൻ നന്നായി മനസ്സിലാക്കിയിട്ടും ഉണ്ടു്.

അനന്തകൃഷ്ണൻതമ്പി:—എന്നാൽ ഞാൻ പോകുന്നു. നാം തമ്മിൽ ഇനി ഒരിക്കലും കാണുവാൻ ഇടവരികയില്ല.

സീതാലക്ഷ്മി:— അധീരനായി ദുശ്ശകുനവാക്കോടെ പോകാതിരിക്കണം. പടത്തലവനെ വധിച്ചുംവെച്ച് ലോകവിജയിയായി വന്ന് ആർത്തിയോടെ വളരെനാഠം കാത്തിരിക്കുന്ന സീതയുടെ കവിളിൽ—ഞാനും വെറുതെ ഇരിക്കുവാനല്ല പോകുന്നതു്. നമ്മിൽ ആരാണ് ആ സൽകൃത്യം ചെയ്യുന്നതെന്നു നമുക്കിപ്പോഠം അറിയുവാൻ വയ്യ.

അനന്തകൃഷ്ണൻതമ്പി:—സീതയോ! ഒരിക്കലും അവിവേകത്തിൽ ചാടി മരിക്കരുതേ. സ്ത്രീകഠംക്കു ചില മര്യാദകഠം ഉണ്ടു്.

സീതാലക്ഷ്മി:—അക്കാര്യത്തിൽ ഞാൻ സ്ത്രീയല്ലാ, ആശകഠംക്കും ആശയങ്ങഠംക്കും സ്ത്രീപുരുഷഭേദം ഉണ്ടാകുന്നതെങ്ങിനെ? ഞാൻ ഒരിക്കൽ മാത്രമെ സ്ത്രീയാകുന്നുള്ളു. അതു അവിടുന്നുമായുള്ള ബന്ധത്തിൽ മാത്രം. ഇനി താമസിക്കുവാൻ സമയമില്ല.

അനന്തകൃഷ്ണൻതമ്പി:—ഈശ്വരാ! അങ്ങേക്കര കാണുവാൻ വഹിയാത്ത ഒരു അഗാധസമുദ്രത്തിലേക്കാണ് ഞാൻ ഇറങ്ങുന്നതു. സീതേ! എനിക്കു യാത്ര പറയൂ. എന്റെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കൂ.

സീതാലക്ഷ്മി:—എന്റെ പ്രാണസർവ്വസ്വമായ അവിടുന്നു പോയി ജയിച്ചു വന്ന് അവിടുത്തെ സീതയെ ആനന്ദിപ്പിക്കുമെന്നുള്ളതിനു സംശയമില്ല. സർവ്വേശ്വരാ! (രണ്ടുപേരും കൈകൂപ്പുന്നു. അകത്തു മാർജ്ജാരശബ്ദം കേഠംക്കുന്നു)

അനന്തകൃഷ്ണൻതമ്പി—അയ്യോ സീതേ! സകലതും ദുശ്ശകുനം.

സീതാലക്ഷ്മി:—(രൂക്ഷസ്വരത്തിൽ) ധൈര്യത്തോടുകൂടി പോകുവാൻ പറഞ്ഞാൽ—

(അനന്തകൃഷ്ണൻതമ്പി കൈകൂപ്പിക്കൊണ്ടു പോകുന്നു. സീതാലക്ഷ്മി കോപത്തോടെ നോക്കിക്കൊണ്ടു നിൽക്കുന്നു.)

## ഇരുപതാം രംഗം.

---

(അനന്തകൃഷ്ണൻതമ്പിയുടെ ഗൃഹം. കല്യാണിക്കുട്ടി മാതുക്കുറുപ്പിൻെറ കിടക്കയ്ക്കടുത്തു് ഇരിക്കുന്നു.)

മാതുക്കുറുപ്പു്:—(മുറിവിൻെറ നോവു സഹിക്കവഹിയാതെ) തങ്കം നീ വ്യസനിക്കരുതു്. ഞാൻ കിടക്കുന്നതും എനിയ്ക്കു അധികാരമുള്ള സ്ഥലത്താണു്—അയ്യോ! പ്രാണൻ പറിയുന്നേ—അനന്തകൃഷ്ണൻെറ വീടെന്നു ...റഞ്ഞതുകൊണ്ടാണു് ആ പട്ടാളക്കാർ എന്നെ ഇവിടെക്കൊണ്ടാക്കിയതു്. അല്ലെങ്കിൽ ആ രാക്ഷസൻ മുസഫ്ഖാൻ എന്നെ വെട്ടിയ സ്ഥലത്തുകിടന്നുതന്നെ ഞാൻ മരിച്ചുപോകുമായിരുന്നു—വയ്യാ കുഞ്ഞേ! തങ്കം! അവൻ എന്നെ തെററിദ്ധരിച്ചു തിരുവിതാംകൂർപടയെ സഹായിക്കുന്നവനാണെന്നു് അവൻ വിചാരിച്ചു. കുഞ്ഞേ! രാമനാമം ജപിക്കു്. അച്ഛൻ സുഖമായി മരിക്കട്ടെ.

കല്യാണിക്കുട്ടി:—അച്ഛ! എൻെറ പൊന്നച്ഛൻ എന്നേ വിട്ടുപോകരുതു്. എനിക്കു് ആരും തുണയില്ല. എൻെറ അച്ഛൻ എന്നേക്കൂടെ കൊണ്ടുപോകണം.

മാതുക്കുറുപ്പു്:—ഞാൻ പോകട്ടെ. കുഞ്ഞേ ഞാൻ പോകട്ടെ. എൻെറ ശേഷക്കാരൻ—അനന്തകൃഷ്ണൻതമ്പി—കുട്ടപ്പൻ—അവൻ എൻെറ അക്കൻെറ മകനാണു്

കല്യാണിക്കുട്ടി:—(അത്ഭുതവികാരത്തിൽ) അച്ഛ! അച്ഛൻ ബോധക്കേടു സംസാരിക്കുന്നു.

മാതുക്കുറുപ്പു്:—അല്ല കുഞ്ഞേ! നിൻെറ മനസ്സു ചേന്നിരിക്കുന്നതു യോഗ്യനായ ആളിൽതന്നെ. അതിനായിട്ടാണു് നിൻെറ തന്ത്യാൻ ഈ ആപത്തിൽ ചാടിയതും—അയ്യോ! ഞരമ്പു വലിയുന്നേ—എനിക്കു ദാഹിക്കുന്നു.

കല്യാണിക്കുട്ടി:—(വെള്ളംഒഴിച്ചുകൊടുക്കുന്നു)അച്ഛ! അച്ഛ! ഈസ്ഥിതികാണുവാൻഎന്റെഅച്ഛൻ—(കരയുന്നു)

മാതുക്കുറുപ്പു്:—തങ്കം, ഞാൻ ഇനി വരുന്ന സ്ഥിതികൾ ഒക്കെ കണ്ടുകൊള്ളും. യുദ്ധത്തിൽ ആരുജയിച്ചാലും അയ്യോ! ആരുതോററാലും എനിക്കില്ല കുഞ്ഞേ! നിന്നെ കുട്ടപ്പൻ കൈവിടുകയില്ല. മറേറ ബാധ സാരമില്ല, നിസ്സാരമായിപ്പോകും. നിനക്കു ഗുണമേ വരികയുള്ളു. ഞാൻ പോകുന്നു. നിന്റെ അമ്മയോടു പറയണം. രാമ! രാമ! രാമ!

കല്യാണിക്കുട്ടി:—(അച്ഛനേ ചുംബിച്ചു്) അച്ഛ! എന്നെ ഉപേക്ഷിക്കരുതു്. എനിക്കുവേണ്ടി എന്റെ അച്ഛൻ ജീവൻ കളഞ്ഞു. ദേവി! ഞാൻ ഇതു രണ്ടും എങ്ങിനെ താങ്ങും! എന്റെ അച്ഛന്റെ ആയുസ്സൊടുക്കിയതു ഞാൻതന്നെ.

മാതുക്കുറുപ്പു്:—ച്ഛേ! വീൺവാക്കു പറയാതെ. നിന്റെഅച്ഛനു സാധിക്കാത്തതു നീ സാധിച്ചു. നീ കുട്ടപ്പന്റെ രക്ഷയിൽആയി. അയ്യോ! കുറേക്കൂടെ വെള്ളം— കുഞ്ഞേ കുററവും കുറവും കണ്ടാൽ വകവയ്ക്കരുതു്. അവൾ നല്ലവളാണു്. തങ്കക്കുടമാണു്. നിനക്കു വേണ്ടി അവൾ നിന്നുകൊള്ളും. അയ്യോ! വെള്ളം.

കല്യാണിക്കുട്ടി:—(വെള്ളം ഒഴിച്ചുകൊടുക്കുന്നു) ആരച്ഛ!

മാതുക്കുറുപ്പു്:—വേണ്ടാ; അതു നീ അറിയണ്ടാ.ഓമനേ! അനന്തകൃഷ്ണനോടു പറയണം. അവന്റെഅമ്മാവൻ—

കല്യാണിക്കുട്ടി:—അച്ഛ! അടങ്ങിക്കിടക്കണം. അദ്ദേഹം ഇപ്പോൾവരും. അച്ഛൻ വത്തമാനം പറയുന്നതിനു ശ്രമിക്കുന്നതുകൊണ്ടാണു് വേദന കൂടുന്നതു്.

മാതുക്കുറുപ്പു്:—അപ്പമക്കളേ—രാമനാമം—വെള്ളം.

കല്യാണിക്കുട്ടി:—(വെള്ളം ഒഴിച്ചുകൊടുത്തു ചുംബിക്കുന്നു) രാമ! രാമ! രാമ!

UNIVERSITY LIBRARY 20 SEP 1950

## ഇരുപത്തൊന്നാം രംഗം.

(വള്ളിയൂർ മുസഫ്ഖാന്റെ അരമനവാതലിനു മുൻവശമുള്ള സ്ഥലം. അനന്തപത്മനാഭൻ പ്രവേശിക്കുന്നു)

അനന്തപത്മനാഭൻ:—മുസഫ്ഖാന്റെ അരമനവാതൽ അടുക്കാറായി. ആരായിരിക്കാം എന്നെ ഈ രാത്രിയിൽ ഇത്ര തിടുക്കത്തിൽ കാണണമെന്ന് അപേക്ഷിച്ചിരിക്കുന്നതു്? ഇസ്ലാം ശത്രുക്കളുടെ ചതിയായിരിക്കാൻ ഇടയില്ല. മുസഫ്ഖാന്റെ അരമനയും ചുററുമുള്ള സ്ഥലങ്ങളും എന്റെ ഭടന്മാർ കാത്തുനില്ക്കുകയാണെന്ന് അവർക്കറിയാം. എനിക്കു കിട്ടിയ കത്തിന്റെ സ്വരം നോക്കുകയാണെങ്കിൽ ദയനീയമായ ഏതോ ഒരു സങ്കടം അനുഭവിക്കുന്നയാൾ ആണു് അതയച്ചതെന്നു മനസ്സിലാക്കാം. (ആകാശത്തേക്കു നോക്കിയിട്ടു്) ഹാ! ഇന്നത്തെ ചന്ദ്രൻ പരമസുന്ദരനായിത്തന്നെ അരങ്ങത്തിറങ്ങിയിരിക്കുന്നു. മനസ്സിൽ ആർത്തിവളർത്തുന്ന യുദ്ധത്തിനുശേഷം വിജയം വന്നുകഴിയുമ്പോൾ ഈ മാതിരി കാഴ്ചകൾക്കു മാധുര്യം കൂടുന്നതാണു്. എന്നാൽ കള്ളാ! അവിടുന്നുതന്നെയല്ലെ എന്നെ അന്ന് ആ കള്ളിയങ്കാട്ടിൽ വച്ചു സ്വന്തം സഹോദരനെപ്പോലെ സൽക്കരിച്ചതു്! ദാസിയെപ്പോലെ എന്നിൽ വെളുവെളെ പുഞ്ചിരിതൂകിയതു്! അതേസമയം ആ ദുഷ്ടന്മാർ വേലുക്കുറുപ്പുകൂട്ടർക്കു വഴിയും തെളിക്കുക ആയിരുന്നല്ലോ. ഭഗവാനേ! പാർവ്വതിപ്പിള്ളയുടെ ആശ അണഞ്ഞു വീണ്ടും പ്രകാശിച്ച ആ രാത്രി എങ്ങിനെ മറക്കും! സുലേഖ—പത്മനാഭ! ആ നാമധേയം ലോകാവസാനംവരെ അനുഗ്രഹത്തിനൊരലങ്കാരമായി ഭവിക്കട്ടെ! മഹർഷി

ശപരൻ ഹാക്കിമും ബന്ധുക്കളും എന്നെ എടുത്തു കൊണ്ടുപോയി. ആ ദേവിയുടെ കാരുണ്യത്തിന്ന പാത്രമാകയില്ലായിരുന്നെങ്കിൽ തൃപ്പാദം സേവിക്കു ന്നതിനുള്ള ഭാഗധേയം അന്ന രാത്രിതന്നെ നഷ്ടപ്പെട്ടു മായിരുന്നുവല്ലോ. തിരുവിതാംക്കൂർരാജ്യത്തിന്ന് ഇത്ര വലിയ ഉപകാരംചെയ്ത ആ രണ്ടുമൂന്നുപേരെപ്പററി ആരെങ്കിലും ഇപ്പോൾ ഓൎക്കുന്നുണ്ടോ! അതെന്തിന്ന പറയുന്നു! ഞാൻ ഇത്ര നിർഘൃണൻ! അല്ല, ഈ ദാസ്യ ത്തിനിടയിൽ ഞാൻ വേണ്ട അന്വേഷണങ്ങൾ എല്ലാം നടത്തി. ഹാക്കിം രാമനാഥപുരത്തുവച്ചു ചരമം അടഞ്ഞതായും ചേട്ടൻ എവിടെയോ ആദ്യം തന്നെ മറഞ്ഞതായും അറിഞ്ഞു. എന്നാൽ എന്റെ അനുജൻ നസറുദ്ദീനെയും എന്റെ ആരാധനാദേവി സുലേഖയെയുംപററിയുള്ള വിവരങ്ങൾ ഒന്നും അറി യുന്നില്ല. (മുന്നോട്ടുനോക്കിയിട്ട്) അരമനവാതൽ തുറന്നുതന്നെ കിടക്കുന്നു. ആരായിരിക്കും എന്നേ കാണ്മാൻ ആവശ്യപ്പെട്ടതു്! (അരമനമുറിയിൽ മറയുന്നു)

(അരമനയിൽ സുലേഖ നിൽക്കുന്നു.)

സുലേഖ:—ഹൃദയമേ! നീ എന്നെ വഞ്ചിക്കരുതേ. അന ന്തകൃഷ്ണൻതമ്പിക്കുവേണ്ടി ഒരു അപേക്ഷ ചെയ്യുന്ന തിനല്ലായിരുന്നെങ്കിൽ ഞാൻ ഷംസുദ്ദീനെ കാണ്മാൻ ഒരുമ്പെടുകയില്ലായിരുന്നു. ഷംസുദ്ദീൻ! അങ്ങെ ഞാൻ ഒന്നുകൂടി കണ്ടുകൊള്ളട്ടെ. ഇതു് എന്റെ അവസാനകാഴ്ചയായിരിക്കും. പുതുതായി വൎദ്ധിച്ചുകിട്ടുന്ന ഈ സുഖവുംകൊണ്ടു് ഞാൻ എന്റെ ആയുശ്ശിഷ്ടം നയിച്ചുകൊള്ളാം. (അനന്ത പത്മനാഭൻ പ്രവേശിക്കുന്നു.) പ്രഭോ! മഹാൻ പാറു ക്കുട്ടിഅമ്മയ്ക്കു സുഖംതന്നെയല്ലേ?

അനന്തപത്മനാഭൻ:—(സംഭ്രമത്തോടെ) എന്തു്? മനസ്സിലാകുന്നില്ല. ആരാണിചോദിക്കുന്നതു? ആരാണെന്നു പറയണം.

സുലേഖ.—ബഹദൂർ! ചോദിക്കുന്നതാരെങ്കിലും ആയിക്കൊള്ളട്ടെ. ആ ഭാഗ്യവതിക്കു് സുഖമായിരിക്കുവാനല്ലാതെ മാറ്റം ഇല്ലല്ലോ.

അനന്തപത്മനാഭൻ:—ഞാൻ അറിയുന്നില്ല. ഇതു് എൻെറ ചങ്കിൽത്തറയ്ക്കുന്ന സ്വരം ആണെന്നു മാത്രമേ എനിക്കു പ്രജ്ഞയുള്ളൂ. അവിട്ന്നു് ആരാണു്?ആക്കാണു്എന്നെ ഇവിടെ കാണേണ്ടതു്? നേരുപറയണം. ആരാണു്?

സുലേഖ:—ഇസ്ലാംവനിതകൾക്കു വിധിച്ചിട്ടില്ലാത്തവിധം മുഖാച്ഛാദനം ഇല്ലാതെ ഞാൻ അവിടുത്തോടു സംസാരിക്കുന്നു എന്നിരുന്നിട്ടും, സേനാധിപ! അങ്ങെന്നെ അറിയുന്നില്ലേ?

അനന്തപത്മനാഭൻ:—ഞാൻ ഒരു സ്വപ്നം കാണുകയാണു്; കാണുകയായിരുന്നു ഞാൻ ഇതേവരെ മുസഫ്ഖാൻെറ അരമനയിൽ എത്തിക്കഴിഞ്ഞിട്ടില്ലേ?

സുലേഖ:—ദുഃസ്വപ്നഭീതി കുലശേഖരപ്പെരുമാളുടെസേനാധീശ്വരനെ ബാധിക്കുമെന്നാണോ ഇതുകൊണ്ടു ധരിക്കേണ്ടതു്! വിശ്വസിക്കുവാൻ മനസ്സുവരുന്നില്ല.

അനന്തപത്മനാഭൻ:—ബീബീ ക്ഷമിക്കണം. എൻെറ പ്രാണൻരക്ഷിച്ചു് എന്നിൽ ജീവാവസാനംവരെയുള്ള സ്നേഹാദരങ്ങൾ നിറച്ചതായ ഒരു ലോകേശ്വരിയെപ്പററിയുള്ള ചിന്തയ്ക്കധീനനായാണു് ഞാൻ ഈ അരമനയിൽ പ്രവേശിച്ചതു്. അവിടുത്തെ സ്വരം ആ ദേവിയുടെ സ്വരത്തോടു സാദൃശ്യമുള്ളതായിത്തോന്നിപ്പോകുന്നു. എൻെറ മനസ്സിനെ മഥി

ച്ചുകൊണ്ടിരിക്കുന്ന ആ ചിന്തയുടെ ബാധയായിരിക്കണം ഈ നിനവിനു കാരണമെന്നോ ഞാൻ വിചാരിക്കുന്നുള്ളൂ. അതുകൊണ്ടാണ് ദുഃസ്വപ്നം എന്നു പറഞ്ഞതു്, അല്ലാതെ ക്ഷീണവികാരങ്ങൾക്കു വശംവദനാകാതെയാണ് ഇന്നുവരെ തൃപ്പാദം സേവിച്ചിട്ടുള്ളതു്. ഞാൻ ഒരൊററചോദ്യമേ ചോദിക്കുന്നുള്ളൂ. അവിടുന്നു പാറുക്കുട്ടിയെപ്പററി എന്തെങ്കിലും എന്നോടിപ്പോൾ ചോദിച്ചോ? അങ്ങിനെ ചോദിച്ചെങ്കിൽ അതിനുള്ള സംഗതി എന്തായിരിക്കും!

സുലേഖ:—ഷംസുഡീൻ! അതിനെനിക്കു അവകാശവും അധികാരവും ഉള്ളതുകൊണ്ടുതന്നെ.

അനന്തപത്മനാഭൻ:-ദേവീ! അവിടുന്നെൻെറപ്രാണദായിനിയായ ആ മഹാമനസ്വിനിതന്നെയായിരിക്കുമോ? അതേ! അതേ! എൻെറ ഹൃദയത്തിന് ഇത്ര മഹത്തായ ക്ഷോഭം വേറെ ആരുടേയും സാന്നിദ്ധ്യത്തിനോ വാക്കുകൾക്കോ ചേക്കുവാൻ സാദ്ധ്യമല്ല. മഹാൾ! കൃതഘ്നനായ ഷംസുഡിൻെറ അപരാധങ്ങൾ ക്ഷമിച്ചുകൊള്ളണമെ. (അടുത്തുചെല്ലുന്നു.)

സുലേഖ:—(പിൻമാറിനിന്നിട്ടു്) ക്ഷമിക്കു ഷംസുഡീൻ. അവിടുന്നല്ലേ എന്നെ ക്ഷമ അഭ്യസിപ്പിച്ചതു്! ലോലമനസ്കയായ ഒരു സ്ത്രീയുടെ ചാപല്യം അങ്ങേയ്ക്കു ക്ഷമിക്കത്തക്കതല്ലേ?

അനന്തപത്മനാഭൻ:—(ആത്മഗതം) സവേശ്വരാ! ഇതെൻെറ സുലേഖതന്നെ. സവഥാ യോഗ്യനായ വരനോടുകൂടിച്ചേൎന്നു ഈ ശ്രീമതി ജീവിതോത്സവം കൊണ്ടാടുന്നതിൽപരം സന്തോഷം കൊച്ചീരാജ്യം പിടിച്ചാലും എനിക്കുണ്ടാകുന്നതല്ല. (പ്രകാശം) അവിടുത്തെ പ്രിയതമനായ മുസഫ്ഖാനോടാണ് യുദ്ധം ചെയ്യേണ്ടതെന്നു ഞാൻ അറിഞ്ഞിരുന്നെങ്കിൽ—

സുലേഖ:—പാപംചൊരിയുന്ന ആ വാക്കുകൾ ഉപസംഹരിച്ചുകളയൂ ഷംസുദ്ദീൻ. എന്റെപ്രിയവത്സലനായ മുസഫിന്റെ രണ്ടാംമാതാവായി ഞാൻ ഏറിയകാലങ്ങൾപോക്കുന്നു. ദാമ്പത്യം എന്നതു് സ്വശക്തൻ അവിടുത്തെ ദാസവർഗ്ഗത്തിനെല്ലാം ഒന്നുപോലെ അനുഭവിക്കുവാൻ രൂപീകരിച്ചിട്ടുള്ള ഒരു അനുഗ്രഹം അല്ലല്ലോ.

അനന്തപത്മനാഭൻ:—കഷ്ടം! നീചനായ ഞാൻ ഈ ശ്രീമതിയോടു കൊടുതായ ദ്രോഹം പ്രവൎത്തിച്ചു. ഒരു പക്ഷേ, അനന്യസുലഭമായ അന്തൎമ്മാഹാത്മ്യത്തോടുകൂടിയ ഈ ദിവ്യമഹിളാരത്നം പൂൎവകാലസ്മരണകളിൽനിന്നു വിമുക്തയായിട്ടില്ലെന്നു വരുമോ!

സുലേഖ:—ഷംസുദ്ദീൻ! ഹായ്! വീണ്ടും ആ നാമധേയം എന്റെ വകതിരിവില്ലാത്ത നാക്കിൽ ഉദിക്കുന്നു. അതു് അവിടുത്തെ യഥാൎത്ഥനാമധേയം അല്ലല്ലോ.

അനന്തപത്മനാഭൻ:—എനിയ്ക്കു രുചിയ്ക്കുന്നതായി വല്ല നാമവും ഉണ്ടെങ്കിൽ അതു് അവിടുത്തെ രസനാസ്പർശം കൊണ്ടു പുണ്യം നേടിയ ഈ പേരുതന്നെയാണു്. ആ പേർ ചൊല്ലി അവിടുന്നെന്നെ വിളിക്കുന്നതിൽപരം ആനന്ദം എനിയ്ക്കു വേറേയില്ല. ഞാൻ എന്റെ നന്ദികേടിനു് എന്തു സമാധാനമാണു് പറയേണ്ടതു്! നിങ്ങൾ മണക്കാട്ടുനിന്നു പോന്നതിൽപിന്നെ വിശ്രമം എന്നുള്ളതു ഞാൻ അറിഞ്ഞിട്ടില്ല. ഓണത്തിനും വിഷുവിനും ആറാട്ടിനും മാത്രമേ ചെമ്പകശ്ശേരിയിൽ ഒന്നുരണ്ടു ദിവസം തികച്ചു താമസിച്ചിട്ടുള്ളൂ. അതിനിടയിൽ ഒന്നുരണ്ടു തവണ ചെയ്ത അന്വേഷണങ്ങളുടെ ഫലമായി നമ്മുടെ വന്ദ്യപിതാവു സ്വൎഗ്ഗാരോഹണം ചെയ്തെന്നും ചേട്ടനെ കാണ്മാനില്ലെന്നും മനസ്സിലായി. അവിടുത്തോടു മാപ്പു

ചോദിക്കുന്നതിൽ എനിക്കു പരമാത്ഥമായ ലജ്ജയുണ്ടു്. ലോകത്തെ ദുഷിപ്പിക്കുന്ന കൃതഘ്നതയെല്ലാം കൂടിസംഗ്രഹിച്ചുവച്ചിട്ടുള്ള ഒരുഅശ്മഹൃദയമാണെനിക്കുള്ളതു. എന്നാൽ ഈശ്വരതുല്യം ഹൃദയവികാസമുള്ളദേവീ! അവിടുന്നെനിയ്ക്കു മാപ്പുതരണം.

സുലേഖ:--അങ്ങു് ഇങ്ങനെ കഥയില്ലായ്മ ആവത്തിക്കുന്നതെന്തിനു്? ഞങ്ങളുടെ സഞ്ചാരകേന്ദ്രങ്ങൾ അസ്ഥിരങ്ങളും അവിടുത്തെ സങ്കേതം നിശ്ചിതവും ആയിരുന്ന സ്ഥിതിക്കു് ഞങ്ങൾ അങ്ങോട്ടു വന്നു കാണേണ്ടതല്ലായിരുന്നുവോ? ഞങ്ങൾ അല്ലേ ആദ്യവസാനം അവിടുത്തോടു തീരാത്ത അപരാധം പ്രവത്തിച്ചിട്ടുള്ളതു. അവിടുത്തെ മനോമോഹനമായ സ്വാതന്ത്ര്യത്തെ കേവലം സ്വാത്ഥതയുടെ സംതൃപ്തിക്കുവേണ്ടി ഞങ്ങളല്ലെ ഏറിയകാലം ബന്ധിച്ചിരുന്നതു്? (അശ്രുകലുഷങ്ങളായ നയനങ്ങളോടെ) ഷംസുദ്ധീൻ! അങ്ങേ ഒരിക്കൽക്കൂടികാണുവാൻകഴിയുമെന്നു ഞാൻ വിചാരിച്ചില്ല. സവ്വകാലവും, സവ്വകാര്യവിജയവും ജീവിതാനന്ദവുമാണു സവ്വശക്തൻ അങ്ങേയ്ക്കു നൽകിയിട്ടുള്ളതു്. ദൈവത്തിൻെറ ഓമനയായ അങ്ങേയ്ക്കു് ഒരിക്കലും യാതൊരുപദ്രവങ്ങളും നേരിടുന്നതല്ല. എരിയുന്ന ദീപത്തെ കൊതിച്ചിട്ടു് എത്ര ശലഭങ്ങൾ ജീവിതം നഷ്ടപ്പെടുത്തുന്നു! (ആത്മഗതം) ഞാൻ എന്താണു പറഞ്ഞതു്! ഹാ! കുറച്ചിൽ. (പ്രകാശം) ഞാൻ അങ്ങേ കാണണമെന്നാവശ്യപ്പെട്ടതു് ഒന്നാമതല്ല, രണ്ടാംകുവേണ്ടി ഒരു പ്രാത്ഥനചെയ്യുന്നതിനാണു്. തിരുവിതാംകൂർപടയുടെ നേതൃത്വം അങ്ങേയ്ക്കായതുകൊണ്ടു് നവാബിൻെറ യത്നം വിഫലമാകുമെന്നു് എനിക്കു് അറിയാമായിരുന്നു. അങ്ങേ തടവുകാരിയായിത്തീന്നതിൽ എനിക്കു വലുതായ ചാരിതാത്ഥ്യവും പരമാനന്ദവുംഉണ്ടു്. ഒരു കാലത്തു്

അവിടുന്നു ഞങ്ങളുടെ തടവുകാരനായിരുന്നുവല്ലൊ. ഷംസുദ്ധീൻ! ചേതോഹരമായ ആ പ്രഭാതം അതിൻെറ സകലആഡംബരങ്ങളോടുംകൂടി മാഞ്ഞു പോകട്ടെ.

അനന്തപത്മനാഭൻ:—(മുന്നോട്ടു നീങ്ങി സുലേഖയുടെ കരങ്ങൾ ഗ്രഹിക്കുന്നതിനു് ഒരുമ്പെടുന്നു. സുലേഖ പിൻമാറുന്നു) ഈ വാക്കുകൾകൊണ്ടു് അവിടുത്തെ ദാസനിൽ ശേഷിക്കുന്ന പൌരുഷത്തെ നശിപ്പിക്കരുതേ. ചെയ്തുപോയ മഹാപരാധത്തിനു ഞാൻ എങ്ങിനെയാണു് നിവൃത്തിമാൎഗ്ഗം കാണുന്നതു! ഞാൻ അവിടുത്തെ തടവുകാരനായിരുന്നു എന്നോ? ഈശ്വരാ! രാജയോഗ്യമായ ആ ജീവിതത്തിൽ,അടിമയും അനാഥനും ആയ എന്നെ, വാത്സല്യത്തോടെ പുലൎത്തിയ വന്ദ്യശ്രീമതി! ഞാൻ ചെയ്യേണ്ടതെന്തെന്നു കല്പിക്കണം. മുസഫ്ഖാനെയും മററും തടവുകാരായി തിരുവനന്തപുരത്തേക്കുകൊണ്ടുപോകണമെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. ഇനി അവിടുത്തെ അഭീഷ്ടം അക്ഷരംപ്രതി അനുഷ്ഠിക്കുന്നതിനാണു് ഞാൻ ഇവിടെ നിൽക്കുന്നതു്.

സുലേഖ:—(ഏതോ ശബ്ദം കേട്ടിട്ടു്) ആരാണതു്! ആരോ വെളിയിൽ നടക്കുന്നതായിത്തോന്നുന്നുവല്ലോ. (ഒരുവശത്തേക്കു നടന്നു വെളിയിലേക്കു നോക്കി തിരിച്ചുവന്നു്) ആരോ കടന്നുപോകുന്നു.സാരമില്ല.അപ്പോൾ ഷംസുദ്ധീൻ എന്താണു് പറഞ്ഞതു്? എന്തെങ്കിലുമാകട്ടെ. അനന്തകൃഷ്ണൻതമ്പിയെ അറിയുമോ?

അനന്തപത്മനാഭൻ:—അറിയും. കുഞ്ചുത്തമ്പിമാരുടെ അമ്മാവൻ കൃഷ്ണൻ തമ്പിയുടെമകൻ. പൌരുഷമുള്ള യുവാവു്.

സുലേഖ:—ആ യുവാവിന് ഒരു പാറുക്കുട്ടിയമ്മയുള്ളതു് ഷംസുദ്ധീനു് അറിയുവാൻ കഴിഞ്ഞിട്ടില്ല.

അനന്തപത്മനാഭൻ:—കുടമൺവക — സീതാലക്ഷ്മിക്കുഞ്ഞമ്മ. ആ യുവതിയും തമ്പിയും തമ്മിലുള്ള ബന്ധം എനിക്കറിയാവുന്നതുകൊണ്ടാണു് തമ്പി ഇപ്പോഴും സ്വതന്ത്രനായി നടക്കുന്നതു്.

സുലേഖ:—ഷംസുദ്ധീൻെറ ദിവ്യനേത്രങ്ങൾ ദർശിക്കാത്ത കാൎയ്യം സൂൎയ്യഗോളത്തിനു താഴെ ഉണ്ടെന്നു പ്രമാദിച്ചു പോയതിൽ ക്ഷമിക്കണം. അവരുടെ ചേർച്ചയ്ക്കു യാതൊരു തടസ്സവും ഉണ്ടാകരുതെന്നു് അപേക്ഷിക്കുവാൻ മാത്രമാണു് അവിടുത്തെ ഇങ്ങോട്ടു വരുത്തിയതു്.

അനന്തപത്മനാഭൻ:—ആ മംഗളകൎമ്മം നടത്തിക്കുകയാണു് എൻെറ ഇവിടുത്തെ ഇനിയുള്ള ജോലി.

സുലേഖ:—വിവാഹത്തിനുമുമ്പേ കാമിനീകാമുകന്മാർ എത്രമാത്രം ഉൽക്കണ്ഠാപരവശരായിരിക്കുമെന്നുള്ള കാൎയ്യം പാറുക്കുട്ടിയമ്മയുടെ പ്രിയതമൻ മറന്നു പോയെന്നാണു ഞാൻ വിചാരിച്ചതു്.

അനന്തപത്മനാഭൻ:—യാതൊന്നും മറന്നിട്ടില്ല. മറക്കുവാൻ ശക്തിയുമില്ല. എന്നാൽ ദൈവഹിതം മറിച്ചാണെങ്കിൽ ഓൎമ്മകൊണ്ടുമാത്രം യാതൊരു പ്രയോജനവും ഇല്ലല്ലോ.

സുലേഖ:—(ആത്മഗതം) അതേ, ഷംസുദ്ധീൻ! അങ്ങേ ഞാൻ ഒരിക്കലും കുററപ്പെടുത്തിയിട്ടില്ല. അങ്ങേ എൻെറ പ്രണയഭാജനമാക്കി വരിച്ചതിൽ കുററക്കാരി ഞാൻ ആണു്. സൎവ്വസൽഗുണസമ്പൂൎണ്ണനായ അങ്ങല്ല. എൻെറ ഭാഗ്യവൈപരീത്യം മാത്രമാണു് അങ്ങേ ധൎമ്മസങ്കടത്തിലേക്കു നയിച്ചതു്. ഏതായാലും സംഭാഷണത്തേ ഈ ഗതിയിൽനിന്നു മാററേ

ണ്ടിയിരിക്കുന്നു. (പ്രകാശം) ദൈവഹിതം മറിച്ചാണെന്നു പറഞ്ഞതുകൊണ്ടു വീണ്ടും ചോദിച്ചുപോവുകയാണ്. തമ്പി ആ കുട്ടിയെ പരിഗ്രഹിക്കുന്നതിൽ വല്ല ദൈവപ്രാതികൂല്യവും ഉണ്ടോ?

അനന്തപത്മനാഭൻ:—ഞാൻ അക്കാര്യമല്ലാ പറഞ്ഞതു്. (ആത്മഗതം) സൽഗുണസർവ്വസ്വമായ സുലേഖേ! വീൺവാക്കുച്ചരിച്ചുപോയതിൽ എന്നെ ഭത്സിക്കുന്നതു നിവൃത്തണമേ.

സുലേഖ:—(ആത്മഗതം) ഷംസുഡീനുമായി പിരിയുന്നതിനു ഞാൻ യാതൊരു മാർഗ്ഗവും കാണുന്നില്ലല്ലോ. എന്നാൽ ഈ സന്ദർശനം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. (പ്രകാശം) ഷംസുഡീൻ! നേരം അകാലമാകുന്നു. നമുക്കു് ഇനിപ്പിരിയാം. എനിക്കു ഷംസുഡീനോടു് ഇത്രമാത്രമേ പറയുവാനുള്ളു.

അനന്തപത്മനാഭൻ:—പാറുക്കുട്ടിക്കു് അവളുടെ പ്രാണദായിനിയേ വല്ല കാര്യവും ഉണർത്തിക്കണമെന്നുവച്ചാൽ അതിനുള്ള മാർഗ്ഗംകൂടി എന്നോടു പറഞ്ഞയക്കേണമേ.

സുലേഖ:—ദൈവസന്നിധിയിൽ എന്നു മാത്രം എന്റെ സഹോദരിയെ അറിയിച്ചേക്കണം. ആ ഭാഗ്യവതിയുടെ സുഖത്തിനു വേണ്ടി പ്രതിദിനം അഞ്ചുപ്രാവശ്യം സുലേഖ പ്രാർത്ഥിക്കുന്നുണ്ടെന്നും, ഷംസുഡീൻ! അങ്ങു പറഞ്ഞേക്കണം. ആ പ്രണയവതിയുടെ പരമാനന്ദത്തേപ്പററിയുള്ള ബോധം മാത്രമേ നിർഭാഗ്യയായ സുലേഖ സ്വന്തം സുഖത്തിനുവേണ്ടി തിരുവിതാംകൂറിൽ നിന്നു കൊണ്ടുപോന്നിട്ടുള്ളു. ഷംസുഡീൻ! ധീരനും കോമളനും സുശീലനും പുരുഷരത്നവുമായ ഷംസുഡീൻ! അങ്ങേയ്ക്കു സകലമംഗളങ്ങളും ജഗന്നിയന്താവു് നൽകുമാറാകട്ടെ! (മറയുന്നു. അനന്തപത്മനാഭൻ നിശ്ചലനായി നിൽക്കുന്നു.)

## ഇരുപത്തിരണ്ടാം രംഗം.

(അനന്തപത്മനാഭന്റെ ശയനമുറി. ഒരു മങ്ങിയ നിലവിളക്കിരുന്നെരിയുന്നു. സീതാലക്ഷ്മി വസ്ത്രമുത്തുമ്പുകൾ ഒരു കൈകൊണ്ടമത്തി മറേറക്കയ്യിൽ കുന്തവും ഉയത്തി ശബ്ദം കേൾപ്പിക്കാതെ, അനന്തപത്മനാഭൻ ഉറങ്ങിക്കിടക്കുന്ന മഞ്ചത്തോടടുത്തു് മുഖത്തു സൂക്ഷിച്ചുനോക്കുന്നു. പിതൃക്കളെ ധ്യാനിച്ചു് കുന്തം താഴ്ത്തുന്നു. അനന്തപത്മനാഭൻ ആ കയ്യും പിടിച്ചിട്ടുയരുന്നു)

അനന്തപത്മനാഭൻ:—(ആശ്ചര്യഭാവത്തിൽ)അല്ലാ ഇതാരാണു്? അമ്മാവനേക്കാണ്മാൻ ഈ രാത്രിയിൽ കയറിവന്നിരിക്കുന്നതു് കുടമണ്ണേ കൊച്ചുകുഞ്ഞമ്മതന്നെയല്ലേ? സീതാലക്ഷ്മിക്കുഞ്ഞമ്മ! ഉമയമ്മപ്പിള്ളയുടെ മകൾ. കുറുപ്പുചേട്ടന്റെ സന്താനം. ഇങ്ങിരിക്കണം. ഈപോരും വട്ടവുംകഴിഞ്ഞു്അമ്മാവനങ്ങോട്ടുവരുവാൻസമയം നോക്കുകയായിരുന്നല്ലോ. അതിനുമുമ്പുതന്നെ കൊച്ചനന്തിരവൾ ഇങ്ങെത്തിക്കഴിഞ്ഞു. ഇവിടെയിരിക്കണം. അമ്മാവന്റെ മടിയിൽ ഇരിക്കുവാൻ അവകാശമുണ്ടു്.

സീതാലക്ഷ്മി:—(കോപനിരാശകളോടെ) അവകാശമോ? അങ്ങേക്കെന്തവകാശമാണുള്ളതു്? കുടമൺകുടുംബത്തോടുതന്നേയല്ലാ ഈ വർഗ്ഗത്തോടുതന്നെ കുലദ്രോഹിയായ അവിടുത്തേക്കെന്തവകാശം? മധുരവാക്കുകൾകൊണ്ടു് നിർല്ലജ്ജം ചെയ്ത മഹാപരാധം മറയ്ക്കാമെന്നോ ധിക്കാരം?

അനന്തപത്മനാഭൻ:—(മന്ദസ്മിതത്തോടുകൂടി)കുടുംബസ്വത്തായ വലിയ കോപച്ചുമടുംകൊണ്ടാണെന്നുതോന്നുന്നു അമ്മാവനേക്കാണ്മാൻ വന്നിരിക്കുന്നതു്.

സീതാലക്ഷ്മി:—നിങ്ങളേ ഞാൻ കാഴ്ചയുമായി കാണുവാൻ വരുകയോ? ഈശ്വര! കഴുകിൽ മരിച്ചാലും തൊറയിൽ മരിച്ചാലും കുടമണ്ണുകാക്കു അങ്ങനെ ഒരു ദുഷ്കീർത്തി ഉണ്ടാകാതിരിക്കട്ടെ. കുടുംബസ്വത്തായ കോപം എന്നോ നിങ്ങൾ പറയുന്നതു്? ഞങ്ങളുടെ കുടുംബത്തിനു വേറെ സ്വത്താണുണ്ടായിരുന്നതും ഉള്ളതും. ശരി ശരി. ഒരുപക്ഷെ പടത്തലവൻ! നിങ്ങൾ കോപിഷ്ഠനായ അമ്മാവനേ വകവരുത്തിയ വീര്യം ഘോഷിക്കുകയായിരിക്കും., ആ കയ്യുക്കു കിട്ടിയ പൊൻവളയും നിങ്ങൾ എന്നേ കാണിച്ചേക്കും. എന്തുചെയ്യാം! ഈശ്വരഹിതം മറിച്ചു നിൾക്കുന്നല്ലോ. അല്ലെങ്കിൽ ഇന്നുരാത്രി ഈ മഹാവീരൻെറ രക്തപാനംകൊണ്ടു് എൻെറ പിതൃക്കൾക്കു ദാഹശാന്തിവരുത്താമായിരുന്നു. വിടണം; ഞാൻപോകട്ടെ. (കൈ ബലമായി വലിച്ചെടുക്കുവാൻ ശ്രമിക്കുന്നു.)

അനന്തപത്മനാഭൻ:—അരുതു്. നാളെ രണ്ടു വജ്രവളകൾ ഇടണമെന്നു് അമ്മാവൻ വിചാരിക്കുന്ന ഈ കൈകൾക്കു് ഈ പരുപരുത്ത ആയുധം തീരെ ചേരുന്നില്ല. ദൂരെക്കളയണം. (ആയുധം ദൂരെയെറിയുന്നു) ആരോ തെററിധരിപ്പിച്ചു. കൊച്ചുകുഞ്ഞമ്മയെ ആരോ കള്ളക്കഥകൾകൊണ്ടിളക്കി.

സീതാലക്ഷ്മി:—അതു ദൂരെത്തെറിച്ചുപോകട്ടെ. ഈശ്വരമതം മറിച്ചാണെന്നു കണ്ടതുകൊണ്ടു് ഞാൻ വൃഥാശ്രമം ചെയ്യുന്നില്ല. ആരോ കള്ളക്കഥകൾപറഞ്ഞു് എന്നേ തെററിദ്ധരിപ്പിച്ചെന്നോ! കഷ്ടം! ഇത്ര പ്രായമായി. ഈ വലിയ സ്ഥിതിയുമായി ഇനിയും വ്യാജനാട്യങ്ങൾ കൈവിടുവാൻ ധൈര്യമില്ലല്ലോ. തെററിധരിപ്പിച്ചെന്നോ? നാടടക്കി ഭരിച്ചിരുന്ന അഷ്ടഗൃഹസ്ഥാനികളെ നിങ്ങൾ തന്നേയല്ലേ, ഹേ! വകതിരുവില്ലാത്ത താപ്പാനയെപ്പോലെ ചതിച്ചും ഒളിച്ചും

അരിഞ്ഞുവീഴ്ത്തിയതു്! തെററിദ്ധാരണ ഇവിടെയല്ല, അവിടെയാണു്. ഈ കുലദ്രോഹം, ആത്മദ്രോഹം, ഘാതകകൃത്യം, ചണ്ഡാലവൃത്തി, ശ്വാനഭാവം, ആരും അറിയുകയില്ലെന്നുവ്യാമോഹിച്ച നിങ്ങൾതന്നെയാണു് ദയനീയമായ തെററിദ്ധാരണയ്ക്കു് അടിപെട്ടിട്ടുള്ളതു്. എൻെറ അമ്മാവനെ കൊന്നതുകൊണ്ടുമാത്രം ഞാൻ ഇതു പറയുന്നെന്നു നിങ്ങൾ വിചാരിക്കരുതു്. അവിടുന്നു അവരുടെ നട്ടുനായകം ആയിരുന്നെങ്കിലും ഈശ്വരദത്തമായസ്വാതന്ത്ര്യവും രാജസ്ഥാനവും പുലത്തുവാൻ അഷ്ടഗൃഹസ്ഥാനികൾ പലരും ഉണ്ടായിരുന്നു. ദുഷ്ടാ! നീചമായ രാജസേവകൊണ്ടു് അന്ധമായിരിക്കുന്ന നിങ്ങളുടെ മനസ്സു് കാലവൈപരീത്യത്തിൽ ഉണരുമ്പോൾ അടച്ചുകയറുന്ന പശ്ചാത്താപം നിങ്ങളെ യുഗാന്തരങ്ങളിലും പിന്തുടരുന്നതാണു്. അങ്ങേ രാത്രികൾ കാളരാത്രികളായി ഭവിക്കും അങ്ങേ ഭക്ഷണം വിഷമായിത്തീരും. ബന്ധുക്കൾ യമദൂതന്മാരേപ്പോലെ ഭീഷണാകാരന്മാരായി നിങ്ങളുടെ ആയുസ്സിലെ ഓരോനിമിഷത്തേയും അസഹ്യമാക്കിത്തീക്കും. അന്ധഘാതകനായ നിങ്ങൾക്കു ജീവിതസുഖം ഒരുകാലത്തും ലഭിക്കുന്നതുമല്ല. വിടു എന്നേ! നിങ്ങളുടെ സാന്നിദ്ധ്യംകൊണ്ടു എനിക്കുതട്ടുന്ന മാലിന്യം സഹിക്കുന്നതിനു വഴി കാണുന്നില്ല.

അനന്തപത്മനാഭൻ:— (ആത്മഗതം) വീരകന്യകേ! നിൻെറ ഭാഷണം മതിയാക്കുക. ഇവളുടെ ഘോരശാപങ്ങൾ എൻെറ അന്തന്നാളം എരിക്കുന്നു.

സീതാലക്ഷ്മി:— എന്താണഹേ! നിങ്ങൾ പടിഞ്ഞാറൻ മലകളിലെ ശിലാഖണ്ഡങ്ങൾപോലെ മൂകനായിരിക്കുന്നതു്? ഇപ്പോൾതോന്നുന്ന പശ്ചാത്താപം സാര

മില്ല. നരകമഹാജ്വാലയും കൊട്ടുംതണുപ്പായിത്തോന്നുന്ന് ഉഗ്രതീവ്രശിക്ഷ ക്രമേണ വരുവാൻ ഇരിക്കുന്നതേയുള്ളൂ.

അനന്തപത്മനാഭൻ:—വല്ലായ്മ വല്ലതും ചെയ്യുകിൽ മാത്രമെ ശിക്ഷയെ ഭയപ്പെടുവാനുള്ളൂ കുഞ്ഞമ്മേ! ശിക്ഷയെ അർഹിക്കുന്നവൻ അതു നല്ലതുപോലെ വാങ്ങിക്കഴിഞ്ഞു.

സീതാലക്ഷ്മി:—ഇതു കേൾക്കുമ്പോഴാണ് ഈശ്വരന്റെ ചതിയേയും ആ കിടക്കുന്ന ആയുധത്തിന്റെ ഭീരുത്വത്തേയുംകുറിച്ചു ഓർമ്മിച്ചുപോകുന്നത്. എന്താണ് പടത്തലവൻ നിങ്ങൾ പറഞ്ഞത്? ശിക്ഷയെ അർഹിക്കുന്നവരെന്നോ? ഒരു രാഷ്ട്രം മുഴുവൻ—ലോകത്തിനു തിലകമായിരുന്ന ഒരു രമണീയഭൂഭാഗം മുഴുവൻ— അന്ധകാരമയമായ ദാസ്യഗർത്തത്തിലേക്കു കാൽകൊണ്ടുതട്ടിയിട്ട മഹാപാപി! ഏതു തീർത്ഥത്തിനു നിങ്ങളുടെ ഈ ഘോരപാതകം കഴുകിക്കളയുവാൻ ശക്തിയുണ്ടാകും! ഏതു കാവ്യത്തിനു നിങ്ങളുടെ ഈശ്വാനവൃത്തികൾ മറയ്ക്കുവാൻ കഴിയും! ഏതു ജനപരമ്പരയ്ക്കു നിങ്ങളോടു ക്ഷമിക്കുവാൻ തക്ക ക്ഷീണബുദ്ധിയുണ്ടാകും!

അനന്തപത്മനാഭൻ:—കുഞ്ഞേ! യാതൊരു രാജ്യത്തിലും യാതൊരുകാലത്തും സ്വാതന്ത്ര്യം എന്നതു പൊതുവിൽ എല്ലാവരുടേയും സ്വത്തായിരുന്നിട്ടില്ല. അധികാരം എന്നതു എല്ലാവർക്കും യഥേഷ്ടം എടുത്താടാവുന്നതായ ഒരു കേളീകന്ദുകവുമായിരുന്നിട്ടില്ല. ജനദ്രോഹകരങ്ങളായ ബഹുവിധാധിപത്യങ്ങളെ നശിപ്പിച്ച് ജനക്ഷേമകരമായ ഏകാധിപത്യം സ്ഥാപിൻ

ക്കുന്നതിനാണു് ഞാൻ ഉദ്യമിച്ചിട്ടുള്ളതു്. അതു് അത്യന്തം പുണ്യപ്രദമായ ഒരു കൃത്യമാണെന്നു് എനിക്കു പരിപൂൎണ്ണവിശ്വാസവും ഉണ്ടു്.

സീതാലക്ഷ്മി:—(പുച്ഛരസത്തിൽ) പണ്ഡിതാഗ്രേസരാ! അങ്ങേ ലോകവിജ്ഞാനം അത്യത്ഭുതകരംതന്നെ! സംശയമില്ല. പരസ്പരനിയന്ത്രണത്തോടുകൂടിയബഹുവിധാധിപത്യത്തേക്കാൾ നന്നായിരിക്കുമോ ഹേ! അനിയന്ത്രിതമായ ഏകാധിപത്യം! ആകട്ടെ. ആകട്ടെ. മാതൃഹന്താവിനും സ്വപ്രവൃത്തിയെപ്പിന്താങ്ങുന്നതിനു ന്യായങ്ങൾ തോന്നുന്നതാണല്ലോ. നിങ്ങൾ ഒരു കാൎയ്യം ഓൎക്കണം. കൂലിക്കു ചാവാൻവന്ന പരദേശപ്പടയോടൊ, സേവകൊണ്ടല്ലാതെ ജീവിതോപായം നിൎവ്വഹിക്കുവാൻ കഴിവില്ലാത്തമററു് ആലോചനക്കാരോടൊ എനിക്കാകട്ടെ ഇനി ഉദിക്കുവാൻ പോകുന്നവൎക്കാകട്ടെതെല്ലെങ്കിലും കാലുഷ്യം തോന്നുന്നതല്ല. എന്നാൽ അന്ധരായി, മുൻപിൽ വിചാരഹീനരായി,സാഹസികരായി സ്വന്തം ഭരദേവതയെ വലിച്ചുതാഴ്ത്തി സ്വന്തം അധഃപതനത്തിനു ചവിട്ടുകല്ലാക്കിത്തീൎത്ത നിങ്ങളെപ്പോലെയുള്ളവർ ഭൂമുഖത്തിൽ ഒരൊററ നിമേഷം ജീവിച്ചിരിക്കുന്നതിനു യോഗ്യന്മാരല്ല. നിങ്ങളേനേരിട്ടോചതിച്ചോഒളിച്ചോതെളിഞ്ഞോ കൊല്ലുന്നതു് ഏററവും മഹനീയമായ ഒരു സൽകൃത്യമാണു്. ഞാനു അതിന്നായി ശ്രമിച്ചു. പക്ഷേ ലോകത്തിൻെറ വ്യതിയാനങ്ങൾ കൊണ്ടു് ഏതോ അപ്രമേയകാൎയ്യം സാധിക്കേണ്ട ആവാതുറക്കാത്ത ദുൎവ്വിധി നിങ്ങളേ പിന്നേയും രക്ഷാഹസ്തംനീട്ടി അനുഗ്രഹിക്കുന്നു. അതുകൊണ്ടു് ഞങ്ങളുടെ ശ്രമങ്ങൾ വിഫലങ്ങളാകുന്നു. ക്ഷമിച്ചും സഹിച്ചും ഇരുന്നുകൊള്ളാം.

അനന്തപത്മനാഭൻ:—(ചിരിച്ചിട്ട്) അങ്ങിനെയെങ്കിലും, കുഞ്ഞമ്മേ! നാംതമ്മിൽ ഒരു രാജിയുണ്ടായല്ലോ, അതുമതി. ഇനി ഈ ഭദ്രകാളിവേഷം അഴിച്ചുവച്ചിട്ടു ഈ കട്ടിലിൽ ഒന്നിരുന്ന് നമുക്കുരണ്ടുപേക്കും അല്പം ലോഹ്യം സംസാരിക്കാം. അമ്മയ്ക്കും അച്ഛനുംമററും സുഖമായിരിക്കുന്നോ?

സീതാലക്ഷ്മി:—(ആക്ഷേപസ്വരത്തിൽ) നാം തമ്മിൽ രാജിയോ? നാം തമ്മിൽ സമത്വമോ? ഒരുപക്ഷേ നിങ്ങൾ വിഭ്രമിക്കുന്നുണ്ടായിരിക്കാം—എൻെറവംശഭാസ്കരന്മാർ ലോകരുടെആക്ഷേപങ്ങൾക്കു പാത്രങ്ങളായി നീചമായ മരണത്തിൽ അകപ്പെട്ടു നശിച്ചുപോയെന്നും, നിങ്ങളുംമററും സൎവവിജയികളായി ലോകത്തിൻെറ ശാശ്വതപൂജയെ അർഹിച്ചു നിതാന്തയശോരാശിയിൽ മുഴുകുന്നെന്നും. ഇതുപോലെ വേറെഒരബദ്ധമില്ല. എൻെറ പൂൎവികരുടെപേരുകൾ അനന്തമായ അനന്തരജനപരമ്പരകളാൽ ഭക്ത്യാദരസമന്വിതം കീൎത്തിക്കപ്പെട്ടുമ്പോൾ, ഹേ! ഉഗ്രപ്രതാപശാലിയായപടത്തലവൻ! അങ്ങേനാമധേയം ഒരു നീചനംചനായ കുലദ്രോഹിയുടേതായി ലോകാവസാനംവരെ വ്യവഹരിക്കപ്പെടുന്നതാണ്. അങ്ങേ പേർ കേൾക്കുമ്പോൾ ലജ്ജാപാരവശ്യത്തോടുകൂടി തലതാഴ്ത്താത്തവരായി ആരും ഈ വൎഗ്ഗത്തിൽ ഉണ്ടാകുന്നതല്ല. ഈ മഹനീയവൎഗ്ഗത്തിനു ജന്മസിദ്ധമായുണ്ടായിരുന്ന സ്വാതന്ത്ര്യസമ്പത്തിനെ സപ്തസാഗരങ്ങളുടെ ആഴത്തിലേക്കു വലിച്ചെറിഞ്ഞ മഹാദ്രോഹി എന്നായിരിക്കും അങ്ങേക്കു കിട്ടുന്ന മാറാപ്പേര്. ധൈൎയ്യവീൎയ്യശൌൎയ്യങ്ങളുടെ മണിനിലയനങ്ങളായി എൻെറ പൂൎവികന്മാർ സകലമാനപേരുടേയും ഹൃദയവേദിയിൽ പ്രതിഷ്ഠിക്കപ്പെടുന്നതാണ്. ഇതുതന്നെ

യാണു് അങ്ങേയ്ക്കുകിട്ടുന്ന ശിക്ഷയും ഞങ്ങൾക്കു കിട്ടുന്നസമ്മാനവും. എന്തിനുമുഖംവക്രിപ്പിക്കുന്നു! ഞാൻ പറഞ്ഞുതീരട്ടെ. ദ്രോഹി! മനുഷ്യവർഗ്ഗത്തിൽ ആർക്കും കാണാത്ത ബുദ്ധിശൂന്യത ആഭരണംപോലെ പ്രതാപത്തിനായി അണിഞ്ഞിരിക്കുന്ന നേതാവേ! നിങ്ങളെ ഞാനല്ല, മനുഷ്യരാരുമല്ല, കാലം — സത്യവേദിയായ ആ സത്വം — യഥായോഗ്യം ശിക്ഷിച്ചുകൊള്ളും. ഞാൻ അജ്ഞയായി കാര്യഗ്രഹണമില്ലാതെ എന്തൊക്കെയോ ചില നിസ്സാരകാര്യങ്ങൾ ചെയ്തു് നിങ്ങൾക്കു് കിട്ടുവാൻപോകുന്ന ഘോരദണ്ഡനത്തെ പരിഹരിക്കുവാൻ യത്നിച്ചു. അബദ്ധം സർവ്വാബദ്ധം! അപ്രകാരമുള്ള കാരുണ്യരക്ഷ ഏല്ക്കുന്നതിനല്ല ന്യായമൂർത്തിയായ ലോകധർമ്മം നിങ്ങളുടെ തലയിൽ വരച്ചിട്ടുള്ളതു്. എന്റെ ഉദ്യമം ഇന്നു സഫലമായിരുന്നെങ്കിൽ വാതുറന്നു നിൽക്കുന്ന ആ ദുര്യശസ്സാകുന്ന മഹാസർപ്പത്തിൽനിന്നു നിങ്ങൾ ഒരു പക്ഷേ അല്പം ഒന്നു മാറിപ്പോവുമായിരുന്നു. ഭാഗ്യവശാൽ അതു നടന്നില്ല. ദുർവ്വിധി നിങ്ങളുടെ തലയിൽ പർവ്വതസമാനം ചുമത്തിയിരിക്കുന്ന മഹാഭാരം അനുനിമിഷം വർദ്ധിക്കുകതന്നെ വേണം. ഞാൻ അതു മാററാമെന്നു വിചാരിച്ചതുതന്നെ അബദ്ധം.

അനന്തപത്മനാഭൻ:— യാതൊരബദ്ധവുമില്ല ഇന്നു നടന്ന കാര്യങ്ങളെല്ലാം ഞാൻ മറന്നിരിക്കുന്നു.

സീതാലക്ഷ്മി:— (ആക്ഷേപസ്വരത്തിൽ) ഹായ്! അതങ്ങോർമ്മിച്ചുപോകുന്നെങ്കിൽ ഇവിടെ വലിയ ഭയവും തന്നെ! കഷ്ടം! നിർഭയശീലം എന്തെന്നറിയുവാൻ പോലും സാധുവേ! അങ്ങേക്കു കരുത്തില്ലാതായിപ്പോയല്ലോ. നിരന്തരദാസ്യവും അടികാണാത്ത മൌഢ്യവും അങ്ങേ കുലഭ്രഷ്ടൻ തന്നെ ആക്കിക്കളഞ്ഞിരി

കുന്നു. അങ്ങേ വൎഗ്ഗത്തിന്റെ ഏകലക്ഷണമായ ഭയഹീനതയുടെ സാക്ഷാൽ സ്വരൂപം ഗ്രഹിക്കുന്നതിനു പോലും അങ്ങേക്കു ശക്തിയില്ലാതായിപ്പോയല്ലോ! ഇതിലധികം ശിക്ഷ ജഗന്നിയന്താവു് അങ്ങേക്കെന്താണു തരുവാൻ ഉള്ളതു്! ദയനീയം! ദയനീയം! എന്താണു പറഞ്ഞതു്? ഇന്നു നടന്ന കാൎയ്യങ്ങൾ മറന്നിരിക്കുന്നുവെന്നോ? അതല്ലാ മറക്കുന്നില്ലെങ്കിൽ വരുവാനുള്ളതു് (ദൂരെ കിടക്കുന്ന കുന്തം എടുത്തിട്ടു്) മറക്കുന്നില്ലെങ്കിൽ വരുവാനുള്ളതു് എന്റെ ജീവനാശം തന്നെല്ലോ. (കുന്തംനീട്ടീട്ടു്) ഇതാ വാങ്ങി ഇപ്പോൾ തന്നെ ആ ഓൎമ്മയെ ഫലവത്താക്കികൊള്ളണം. കണ്ണുതുറന്നുനിന്നു് നിങ്ങളുടെ ഭീരുത്വത്തെ ഉച്ചത്തിൽ ഭത്സിച്ചു്, കുത്തേൽക്കുകയില്ലെ എന്നൊന്നു പരീക്ഷിക്കണം. അന്ധദാസ്യംകൊണ്ടു ഉറഞ്ഞു തണുത്തുപോയ കുലമാഹാത്മ്യത്തിനു വല്ല ചൂടും ശേഷിച്ചിട്ടുണ്ടെങ്കിൽ അങ്ങിനെ ചെയ്യണം. വാങ്ങണം ഈ ആയുധം. ഭീരുവായി എന്തിനെന്നേ നോക്കിനിൽക്കുന്നു!

അനന്തപത്മനാഭൻ:— (ക്ഷീണസ്വരത്തിൽ) കുഞ്ഞേ! ഇതിലധികം എന്നെ വിഷമിപ്പിക്കരുതു്. ഈശ്വരന്റെ ഹിതം മാത്രമേ ഞാൻ അനുഷ്ഠിച്ചുള്ളു നമുക്കു തമ്മിൽ ആൎക്കാണു തെററുപററിയതെന്നു കാലം കാണിച്ചുതരും.

സീതാലക്ഷ്മി:— കാണിച്ചുതരും. തീരെ സംശയിക്കേണ്ടാ. ഞാൻ ഇവിടെ വച്ചുതന്നെ ഭീരുവായ ഈ ആയുധത്തിനു് എന്റെ ജീവൻ ബലികഴിക്കുമായിരുന്നു. എന്നാൽ ഒരാൾക്കുവേണ്ടി എന്നെ എനിക്കു സൂക്ഷിക്കേണ്ടതായുണ്ടു. ജയിച്ചുകൊള്ളു. നാടുവാണുകൊള്ളു. പ്രതാപശാലിയായി സുഖിച്ചുകൊള്ളു. എന്റെ ജീവിതവ്രതം ഇതോടെ അവസാനിച്ചിരി

കുന്നു. (കൈകൂപ്പിയിട്ട്) പിതൃക്കളേ! സിംഹപരാക്രമന്മാരായ നങ്ങളുടെ ആജ്ഞ ഞാൻ നിർവഹിച്ചിരിക്കുന്നു. ചതിയിൽ വധിക്കപ്പെട്ട നിങ്ങൾക്ക് ഈ നീചനോട് പറയുവാൻ സാധിക്കാതിരുന്ന കാര്യങ്ങൾ ഞാൻ ഇതാ തുറന്നു പറഞ്ഞിരിക്കുന്നു. കുലദ്രോഹിയായ പടത്തലവൻ! നിങ്ങൾ സുഖമായി ഉറങ്ങിക്കൊള്ളൂ. (പോകുന്നു.)

അനന്തപത്മനാഭൻ:—ആരവിടെ?

(ഒരു ഭടൻ പ്രവേശിക്കുന്നു)

ഇവിടെ നിന്നുപോയ കുട്ടിയെ എന്റെ പല്ലക്കിൽ കയററി അവരുടെ ഗൃഹത്തിൽ കൊണ്ടുചെന്നാക്കിയിട്ടു വരാൻ പറയട്ടെ.

ഭടൻ.—ഉത്തരവ്. (പോകുന്നു)

അനന്തപത്മനാഭൻ:—(ആത്മഗതം) എന്റെ ജീവിതം അതിക്രൂരമായ ഒരു മഹാദുഃസ്വപ്നം ആയിരിക്കുമോ എട്ടുവീടരുടെ ശാപം ഒന്നുചേർന്ന് അവതരിച്ച ഒരു വിഗ്രഹമല്ലേ ഇവിടെ പ്രത്യക്ഷപ്പെട്ടത്. ഏയ്! വെറും സംശയങ്ങൾ. ഞാൻ വേണ്ടതു പ്രവർത്തിച്ചു. തൃപ്പാദസേവനമാണ് ഈശ്വരൻ എനിക്കു വിധിച്ചിട്ടുള്ളത്. അതിൽ ഞാൻ നിസ്സ്വാർത്ഥമായും നിഷ്കളങ്കമായും പ്രവർത്തിച്ച ആ സംതൃപ്തി മാത്രമേ എനിക്കാവശ്യമുള്ളൂ.

(പോയഭടൻ പ്രവേശിക്കുന്നു.)

ഭടൻ:—പല്ലക്കുമായി പുറകേ എത്തിയ ഞങ്ങളോട്. കോപവാക്കുകൾപറഞ്ഞു് ആ കുട്ടി നടന്നുകളഞ്ഞു്.

അനന്തപത്മനാഭൻ:—എന്തു പറഞ്ഞിട്ടുപോയി?

ഭടൻ:—(സംശയിച്ചു നില്ക്കുന്നു)

അനന്തപത്മനാഭൻ:—സംശയിക്കാതെ പറയെടാ.

ഭടൻ:—ഉത്തരവു്. അതിൽ നിങ്ങളുടെ അങ്ങുന്നിനെ കെട്ടിയെടുത്തു തിരുവിതാംകൂറിലേക്കു പോകിനെടാ എന്നാണു് ആ ഭ്രാന്തി പറഞ്ഞതു്.

അനന്തപത്മനാഭൻ:—ഭ്രാന്തല്ല; ഒരുപക്ഷെ വാസ്തവം തന്നെയായിരിക്കും. ആ ക്ഷത്രിയകന്യക അരുളിച്ചെയ്തതു്. ഈ തടിക്കും ഇതുപോലെയുള്ള തടികൾക്കും കെട്ടിയെടുപ്പു തന്നെയായിരിക്കാം അനുഭവം. (ക്ഷീണിച്ചു മെത്തമേൽ വീഴുന്നു.)

---

## ഇരുപത്തിമൂന്നാം രംഗം.

---

(പടത്തലവൻെറ പാളയത്തിനടുത്തുള്ള വഴി. അനന്തകൃഷ്ണൻതമ്പി ആയുധധാരിയായി പ്രവേശിക്കുന്നു.)

അനന്തകൃഷ്ണൻതമ്പി:— പടത്തലവനെ ചതിവിലെങ്കിലും കൊലപ്പെടുത്തണമെന്നാണു സീത ആജ്ഞാപിച്ചിരിക്കുന്നതു്. ഇതുവരെ ചെയ്തിട്ടില്ലാത്ത ഒരു പ്രവൃത്തിയാണതു്. ഈ യത്നത്തിൽ മൃതനോ ബന്ധനസ്ഥനോ ആകുമെന്നുള്ളതിനു് സംശയമില്ല. എന്നാൽ ദുശ്ശസ്സ് ഞാൻ എങ്ങിനെ താങ്ങുന്നു! (ഇരുവശത്തേയ്ക്കും നോക്കി) ആരോ വൃക്ഷഛായയിൽ മറയുന്നൊന്നു തോന്നുന്നു. ഇല്ല, അതു് എൻെറ വെറും സംശയമാണു്. സംശയമല്ല, വാസ്തവംതന്നെ. ആരം ഇങ്ങോട്ടു വരുന്നുണ്ടല്ലോ.

(ആബുബേക്കർ പ്രവേശിക്കുന്നു.)

ആബുബേക്കർ:— ആരതു്? അനന്തകൃഷ്ണൻതമ്പിയായിരിക്കും.

അനന്തകൃഷ്ണൻതമ്പി:— അതേ, അതു് വിശ്വസ്ഥമിത്രം ആബുബേക്കറോ! എവിടെ സ്നേഹിതാ ഈ അർദ്ധരാത്രിയിൽ?

ആബുബേക്കർ:— പ്രതികാരത്തിൽ മതിമറന്നു്.

അനന്തകൃഷ്ണൻതമ്പി:— നമ്മുടെ രണ്ടുപേരുടേയും യാത്ര ഒരേ ഉദ്ദേശത്തിലാണെന്നു തോന്നുന്നല്ലോ.

ആബുബേക്കർ:— അല്പം വ്യത്യാസം ഉണ്ടു്. എന്നേക്കാണമാൻ കൊതിച്ചു് ഈ പാതിരാത്രിയിൽ ഒരു തരുണീമണിയും അക്ഷമയാകുന്നില്ല.

അനന്തകൃഷ്ണൻതമ്പി:—(ആത്മഗതം) സീതയും ഞാനമായുള്ള വ്യവസ്ഥ ആബു എങ്ങിനെ അറിഞ്ഞിരിക്കും? (പ്രകാശം) അങ്ങിനെ ആവശ്യമില്ലാത്തവരെ അക്ഷമരാക്കുന്ന ഭാരം ആബു ചുമക്കുന്നില്ല. അതു തന്നെ മഹാഭാഗ്യം.

ആബുബേക്കർ:—താങ്കൾ മഹാഭാഗ്യവാൻ ആണെന്ന് ഞാൻ ഈ രാത്രി കണ്ടറിഞ്ഞു. സ്വർഗ്ഗീയസൌന്ദര്യത്തെ ഭൂതലത്തിൽ വിതറുന്ന ഒരു ദിവ്യകളേബരമല്ലേ താങ്കളോടു ചേൎന്നുനിന്നതു്?

അനന്തകൃഷ്ണൻതമ്പി:—ഞങ്ങളുടെ രഹസ്സല്ലാപം ആബു ഒളിച്ചുനിന്നുകേട്ടിട്ടുണ്ടെങ്കിൽ അതുതീരെ നന്നായില്ല.

ആബുബേക്കർ:—നിങ്ങൾ സംസാരിക്കുമ്പോൾ ഞാൻ അതുവഴി കടന്നുപോവുകയും ആ മധുരവാണി ഇരുട്ടിനിടയിൽ എന്നെ നോക്കുകയും ചെയ്തു.

അനന്തകൃഷ്ണൻതമ്പി:—ആ മഹിളാരത്നത്തെപ്പററിയുള്ള നിങ്ങളുടെ പ്രസ്താവന നിറുത്തണം. നിങ്ങൾക്കതിനവകാശമില്ല.

ആബുബേക്കർ:-(ആത്മഗതം)എടാ! അവിശ്വാസകീടമേ! ആ പൊൻപ്രഭചിന്നും സുലേഖഹൈററിയെപ്പററി സ്മരിക്കുവാൻപോലും എനിക്കവകാശമില്ലെന്നോ? നീയും അവളും തമ്മിൽ അരമനയിൽവെച്ചു അല്പനേരംമുമ്പു് നടത്തിയ സംഭാഷണം കേൾക്കുന്നതിനു പതുങ്ങിവന്ന എൻെറ പാദന്യാസം അവളുടെ ദിവ്യകൎണ്ണങ്ങൾ ഗ്രഹിച്ചതുകൊണ്ടു് ഞാൻ കടന്നതാണു്. ഇപ്പോൾ ഈ കാഫർ എന്നെ അവകാശക്കാരനല്ലാതെയുമാക്കിയോ?

അനന്തകൃഷ്ണൻതമ്പി:—ആബൂ! നമുക്കു പിരിയാം. എനിക്കു് അത്യാവശ്യമായ ഒരു കാര്യം ഈ രാത്രി മറയുന്നതിനുമുമ്പു ചെയ്തുതീൎക്കുവാനുണ്ടു്.

ആബൂബേക്കർ:—ആ ലളിതയുടെ ആജ്ഞയായിരിക്കും.

അനന്തകൃഷ്ണൻതമ്പി:—അവരെപ്പററിയുള്ള സംസാരം നിറുത്തുവാനല്ലേ അബദ്ധാ! ഞാൻ തന്നോടു പറഞ്ഞതു്.

ആബൂബേക്കർ.—(മുന്നോട്ടുചാഞ്ഞു തമ്പിയെ കുത്തുന്നു. തമ്പി പുറകോട്ടുമലച്ചു് മുറിവിൽ കൈ മുറുക്കുന്നു.) ദുഷ്ടാ! നിനക്കു മുറിവു മാത്രമല്ല പററിയതു്. നിന്റെ ദേഹമെങ്ങും വിഷം വ്യാപിച്ചിരിക്കുന്നു. സുലേഖാബീബി തന്റെ കാമുകന്റെ നിൎയ്യാണമാണു് നാളത്തെ സൂൎയ്യോദയത്തിൽ ആദ്യമായി ശ്രവിക്കുന്നതു്.

അനന്തകൃഷ്ണൻതമ്പി—ആബൂബേക്കർ—നീചാ! നീ എന്നെ വെറുതേ കൊന്നു. സീതേ! ഓമനേ! നിന്നെക്കാണുന്നതിനുമുമ്പു് ഞാൻ മരിക്കുമോ? സീതേ! (സീതാലക്ഷ്മി ആയുധവുമായി പ്രവേശിക്കുന്നു)

സീതാലക്ഷ്മി:—ആരാണെന്നേ വിളിച്ചതു്? അവിടുന്നു തന്നെയല്ലേ? എന്തുപററി?

അനന്തകൃഷ്ണൻതമ്പി:—സീതേ! ഈ ദുഷ്ടൻ ചതിയിൽ എന്നെ മുറിവേല്പിച്ചു.

സീതാലക്ഷ്മി:—(അനന്തകൃഷ്ണൻതമ്പിയുടെ അടുത്തുചെന്നു തഴുകിയിട്ടു്) ആരു്? ആരാണു?

അനന്തകൃഷ്ണൻതമ്പി:—സീതേ! എന്നെ താങ്ങിക്കൊള്ളൂ.

ആബുബേക്കർ:— ശരി! ദില്ലിപ്പാദുഷാവിൻെറ മട്ടിൽ പല വർഗ്ഗങ്ങളിൽനിന്നുമാണ് തമ്പിസ്സാഹേബ്ബ് വേശ്യകളെ വരിച്ചിരിക്കുന്നതു്.

അനന്തകൃഷ്ണൻതമ്പി:— എടാ, ഭീരു. നീ അവിടെനിന്നു പോകയില്ലേ?

ആബുബേക്കർ:— നീ ഇക്ഷണം തടിയായി താഴെ വീഴും അപ്പോൾ ഈ രത്നത്തേയുംകൊണ്ടു ഞാൻ പൊയ്ക്കൊള്ളാം. (സീതാലക്ഷ്മിയോടടുക്കുന്നു.)

സീതാലക്ഷ്മി:— (മുമ്പോട്ടുവന്ന് ആബുബേക്കറെ കുത്തി വീഴ്ത്തുന്നു) അങ്ങേക്കെന്തുപററി? (തമ്പിയെ താങ്ങുന്നു.)

അനന്തകൃഷ്ണൻതമ്പി:— സീതേ! മുഴുവൻ പറയുന്നതിനു ജീവൻ നില്ക്കുകയില്ല. എന്നോടു യാത്രപറയൂ. ദേഹം മുഴുവൻ വിഷംകയറുന്ന കുത്താണ് ഹൃദയത്തിൽ ഏററതു്. ആബുവാണു സീതേ! യാത്ര.

സീതാലക്ഷ്മി:— (തമ്പിയെ ചുംബിച്ചിട്ടു്) ഇങ്ങിനെയോ നമ്മുടെ അവസാനം! മരിക്കുന്നതിലും ക്രൂരതലായ കഷ്ടതയിൽ പടത്തലവനെ താഴ്ത്തിയിട്ടു ഞാൻ അങ്ങേകാണുവാൻ ഓടിവരുകയായിരുന്നല്ലോ. (തമ്പിയുടെ മുഖത്തുനോക്കി) അവിടുന്നെന്നെ വെടിഞ്ഞിരിക്കുന്നു. (ആയുധം ഉയർത്തി) പടത്തലവൻെറ നെഞ്ചിൽക്കയറുവാൻ ഭീരുത്വം കാണിച്ച ശുഭ്രമായ ആയുധമേ! നീ കുടമൺപിള്ളയുടെ അനന്തിരവളുടെ രക്തം യഥേഷ്ടം പാനംചെയ്തുകൊള്ളൂ. പൌരുഷം നശിച്ച തിരുവിതാംകൂറേ! നിൻെറ ഭാവിചരിത്രം ഇപ്പോൾ തിളച്ചുപൊങ്ങുന്ന കട്ടിച്ചോരയിൽ എഴുതു

മാറാകട്ടെ! കുലദ്രോഹിയായ പടത്തലവൻ! അങ്ങേ ബാധിച്ചിരിക്കുന്ന കഠിനമായ വ്യാമോഹം ഈ നിണക്കളത്തിൽ തെളിയുമാറാകട്ടെ! (തമ്പിയുടെ മൃത ശരീരം ഗാഢം പുണർന്നിട്ട്) പ്രാണനാഥാ! അവി ട്ടത്തെ സീത ഇതാ അനുഗമിക്കുന്നു. (ആയുധം നെഞ്ചിൽ താഴ്ത്തുന്നു)

---

# ഇരുപത്തിനാലാം രംഗം.

(അനന്തപത്മനാഭൻ പടത്തലവൻെറ പാളയം. പടത്തലവനും ഒരു സേനാനിയും പ്രവേശിക്കുന്നു.)

അനന്തപത്മനാഭൻ:—ഇന്നുച്ചയ്ക്കുതന്നെ നിങ്ങൾ യാത്ര പുറപ്പെട്ടുകൊള്ളണം. മാതുക്കുറുപ്പിൻെറ മകളേയും ആ വൃദ്ധൻ വാലിയക്കാരനേയും ഇടനാട്ടിൽ കൊണ്ടു ചെന്നാക്കിയിട്ടേ നിങ്ങൾ മറേറതെങ്കിലുംകാൎയ്യത്തിൽ പ്രവേശിക്കാവൂ.

സേനാനി:—മുഖംകാണിക്കുമ്പോൾ—

അനന്തപത്മനാഭൻ:—എനിക്കു മനസ്സുഖം ഇല്ലാഞ്ഞിട്ടു രണ്ടുമാസത്തേക്കു് ഒരു തീൎത്ഥയാത്രക്കുപോയിരിക്കുകയാണെന്നും കഴിയുന്നതും വേഗത്തിൽ തൃപ്പാദംകണ്ടു തൊഴുതുകൊള്ളാമെന്നും ഉണൎത്തിക്കൂ.

സേനാനി:—ആക്കോട്ടിൽനിന്നു പിടിച്ചടക്കിയ സാമാനങ്ങൾ—

അനന്തപത്മനാഭൻ:—അക്കഥ എന്നോടു പറയരുതെന്നു ഞാൻ എത്ര തവണ തന്നെ ശാസിച്ചു! ലോകം ജയിക്കുവാൻ വന്ന ഞാൻ ലോകത്തെ നേരിട്ടുനോക്കുവാൻ വഹിയാത്ത കൃമിയായിത്തീൎന്നിരിക്കുന്നു. എന്നാൽ തൃപ്പാദഭക്തി കൈവെടിഞ്ഞു നടക്കുന്നവരുടെ ഗതിയും അത്ഭുതാവഹംതന്നെ. ആ കുട്ടികൾ രണ്ടും, മ്ലേഛന്മാരുടെ വൻചതിക്കല്ലേ ഇരയായിത്തീൎന്നതു്! അന്നു കുടമണ്ണേ കുട്ടി ഇവിടെനിന്നിറങ്ങിപ്പോയപ്പോഴും കൊച്ചുതമ്പിയേക്കണ്ടു കാൎയ്യങ്ങൾ പറഞ്ഞൊതുക്കി സകലതും നേരിൽ വരുത്താമെന്നായിരുന്നു ഞാൻ ചിന്തിച്ചതു്. അതിനൊന്നും പത്മനാഭൻ സമ്മതിച്ചില്ല. ആ ഭീരുവായ ആബുബേക്കർ

പോരാളികളിൽ നട്ടുനായകമായ തമ്പിയെക്കൊന്നു. പോകട്ടെ. പോകട്ടെ. അക്കഥകൾ ഒക്കെ എന്തിനു വിസ്തരിക്കുന്നു!

സേനാനി:—അവിടുന്നു് ഈ സംഭവങ്ങളിൽനിന്നു് ഒരു വിശേഷകാര്യം കാണുന്നില്ലേ? തൃപ്പാദങ്ങളെ മറന്നു് അന്യശക്തികളോടു മൈത്രി അർത്ഥിച്ച മാതുക്കുറുപ്പു്, തമ്പി, കുടമണ്ണുകാർ ഇവരെല്ലാം അവരുടെ ബന്ധുക്കളാൽതന്നെ കൊല്ലപ്പെട്ടു. കുലശേഖരപ്പെരുമാളുടെ ദൈവികത്വത്തിനു് ഇതിൽക്കൂടുതൽ തെളിവു് ആവശ്യമില്ല.

അനന്തപത്മനാഭൻ:—സംശയമില്ലപിള്ളേ! നാം സേവിക്കുന്നതു സാക്ഷാൽ വൈഷ്ണവദ്യുതിയേത്തന്നെയാണു്. എന്നിരുന്നാലും ഈ കുട്ടികളുടെ മരണം മനസ്സിനെ വല്ലാതെ മർദ്ദിക്കുന്നു. മുസഫ്ഖാനും മററും ഇന്നു രാവിലേതന്നെ യാത്രയായിരിക്കുമല്ലോ.

സേനാനി:—എനിക്കു് ഒരുകാര്യംബോധിപ്പിക്കുവാനുണ്ടു്. ആക്കാട്ടുനഭാവിന്റെ മന്ത്രി അവിടുന്നുചെയ്ത മഹോപകാരത്തെ കണ്ണീർപൊഴിച്ചു താഴ്ത്തി. അനന്തകൃഷ്ണൻതമ്പിയുടെ മരണം മുസഫ്ഖാനെ വളരെ വ്യസനിപ്പിച്ചു.

അനന്തപത്മനാഭൻ:—കുടമൺ ഉമ്മയമ്മപ്പിള്ളകുഞ്ഞമ്മയേയും ഇരവിപ്പിള്ളയേയും ഒന്നുകണ്ടു് സാന്ത്വനവാക്കു പറയണമെന്നു് എനിക്കു് ആഗ്രഹം ഉണ്ടു്. പക്ഷേ ഞാൻ അവരോടു് ഏതോ മഹാപാപം പ്രവർത്തിച്ചു എന്നു വെറുതേ ഒരു അപരാധബോധം എന്നിൽ കയററി എന്നെ തീരെ ക്ഷീണിപ്പിച്ചിരിക്കുന്നു. മാതുക്കുറുപ്പിന്റെ മകൾ കണ്ണീരിൽനിന്നെഴുന്നേററല്ലോ.

സേനാനി:—ആ കുട്ടി വളരെ ധൈൎയ്യത്തോടെ പെരുമാറുന്നുണ്ടു്. തമ്പിയുടെ മരണം ഭ്രാന്തുപിടിപ്പിച്ചിരിക്കുന്നതു് ആ കിഴവൻ ആതിച്ചപ്പിള്ളയേയാണു്.

അനന്തപത്മനാഭൻ:—അതേ. ആ പാവത്തിനു വേണ്ടതു കൊടുക്കുവാൻ ഞാൻ രാമയ്യനു കുറി എഴുതുന്നുണ്ടു്. എന്നാൽ നിങ്ങൾ യാത്ര ഒരുങ്ങിക്കൊള്ളു. പത്മനാഭൻ പൊന്നുതിരുമേനിക്കു ദീൎഘായുസ്സും നേട്ടം വിജയവും നൽകുമാറാകട്ടെ! കുലശേഖരപ്പെരുമാക്കന്മാരുടെ രക്ഷയിൽ നമ്മുടെരാജ്യം സ്വൎഗ്ഗമായി നീണാൾ വിജയിക്കുമാറാകട്ടെ! (കൈകൂപ്പുന്നു.)

ശുഭം.

61927
032:2N02;2
60
UNIVERSITY LIBRARY
20 SEP 1950
MADRAS

# ഹോട്ടൽക്കാരി

സഹൃദയ ഹൃദയാഹ്ലാദമായ

ഒരു ഗദ്യനാടകം

By

ഡാക്ടർ, പി. എസ്സ്. നായർ.

വില രൂപാ ൧ മാത്രം.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# അഗസ്ത്യ വൈദ്യചന്ദ്രിക

(നീററുപ്രയോഗങ്ങളടങ്ങിയതു്)

വില രൂ. ൧ ണ. ൮

മാനേജർ.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.